# നോവലിന്റെ
# നവവീഥികൾ

(Malayalam)

**NOVALINTE NAVAVEEDHIKAL**

Dr. Bennichen Scaria
Alan George

**First Published**
December 2022

**Cover Design**
Divya Mathew
**Type setting**
Divya Mathew
Price : Rs.150/-
No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher

ISBN: 978-81-956498-08 (Print)
ISBN: (E Book)

**Publishers**
For Pavanatma College

ABPL Publications
www.abplpublications.co.in.

# നോവലിന്റെ നവവീഥികൾ

ഡോ. ബെന്നിച്ചൻ സ്കറിയ

പാവനാത്മാ കോളേജിനു വേണ്ടി
എ.ബി.പി.എൽ. പബ്ലിക്കേഷൻസ്
വില: 150/-

# മുഖവുര

കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് നീങ്ങുന്ന ജീവിതം പോലെ ആവിഷ്ക്കാരത്തിന്റെ പുതിയ നയങ്ങൾ തേടുകയാണ് നവീന നോവലുകൾ. ലോകത്തിന്റെ സജീവമായി കൊണ്ടിരിക്കുന്ന പുതിയ സാസ്കാരിക വ്യവസ്ഥയോടൊപ്പം മനുഷ്യൻ സഞ്ചരിക്കുമ്പോൾ അവനിലെ ജീവിതാനുഭവങ്ങൾ, ചിന്തകൾ എന്നിവയിലൂടെ നവീന ഭാവുകങ്ങൾ ഉണ്ടാകുന്നു.

അത്തരത്തിൽ മാറ്റങ്ങൾ ഉൾക്കൊണ്ട നവീന നോവലിനെ പരിചയപ്പെടുത്തുകയാണ് നോവലിന്റെ നവവീഥികൾ എന്ന പുസ്തകത്തിൽ. മുരിക്കാശ്ശേരി പാവനാത്മ കോളേജ് മലയാള വിഭാഗം 2022 ജനുവരിയിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണിത്.

*എഡിറ്റർമാർ*

**ഡോ. ബെന്നിച്ചൻ സ്കറിയ**

**അലൻ ജോർജ്ജ്**

# ഉള്ളടക്കം


1 പുതുനോവൽ-പുതുവഴികൾ

*എ.പി.അശ്വിനി* 6

2. നോവൽ-പ്രാദേശികമാകുന്ന ഭൂപടങ്ങൾ

*ഡോ.നിഖിലേഷ് മേനോൻ* 8

3. ചരിത്രം ഒരു പുനർചിന്തനം മുകിലൻ എന്ന നോവലിനെ അടിസ്ഥാനമാക്കിയൊരു പഠനം.

*വിജിത കെ.എൻ.* *10*

4. വർത്തമാനകാല യാഥാർത്ഥ്യങ്ങളും പ്രതിരോധങ്ങളും 'കണ്ടുകണ്ടിരിക്കെ'യിൽ

*വിഷ്ണു പി.എ.* 17

5. നവോത്ഥാന സങ്കല്പം എരി എന്ന നോവലിൽ

*ഡോ.ബെന്നിച്ചൻ സ്കറിയ* *24*

6. കപ്പിത്താന്റെ ഭാര്യ -പ്രണയവും പ്രതീക്ഷയും ഒത്തുചേർന്ന ഉത്തരകാലത്തിന്റെ വായനാനുഭവം

*സിബിൾ സണ്ണി* *30*

7. ഉത്തരാധുനിക നോവൽ ആഖ്യാനത്തിലെ ബഹുസ്വരതകൾ തിരഞ്ഞെടുത്ത നോവലുകളെ മുൻനിർത്തിയുള്ള പഠനം

*ജോസഫ് വി.തോമസ്* *39*

9. ഫിക്ഷന്റെ അപസർപ്പകലീലകൾ : കുറ്റാന്വേഷണ നോവലുകളുടെ രീതിശാസ്ത്രത്തെക്കുറിച്ചൊരു അന്വേഷണം

*വിഷ്ണുകൃഷ്ണൻ ആർ.* *53*

10. പ്രതിനിധാനവും പ്രതിരോധവും ദലിത് ആഖ്യാനങ്ങളിൽ

അൽഫോൻസാ ഫ്രാൻസീസ് 59

# പുതുനോവൽ - പുതുവഴികൾ

എ.പി.അശ്വിനി

**എ**ല്ലാ കാലത്തിലും നോവലുകൾ മാറിക്കൊണ്ടിരിക്കുന്നു. കെ.പി.അപ്പന്റെ ഒരു പുസ്തകം തന്നെ 'മാറുന്ന മലയാള നോവൽ' എന്ന തലക്കെട്ടിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതര സാഹിത്യ കൃതികളിൽ നിന്ന് മലയാള നോവലിനെ വേറിട്ട് നിർത്തുന്നത് അതിന്റെ ജനപ്രിയതയാണ്. മറ്റേത് കൃതികൾക്കും ചില പ്രത്യേക കാലയളവിൽ ഇടിവ് സംഭവിക്കുന്നുണ്ട്. എന്നാൽ നോവലിന് അത് സംഭവിക്കുന്നില്ല. വായിക്കപ്പെടുന്നതിലൂടെയാണ് നോവലിന്റെ സഞ്ചാരം നടക്കുന്നത്.

ഉത്തരാധുനികത നോവലിന് സവിശേഷമായ ഒരിടം നേടി കൊടുത്തു കഴിഞ്ഞു. ചരിത്ര പരതയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന നോവലാണ് ഉത്തരാധുനികത നൽകുന്ന മറ്റൊരു സവിശേഷത. ഷാജി ജേക്കബ്, പി.കെ. രാജശേഖരൻ തുടങ്ങിയവർ നോവലിൽ ഉത്തരാധുനികതയെക്കുറിച്ച് സൂക്ഷ്മവും വേറിട്ടതുമായ ഒരന്വേഷണം നടത്തിയവരാണ്.

പൊതുവായ ഒരവസ്ഥയിൽ രാഷ്ട്രീയമായ കാഴ്ചപ്പാടുകളിലേക്കും നോവൽ മാറുന്നു. സമാനതകളേക്കാൾ വൈരുദ്ധ്യങ്ങളുള്ള നോവലുകളാണ് ഉത്തരാധുനികതയിൽ ഉള്ളത്. ചരിത്രത്തെ ജനപ്രിയവത്കരിക്കുന്നതിനും ഉത്തരാധുനിക നോവലുകൾ വഹിച്ച പങ്ക് വളരെ വലുതാണ്.

മനു എസ്.പിള്ള ഇത്തരത്തിൽ ശ്രദ്ധേയനായ ഒരാളാണ്. കഥയെ ചരിത്രമാക്കി അതിനുള്ളിൽ പല വസ്തുക്കളെ അവതരിപ്പിക്കുകയാണ് നോവൽ ചെയ്യുന്നത്. അവിടെ ഒരു പക്ഷേ ഓർമ പോലും ചരിത്രമായി

മാറുന്നു. വായനയുടെ ഒരു ലോകം തന്നെ മാറി. വായനയുടെ ഇടവും മാറി. പുസ്തക രൂപേണയുള്ള വായനയോടൊപ്പം ഇ -വായനയും തുടങ്ങി. ഗ്രാഫിക് നോവലുകളും സൈബർ നോവലുകളും പുതിയൊരു വഴിത്തിരിവായി മാറിയിട്ടുണ്ട്. വായനക്കാരെ മാത്രം ലക്ഷ്യം വച്ചുകൊണ്ടാണ് പുതിയ എഴുത്തുകൾ അവ അപ്ഡേറ്റഡ് ആയിക്കൊണ്ടിരുന്നു. അഖിൽ പി. ധർമജൻ, വി.കെ. ശ്രീദേവി തുടങ്ങിയവർ ഉത്തരാധുനിക എഴുത്തുകാരിൽ ഇത്തരത്തിൽ ശ്രദ്ധ നേടിയവരാണ്.

കാലഘട്ടത്തിന്റെ മാറ്റമനുസരിച്ച് നോവൽ വിഷയങ്ങൾക്കും മാറ്റം ഉണ്ടാകാറുണ്ട്. ഉത്തരാധുനിക കാലഘട്ടത്തിലും മലയാള നോവൽ മാറിയിരിക്കുന്നു. എന്നാൽ ഉത്തരാധുനികതയുടെ ചട്ടക്കൂട്ടിൽ നിൽക്കാതെ ഒരു പ്രസ്ഥാനത്തേയും കൂട്ടുപിടിക്കാതെ നോവൽ തന്റെ വർത്തമാനകാലത്തിലെ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നോവലുകൾ രൂപം കൊള്ളുന്നു. ഈ കാലഘട്ടത്തിലെ നോവലുകളിൽ ചരിത്രസംഭവങ്ങൾ കടന്നുവരുന്നതായി കാണാം. ഇത്തരം നോവലുകൾ വായനക്കാർ ഏറ്റെടുക്കുകയും ചെയ്യുന്നു.  എന്നാൽ മിത്ത്, ചരിത്രം ഈ ചിന്താധാരകൾ ഉത്തരാധുനികതയ്ക്കും ആദ്യകാലഘട്ടങ്ങളിൽ വിഷയമായിട്ടുള്ളതാണ്. എന്നാൽ ഈ കാലഘട്ടത്തിന്റെ പുതുമയെ അടിസ്ഥാനപ്പെടുത്തിയാണ് നോവൽ  രൂപം കൊള്ളുന്നത്.

പുതിയ കാലത്തെ നോവൽ രചനകളിൽ രാഷ്ട്രീയപരമായ ഒരു ചിന്ത കാണാം. നോവലിൽ ചരിത്ര വിഷയങ്ങൾ സ്ഥാനം പിടിക്കുമ്പോൾ ചരിത്രം സംസ്കാര പഠനത്തിന്റെ ഭാഗമായി മാറുകയാണ്. നോവലിന്റെ മാറ്റങ്ങൾ വായനക്കാരും ശ്രദ്ധിച്ചതോടെ വായനക്കാർ തങ്ങളുടെ കാഴ്ചപ്പാടുകൾക്കും ചിന്തകൾക്കും നൂതനമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ശ്രമിച്ചു. മറ്റു ഭാഷകളിലെ വിവർത്തന നോവലുകൾ വായിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടെ വായനക്കാരിൽ പുതിയ മാറ്റങ്ങൾ വന്നു തുടങ്ങി. നവമാധ്യമങ്ങളും നോവൽ അന്തരീക്ഷത്തെ മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. അതുവഴി നോവൽ വായനക്കാരുടെ എണ്ണവും കൂടി വന്നു.

# നോവൽ –പ്രാദേശികമാകുന്ന ഭൂപടങ്ങൾ

ഡോ. നിഖിലേഷ് മേനോൻ

**പു**തുനോവൽ - പുതുവഴികൾ എന്ന വിഷയം വളരെ കാലിക പ്രസക്തി യുള്ള വിഷയമാണ്. ഇന്ന് വായന നല്ല രീതിയിൽ യുവാക്കൾക്കിടയിൽ വളർന്നുവരുന്നു. സാധാരണ ജനങ്ങളിൽ വായന വളർന്നുവരുകയും പുതിയ എഴുത്തുകാർ നോവൽ മേഖലകളിലേക്ക് വരുകയും ചെയ്തു. നോവലിന്റെ വിഷയങ്ങൾ തന്നെ പുതുമ നിറഞ്ഞവയായി. പോപ്പുലർ ഫിക്ഷൻ ഗണത്തിൽ പെടുന്ന എന്റെ നോവലിൽ ക്രിപ്റ്റോ കറൻസിയെക്കു റിച്ചാണ് പറഞ്ഞു പോകുന്നത്. ആധുനിക സംഭവങ്ങൾ നോവലിന് പ്രമേയ മാകുമ്പോൾ വായനക്കാർ കൂടുതൽ നോവൽ വായനയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പുതിയ എഴുത്തുകാർ എഴുതുവാൻ തുടങ്ങുമ്പോൾ എന്താണ് ഇതിൽ പുതുമയായിട്ടുള്ളത് എന്ന് കണ്ടെത്തി നൂതന ചിന്തകൾക്ക് തുടക്കം കുറിക്കുന്നു.

മലയാള സാഹിത്യത്തിൽ പ്രസിദ്ധീകരണ മേഖലയിൽ മുഖ്യധാര എഴു ത്തുകാരെ മാറ്റിനിർത്തുന്ന പ്രവണതയുണ്ടായിരുന്നു. എന്നാൽ ഇന്ന് പുതിയ എഴുത്തുകാരെ സ്വീകരിക്കുന്ന പ്രസിദ്ധീകരണ മേഖല ഇന്ന് പുതിയ എഴുത്തുകാരുടെ ഉദയത്തിനു കാരണമായി. പല ഓൺലൈൻ പോർട്ടൽ വഴി സാഹിത്യകൃതികൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നു. എല്ലാ വിഭാഗ ത്തിൽപ്പെടുന്ന വായനക്കാരും ഏതു വിഷയത്തെയും സ്വീകരിക്കുന്ന പ്രവ ണത ഇന്ന് ഏറിവരുന്നു. പത്ത്കൊല്ലം മുമ്പ് പാശ്ചാത്യനോവൽ രചന കൾക്ക് വിഷയമായ പ്രമേയങ്ങൾ അക്കാലത്ത് മലയാള സാഹിത്യത്തിൽ

ഇല്ലായിരുന്നു. പാശ്ചാത്യരുടെ നോവൽ വിഷയങ്ങൾ മലയാളിക്ക് ആവശ്യമില്ല എന്ന മുൻ ധാരണയായിരുന്നു മലയാളിക്ക് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് അങ്ങനെയല്ല. പാശ്ചാത്യ നോവൽ വിഷയങ്ങൾ മലയാള നോവൽ സാഹിത്യത്തിൽ ഇന്ന് രൂപപ്പെടുന്നു. സൂസന്നയുടെ ഗ്രന്ഥപ്പുര എന്ന നോവൽ ഇതിന് ഉദാഹരണമാണ്.

2005 -ൽ നാനോടെക്നോളജിയെപറ്റി പറയുന്ന 'ഐസ്' എന്ന നോവൽ ഇറങ്ങിയ സമയത്ത് അത്ര ശ്രദ്ധിക്കപ്പെട്ടില്ല. എന്നാലിന്ന് ഈ നോവൽ വളരെ ശ്രദ്ധ നേടിയിരിക്കുന്നു. പുതിയ വായനക്കാരെ ലഭിച്ചു. മോഹന വർമ്മ മഹേഷിന്റെ പുസ്തകങ്ങൾ ഓഹരി വിപണിയെപറ്റിയും ക്രിക്കറ്റിനെയും പരാമർശിക്കുന്നു. അങ്ങനെ ഈ കാലഘട്ടത്തിൽ നോവൽ ശ്രദ്ധ നേടുന്നു.

ഭാഷ, വായന, അഭിരുചി എന്നീ തലങ്ങളിൽ വന്ന മാറ്റമാണ് ഇന്ന് ഈ നോവലുകൾ ശ്രദ്ധിക്കപ്പെടാനുള്ള കാരണമായത്. ഇന്ന് നോവൽ രചനകൾ വായനക്കാരിലെത്താൻ പലതരത്തിലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളുണ്ട്. ലൈബ്രറി മേള നടക്കുമ്പോൾ മാത്രം പുസ്തകം വിറ്റുപോകുന്ന പ്രവണത മാറി ഓൺലൈൻ സെൽ വന്നതും വായനകളും ചർച്ചകളും എഴുത്തുകാരുമായുള്ള സംഭാഷണങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടക്കുമ്പോൾ ഭാഷയിലും സാഹിത്യത്തിലും അതിന്റെ മാറ്റങ്ങൾ പ്രതിഫലിച്ചു കാണുന്നു.

പുതിയ എഴുത്തുകാരെ തേടി മുഖ്യധാരാ പ്രസാദകർ വരുന്നതും പുതിയ വായനക്കാർ വന്നതും മൂലമാണ്. അതുകൊണ്ട് എഴുത്തുകാരനും വായനക്കാരനും കാലത്തിനൊപ്പം മാറിവരുന്നു. കൂടുതൽ വായനക്കാർ പുതിയ പുതിയ നോവലുകൾ വായിക്കാനും, കുറിപ്പുകൾ എഴുതുവാനും കഴിയട്ടെ. എഴുത്തിലേക്ക് പുതിയ ചിന്തകളോടെ യുവ എഴുത്തുകാർ കടന്നുവരട്ടെ അങ്ങനെ നോവൽ പുതിയ വഴികളിലൂടെയും പുതിയ ചിന്തകളിലൂടെയും സഞ്ചരിക്കട്ടെ.

# ചരിത്രം ഒരു പുനർചിന്തനം മുകിലൻ എന്ന നോവലിനെ അടിസ്ഥാനമാക്കിയൊരു പഠനം.

വിജിത കെ.എം.

ഗദ്യസാഹിത്യ വിഭാഗമാണ് നോവൽ. മനുഷ്യ പ്രപഞ്ചത്തിലെ ജൈവീക അജൈവീകമായ എല്ലാ വസ്തുക്കളെയും മൂർത്തമായി അവതരിപ്പിക്കാൻ ഈ സാഹിത്യശാഖയ്ക്ക് കഴിയുന്നു.പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇതു വരെ പ്രസിദ്ധീകരിച്ചിട്ടുള്ള വിശ്വസാഹിത്യ കൃതികളിൽ ജനഹൃദയങ്ങളിൽ മായാതെ നിൽക്കുകയും അവരെ പ്രചോദിപ്പിക്കുകയും സംവേദനക്ഷമത വികസിപ്പിക്കുകയും ചെയ്തിട്ടുള്ളത് പ്രധാനമായും നോവലുകളാണ്.

മനുഷ്യ ജീവിതം സൂക്ഷമമായും സമഗ്രമായും ആവിഷ്കരിക്കാൻ ഈ സാഹിത്യ രൂപത്തിന് കഴിഞ്ഞിട്ടുണ്ട്. മാനസികവും വൈകാരികവുമായ അവസ്ഥാരന്തങ്ങളെ കൂടുതലായും എടുത്തുക്കാണിക്കുന്നത് നോവലു കളിലാണ്; അതിന്റെ അടിസ്ഥാനത്തിൽ ആണ് ചരിത്രനോവൽ, പരിസ്ഥി തിനോവൽ, രാഷ്ട്രീയ നോവൽ,സാമൂഹികനോവൽ എന്നിങ്ങനെയുള്ള ശാഖകൾ ഉണ്ടായി തുടങ്ങിയത്. ചരിത്ര നോവലുകളിൽ ചരിത്രം സ്പഷ്ട മായിരിക്കുക എന്നത് മുഖ്യ ഘടകമാണ്. എന്നാൽ ചരിത്രത്തെ തുറന്നെ ഴുതാതെ സർഗാത്മകശൈലിയിൽ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ മാത്രമാണ് ചരിത്ര നോവലുകൾ വിജയമാവും. സാങ്കൽപ്പിക ഘടകങ്ങ ളുമായി യഥാർഥ പ്രതീകങ്ങൾ ഉപയോഗിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ ചരിത്ര നോവൽ എന്ന സാഹിത്യ വിഭാഗം പിറവി എടുക്കു ന്നത്. യഥാർത്ഥമായ ജീവിതം, അനുഭവം,ചരിത്രം എന്നിവയിലേക്ക് മനു ഷ്യന്റെ സർഗാത്മകമായ സാങ്കൽപ്പിക ഘടകങ്ങളെ യുക്തിപൂർവ്വം ചരിത്ര ത്തിലേക്ക് ഇടകലർത്തുക എന്നതാണ് ഇതിന്റെ ധർമ്മം. ഇവിടെ നടക്കുന്ന

ശുദ്ധമായ ചരിത്രത്തിന്റെ ചരിത്രമല്ല, ശുദ്ധമായ വിവരണമോ നോവലോ അല്ല,മറിച്ച് ചരിത്രവും ഫിക്ഷനും തമ്മിലുള്ള ഇടവേളയാണ്. യുക്തിയും ബുദ്ധിയും ഒരുപോലെ പ്രവർത്തിക്കണം എന്നാൽ മാത്രമേ സാങ്കല്പിക ഘടകങ്ങൾ യഥാർഥ സംഭവങ്ങളുടെ കാതലിനെ മറികടക്കാൻ മറികട ക്കാതിരിക്കൂ. ചരിത്രനോവലുകൾ മലയാളികൾക്ക് പരിചയപ്പെടുത്തി യത് സി.വി.രാമൻപിള്ളയാണ് അദേഹത്തിന്റെ ധർമ്മരാജ, മാർത്താണ്ഡ വർമ, രാമരാജബഹദൂർ എന്നീ നോവലുകളിലൂടെ ഇതിനുശേഷം നിര വധി ചരിത്ര നോവലുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി അപ്പൻതമ്പുരാൻ ഭൂതരായർ, കെ.എം പണിക്കർ കേരളസിംഹം പുണർകോട്ടുസ്വരൂപം, പറങ്കി പടയാളി, ധൂമകേതുവിന്റെ ഉദയം, കല്യാണമ്മൽ, ഝാൻസിറാണിയുടെ ആത്മകഥ, കുറുപ്പുവീട്ടിൽ ഗോപാലപിള്ള ദളവ, ടി.രാമൻനമ്പീശൻ കേരളേശ്വരൻ എന്നിവയെല്ലാം ചരിത്ര നോവൽ എന്ന സ്ഥാനം കൈയടക്കി.

ആധുനിക നോവൽ എഴുത്തുകാരിൽ ചരിത്രം പ്രമേയമായിവരുന്നത് പോയ കാലങ്ങളെ അപേക്ഷിച്ച് വിരളമാണ്. ചരിത്രത്തെ പുനർവിചി ന്തനത്തിനു വിധേയമാക്കുക എന്നത് എല്ലായ്പ്പോഴും സാധ്യമല്ല എന്ന ധാര ണയാണ് ഇതിനു കാരണം. കാലങ്ങൾ കടന്നു പോകുന്തോറും ചരിത്രത്തെ പുതിയ ഭാവനയ്ക്കും ചിന്താപദ്ധതിക്കും അടിസ്ഥാനമാക്കി എഴുതുക എന്നത് പ്രശംസനീയമായ കാര്യമാണ് അത്തരത്തിൽ ചരിത്ര സ്മൃതികളെ പുനർനിർമ്മിതി വിധേയമാക്കിയ നോവലാണ് 2021 ൽ ദീപു.വി.കുറിപ്പ് പുറ ത്തിറക്കിയ മുകിലൻ. എഴുതപ്പെടാത്ത ചരിത്രങ്ങളെ കണ്ടെത്താനും ആവി ഷ്ക്കരിക്കാനുള്ള ത്വര വെളിപ്പെടുത്തുന്ന സൂക്ഷ്മ ചരിത്ര ബോധമാണ് ഉത്തരാധുനിക നോവലുകൾ പ്രകടിപ്പിക്കുന്നത്.

(2) ചരിത്രത്തെ വ്യത്യസ്തമായ വീക്ഷണകോണിൽ നിന്നുകൊണ്ട് വ്യാഖ്യാനിക്കാൻ ആണ് ഉത്തരാധുനിക എഴുത്തുകാർ ശ്രമിക്കുന്നത്. അത്തരത്തിലുള്ള ഒരു ശ്രമമാണ് ഈ നോവലിൽ പ്രകടമാകുന്നത്. കേരള ചരിത്രത്തിൽ അധികമൊന്നും രേഖപ്പെടുത്താതെപോയ മുഗൾ ഭരണ

സാമ്രാജ്യത്തിന്റെ ചരിത്രത്തിന്റെയും മിത്തുകളുടെയും കെട്ടുകഥകളുടെയും ആശയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ചരിത്രത്ത പുനർവായനയ്ക്ക് ഒരുക്കുകയാണ് ഈ നോവൽ. ആരുവാമൊഴിചുരം കടന്നെത്തിയ മുകുലപട വേണാടു പിടിച്ചടക്കിയ ചരിത്രം ചരിത്രകൃതികളിലോ മറ്റു ലിഖിത വ്യവസ്ഥകളിലോ അധികമൊന്നും പറയപ്പെട്ടിട്ടില്ല. ഡൽഹി മുതൽ കന്യാകുമാരി വരെ നടത്തിയ പടയോട്ടത്തിനൊടുവിൽ ആറുസ്റ്റേറ്റുകളെ കീഴടക്കി നേടിയ വമ്പിച്ച സ്വത്തുക്കൾ വേണാട്ടിൽനിന്നു അവർക്ക് തിരിച്ചു കൊണ്ടു പോകാനായില്ല. ഈ നിധി ശേഖരണത്തെപ്പറ്റി ഇന്നും ചരിത്രാന്വേഷികൾക്കിടയിലും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ നീധിശേഖരണവും അതുമായി ബന്ധപ്പെട്ട കേരളചരിത്രത്തെയുപ്പറ്റി പറയുന്ന ഒരു ചരിത്ര നോവലാണ് മുകിലൻ. കുറഞ്ഞൊരു കാലയളവിൽ ഉണ്ടായ വലിയ സംഭവപരമ്പരയുടെ ചുരുളഴിക്കുന്ന ചരിത്ര നോവലാണിത്.

സിദ്ധാർത്ഥൻ എന്ന യുവാവിലൂടെയാണ് നോവൽ മുഴുനീളം സഞ്ചരിക്കുന്നത്. തന്റെ കുട്ടിക്കാലത്തും മറ്റും നാട്ടിൽ കേട്ടും കണ്ടും അറിഞ്ഞ മുകിലപടയുടെ ചരിത്രം തന്റെ ഉള്ളിലെ ചരിത്രഗവേഷകനെ ഉണർത്തുകയും തന്റെ വളർച്ച പോലെ മുകിലപടയുടെ ചരിത്രത്തെകുറിച്ച് അറിയാനുള്ള ആഗ്രഹം വളരുകയും ചെയ്തു. ചരിത്രരേഖകളിൽ ഇല്ലാത്ത മുകിലന്റെ ഭരണകാലഘട്ടത്തെ കെട്ടുകഥകളിലൂടെയും മിത്തുകളിലൂടെയും അന്വേഷിച്ച് സിദ്ധാർത്ഥൻ എന്ന ചരിത്ര ഗവേഷക വിദ്യാർത്ഥി തന്റെ യാത്ര തുടങ്ങി. ഒരു ചരിത്രഗവേഷണ വിദ്യാർത്ഥി നേരിടേണ്ടി വരുന്ന എല്ലാ അന്തസംഘർഷങ്ങളും സിദ്ധാർത്ഥനും അനുഭവിക്കുന്നു.മാനസികമായും ശാരീരികമായും തന്റെ ശരീരം തന്റെയുള്ളിലെ ചരിത്ര അന്വേഷിയുമായി കലഹിക്കുന്നുണ്ടെങ്കിലും അതിയായ ആഗ്രഹം അദ്ദേഹത്തെ മുന്നോട്ടു കൊണ്ടുപോകുന്നു. സിദ്ധാർത്ഥനും അവന്റെ നാട്ടുകാരും പറയുന്ന കഥകൾക്കപ്പുറം ചരിത്ര കഥാപാത്രങ്ങളുടെ പിൻബലത്തോടെയാണ് പലപ്പോഴും മുകിലൻ കടന്നുപോകുന്നത്. ചരിത്രത്തിൽ ഇവർ ഇടംപിടിക്കാൻ

കാരണം ഉമയമ്മറാണിയുടെ ഭരണകാലത്താണ് മുകിലൻ ആരുവാമൊഴിചുരം താണ്ടി തിരുവിതാംകൂറിൽ എത്തുന്നത്. കടന്നുപോകുന്ന സ്ഥലങ്ങളിൽ എല്ലാം കൊള്ളയും കൊള്ളിവെയ്പ്പും നടത്തി.. പല ക്ഷേത്രങ്ങളും വ്യാപാരകമ്പോളങ്ങളും ആക്രമിച്ചു. ഇതിനെത്തുടർന്ന് ഉമയമ്മറാണി നെടുമങ്ങാടേക്ക് പാലായനം നടത്തുകയുണ്ടായി. ഈ അവസരത്തിലാണ് മുകൾ സാദത് ഖാൻ തിരുവിതാംകൂർ ഭരിക്കുന്നത്. കേരളവർമ്മ, പുലിമാർത്താണ്ഡവർമ്മ, ഉമയമ്മറാണി തുടങ്ങി മുഗൾ ഭരണ കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന രാജാന്മാരെയും അവരുടെ ഭരണരീതികളും നയങ്ങളുമെല്ലാം ഈ നോവലിലൂടെ പറഞ്ഞു പോകുന്നുണ്ട്.

ശക്തനായ ഒരു ഭരണാധികാരിയായിട്ടാണ് മുഗൾ സാദത് ഖാനെ നോവലിലുടനീളം വരച്ചിടുന്നത്. ചരിത്രത്തിൽ മുകിലപ്പട സ്വാധീനം ചെലുത്താൻ കാരണം. മുഗൾ സാദത് ഖാന്റെ ഭരണത്തിന് മുൻപ് ഉമയമ്മറാണി നടത്തിയിരുന്നത് ഏകീകൃത ഭരണമല്ലായിരുന്നു. ഈ ഭരണ വ്യവസ്ഥക്ക് അടുക്കും ചിട്ടയു വരുത്തിയത് മുഗൾ സാദത് ഖാൻ ആണെന്നും പറയപ്പെടുന്നു. ഇതിനുടെ കാരണം തിരുവിതാംകൂറിൽ നിലനിന്നിരുന്ന വിചിത്രഭരണരീതികളായിരുന്നു.എട്ടരയോഗം എന്നാണ് ഇത് അറിയപ്പെടുന്നത്. അതായത് എട്ട് അധികാരം ബ്രാഹ്മണർക്കും പകുതി അധികാരം രാജാവിനും എന്ന രീതിയിലായിരുന്നു. ഇത് അക്കാലത്ത് നിലനിന്നിരുന്ന ബ്രാഹ്മണാധിപത്യത്തെയാണ് സൂചിപ്പിക്കുന്നത്. മുലക്കരം, മീശക്കരം, ചാവുകാണിക്ക തുടങ്ങിയ നികുതി സമ്പ്രദായങ്ങൾ തിരുവിതാംകൂറിൽ നിലനിന്നിരുന്നു. ഇത് കൂടുതലായും ബാധിച്ചത് സാധാരണ ജനങ്ങളെയായിരുന്നു.മുകിലന്റെ വരവോടു കൂടി ഇത്തരത്തിലുള്ള സാമൂഹിക വ്യവസ്ഥിതികൾക്ക് മാറ്റം വന്ന് തുടങ്ങി പുരോഗമനാത്മകമായ സങ്കല്പങ്ങളായിരുന്നു മുകിലന്റെ ഭരണത്തിനടിസ്ഥാനം. മണക്കാട് തങ്ങൾ മുകിലനിൽ ചെലുത്തിയ സ്വാധീനത്തെപ്പറ്റിയും നോവലിൽ പറയുന്നുണ്ട്.

പഞ്ചവൻകാടും നിധികുംഭവും,തിരുമൂലക്ഷേത്രത്തിലെ മുകിലാക്രമണ

വുമെല്ലാം നമ്മെ കൊണ്ടെത്തിക്കുന്നത് ശ്രീ പത്മനാഭസ്വാമിക്ഷേത്ര ത്തിലെ നിധിശേഖരണത്തിലേക്കാണ്. ക്ഷേത്രത്തിലെ ബി നിലവറക്കു ള്ളിൽ നിന്നും ലഭിച്ച മൂല്യമേറിയ വസ്തുവകകൾ മുകിലപട കീഴടക്കിയ ക്ഷേത്രങ്ങളുടേതാണെന്ന എഴുതപ്പെടാത്ത ചരിത്രത്തിന്റെ തെളിവുകൾ നോവലിൽ കാണാം.സിദ്ധാർത്ഥൻ നിധി അന്വോഷിച്ച് നടന്ന് തന്റെ സ്വബോധം പോയി താൻ അന്വേഷിക്കുന്ന നിധിയിലേക്കുള്ള യാത്രക്കാരായ മുകിലനും ഖുറൈഷിയും കേരളവർമ്മയും മാർത്താണ്ഡവർമ്മയുമൊക്കെ മനസിലൂടെ സംവേദനം നടത്തുന്നതായികാണാം.

മുകിലന്റെ സേവകനായിരുന്നു ആസാദ് അലി മുകിലനിധിയുടെ രഹസ്യ ക്കാരൻ അദ്ദേഹത്തിൽ നിന്നും നിധിയുടെ വിവരണങ്ങൾ ചോർത്തിയെ ടുത്തു.ഇദ്ദേഹത്തിന് ചിത്രവധത്തിനു വിധേയമാക്കി. തിരുവട്ടാർ യുദ്ധ ത്തിൽ കടുന്നലുകളുടെ കുത്തേറ്റ് ആസാദ് അലിയെ കേരളവർമ്മയും ഉമ യമ്മറാണിയും ബന്ധസ്ഥനാക്കുന്നത്. ഇങ്ങനെ ഒന്നിൽ നിന്ന് മറ്റൊ ന്നിലേക്ക് എന്നപ്പോലെ നീളുന്ന സംഭവങ്ങളുടെ നീണ്ട ചരിത്രം ഈ നോവ ലിൽ ഉടനീളം കാണാം. ഇവരുടെ സഞ്ചാരമാർഗങ്ങളും യുദ്ധതന്ത്രങ്ങളും നിധി സൂക്ഷിച്ചു വച്ചിരിക്കുന്ന രീതികളും എല്ലാം എത്രത്തോളം യുക്തിയും ബുദ്ധിയും ഉപയോഗിച്ചാണ് എന്നതും അത്ഭുതം തന്നെയാണ്. മുകിലൻ നിധിയാണ് ശ്രീ.പത്മനാഭസ്വാമി ക്ഷേത്രത്തിലേത് എന്നും; മാർത്താണ്ഡ വർമ്മ മഹാരാജാവ് എന്തു കൊണ്ട് ഈ നിധി ശേഖരണം ഉപയോഗിച്ച് രാജഭരണം നടത്തിയില്ലാ എന്നതും ചിന്താർഹമാണ്. പാപപങ്കിലത്തിൽ പങ്കുകൊള്ളുന്നത് നാശത്തിലേക്ക് നയിക്കും എന്ന ചിന്തയായിരിക്കും ഇതിനു പിന്നിലെ യാഥാർഥ്യം. സിദ്ധാർത്ഥൻ എന്ന യുവാവിന്റെ അന്വേ ഷണം ബാക്കിയാക്കി അദ്ദേഹം മരണമടയുന്നതോടു കൂടി നോവൽ അവസാനിക്കുന്നു. പിന്നെയുള്ള ചരിത്രം വായനക്കാരനും തുറന്നിടുക യാണ് എഴുത്തുകാരൻ.നൂറുകണക്കിന് കേട്ടുകേൾവികളുടേയും ലോകത്തു നിന്ന് ചില ചരിത്ര സത്യങ്ങൾ മറനീക്കികൊണ്ടുവരാൻ സിദ്ധാർത്ഥനു

കഴിഞ്ഞു. ചരിത്ര നോവലുകൾ വായനക്കാരിൽ ഓരോഘട്ടത്തിലും ജിജ്ഞാസ ഉണർത്തുന്നുണ്ട്. ചരിത്രവും ഫിക്ഷനും കൂട്ടിയോജിപ്പിച്ച് പുതിയ കഥന കലയാണ് നോവലിന്റെ ആഖ്യാനത്തെ നിയന്ത്രിക്കുന്നത്(3).ധാരളം ചരിത്ര പശ്ചാത്തലങ്ങളുടെയും മിത്തുകളുടെയും അടിസ്ഥാനത്തിൽ കേരളീയ പരിസരത്തിൽ മുഗൾഭരണ സാമ്രാജ്യം ചെലുത്തിയ സ്വാധീനവും ഭരണനയങ്ങളെയും സാമൂഹിക പരിഷ്കാരങ്ങളെപ്പറ്റിയും അറിവ് പകർന്നു തരുന്ന ഒരു നോവലാണിത്. ഈ നോവൽ ഒരേ സമയം ഒരുപാട് ചരിത്ര സ്മൃതികളെ പുനർവായനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇത് തികച്ചും ഒരു ചരിത്ര ആഖ്യാനമാണ് ഭാഷാപരമായും ഭാവനാപരമായും വളരെ വിവരണാത്മകമായി വായനക്കാർക്ക് പുത്തൻ ഉണർവ് നൽകുന്ന തായി കാണാം. മെറ്റാഫിഷന്റെയും ജനപ്രിയ സ്വഭാവത്തെയും സാഹിത്യ ഉപകരണങ്ങൾ ഉപയോഗിച്ച് ഭൂതകാലത്തിന്റെ ഒരു റിയലിസ്റ്റിക് പ്രൊജക്ഷൻ പ്രതിനിധീകരിക്കാൻ ഈ നോവലിന് കഴിഞ്ഞിട്ടുണ്ട്.

**താക്കോൽ വാക്കുകൾ**

1. പുനർവിചിന്തനം
2. ആധുനികം
3. ഉത്തരാധുനികം
4. എട്ടരയോഗം

## കുറിപ്പുകൾ

1. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ,
   പരമേശ്വരപിള്ള എരുമേലി(പ്രൊഫ),പേജ് നമ്പർ-389
2. മുകിലൻ: രേഖപ്പെടുത്താതെപോയ ചരിത്രത്തിന്റെ സർഗാത്മക
   വായന,ആതിര.എസ്30/07/2021,https://www.athmaonline.in/mukilan-book-review/.

3. മുകിലൻ രേഖപ്പെടുത്താതെപ്പോയ ചരിത്രത്തിന്റെ സർഗാത്മഗ വായന,ആതിര.എസ്,30/07/2021,https://athmaonline.in/mukilan-book-review/.

**സഹായഗ്രന്ഥങ്ങൾ**

1. അഗസ്റ്റിൻ ജോസഫ് കെ(ഡോ), ആധുനികത മലയാളനോവലിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1997.

2. ദീപു പി കുറുപ്പ്(ഡോ),മുകിലൻ,ഡിസി ബുക്സ്, കോട്ടയം,2021.

3. പരമേശ്വരൻപിള്ള എരുമേലി (പ്രൊഫ),മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ,കറന്റ് ബുക്സ്,കോട്ടയം,2021

## ഇലക്ട്രോണിക് മാധ്യമങ്ങൾ

1. https://www.pusthakakada.com/default/mukilan-dc3946.html.
2. https://www.athmaonline.in/mukilan-book-review/
3. https://www.manoramaonline.com/literature/bookreview/2021/07/03/mukilan-book-written-bydeepu.amp.html.
4. https://www.dcbooks.com/readers-review-mukilan,html.
   https://www.themaaraga.com/mukilan-maaraga/.

# വർത്തമാനകാല യാഥാർത്ഥ്യങ്ങളും പ്രതിരോധങ്ങളും 'കണ്ടുകണ്ടിരിക്കെ'യിൽ

**വിഷ്ണു. പി.എ,**

ഗവേഷകൻ ഗവൺമെന്റ് കോളേജ് കട്ടപ്പന.

**പ്രബന്ധസംഗ്രഹം:**

മനുഷ്യജീവിതം നേരിടുന്ന പ്രഹേളികകളെ അതിഭാവുകത്വത്തിന്റെ ആർഭാടമില്ലാതെ അസുലഭാനുഭൂതിയാക്കിത്തീർക്കുന്ന സർഗ്ഗവൈഭവമാണ് യു. കെ. കുമാറിന്റെ രചനകളെ വായനക്കാർക്ക് പ്രിയപ്പെട്ടതാക്കുന്നത്. സമൂഹവുമായുള്ള ബന്ധം അടയാളപ്പെടുത്താനാണ് 'എഴുത്ത്' എന്ന മാധ്യമത്തെ യു.കെ. കുമാരൻ കൂട്ടുപിടിക്കുന്നത്. വർത്തമാനകാല ജീവിതത്തിന്റെ മിടുപ്പുകളെ ഒപ്പിയെടുത്ത് അതിന്റെ നിശബ്ദമായ നിലവിളികളിലേയ്ക്ക് വായനക്കാരെ നയിക്കുന്ന നോവലാണ് യു.കെ. കുമാരന്റെ 'കണ്ടുകണ്ടിരിക്കെ'. പത്രപ്രവർത്തനം സാമൂഹ്യസേവനത്തിനുള്ള ഉപാധിയാണെന്നു തെളിയിക്കുന്ന നോവലാണ് 'കണ്ടുകണ്ടിരിക്കെ'. പത്രപ്രവർത്തനരംഗത്തെ വിലപേശലുകൾ, ധാർമ്മികച്യുതി ഇവയെല്ലാം പത്രപ്രവർത്തനമേഖലയിലെ പ്രശ്നങ്ങളാണെന്ന് നോവൽ സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീപീഡനം, മതരാഷ്ട്രീയം, പ്രളയാനന്തര ജീവിതം, കൊറോണ വൈറസ് സൃഷ്ടിക്കുന്ന ദുരന്തങ്ങൾ, പൗരത്വബില്ല് തുടങ്ങി സമകാലിക സമൂഹത്തിലെ സംഭവങ്ങൾ ഈ നോവലിലെ പ്രശ്നഭൂമികയാണ്. നീതിബോധമുള്ള മനുഷ്യൻ ധർമ്മാധർമ്മങ്ങളുടെ സംഘർഷങ്ങളിൽക്കൂടി കടന്നുപോകുന്നതിന്റെ ദൃശ്യമാണ് നോവൽ അടയാളപ്പെടുത്തുന്നത്. പാരായണക്ഷമതയുള്ള ഈ നോവൽ ലളിതമായ അഖ്യാനശൈലി പിൻതുടരുന്നു. മാധ്യമരംഗം നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന്റെ സൂക്ഷ്മയാഥാർത്ഥ്യങ്ങളിലേയ്ക്ക് വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുന്ന 'കണ്ടുകണ്ടിരിക്കെ'യിൽ സർഗ്ഗാത്മകതയുടെ

തുടിപ്പുകളും സവിശേഷസ്ഥാനത്ത് നിലയുറപ്പിക്കുന്നു.

**താക്കോൽവാക്കുകൾ:**

ജനാധിപത്യം, രാഷ്ട്രീയ കൊലപാതകങ്ങൾ, പ്രണയഭംഗം, ആശയവിനിമയം,നീതിബോധം, പൗരത്വബില്ല്. പത്രപ്രവർത്തനമേഖലയെ മുഖ്യധാരാ പ്രമേയമായി സ്വീകരിച്ചുകൊണ്ട് യു.കെ. കുമാരൻ കാലത്തിന്റെ കഥപറയുന്ന നോവലാണ് 'കണ്ടുകണ്ടിരിക്കെ'. നേർസാക്ഷ്യത്തിന്റെ പൊരുൾ തേടുന്ന പത്രപ്രവർത്തനത്തിന്റെ യാഥാർത്ഥ്യവും സൂക്ഷ്മ രാഷ്ട്രീയവും വിശകലനം ചെയ്യുമ്പോഴും സർഗ്ഗാത്മകതയുടെ അന്തർധാര നോവലിൽ അലിഞ്ഞുചേർന്നിരിക്കുന്നു. തുടക്കവും ഒടുക്കവും ഭദ്രമായി ഒരു നൂലിൽ കോർത്തെടുത്തതിന്റെ വഴക്കവും കഥാഘടനയുടെ ഒഴുക്കും നോവലിന്റെ പ്രത്യേകതകളാണ്. പത്രപ്രവർത്തന മേഖല കേന്ദ്രപ്രമേയമായതിനാൽതന്നെ വൈവിധ്യമുള്ള സമകാലിക വിഷയങ്ങൾ ഈ നോവലിൽ സംഗമിക്കുന്നു. വെറുമൊരു കഥയുടെ അനാവരണമല്ല, മറിച്ച് കാലത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയും സാമൂഹ്യ പ്രതിബദ്ധതയും ഒരുപോലെ ഇണക്കിച്ചേർക്കുന്നതിലും നോവലിസ്റ്റ് ശ്രദ്ധിച്ചിട്ടുണ്ട്.

ഒരു നല്ല മാസിക, അതായത് ഉൾക്കനമുള്ള പ്രൗഢമായ സാഹിത്യ പ്രതിപാദനങ്ങളുടെ മാസിക ഏതൊരു സാഹിത്യകുതികികളുടെയും ആഗ്രഹമാണ്. കർമ്മശേഷിയുടെ മികവുകൊണ്ട് അത്തരത്തിലൊന്ന് രൂപപ്പെടുത്തുക എന്ന സ്വപ്നം ജീവിതമായിത്തന്നെ കാണുന്ന 'ദേവദാസ്' എന്ന മനുഷ്യനെ കണ്ടുമുട്ടുന്ന ഒരു പത്രപ്രവർത്തകനാണ് നോവലിലെ കേന്ദ്രകഥാപാത്രം. അയാളുടെ കാഴ്ചകളിലൂടെയും കാഴ്ചപ്പാടുകളിലൂടെയും നോവൽ പുരോഗമിക്കുന്നു. "ജീവിച്ചു മരിച്ചു എന്നതൊക്കെ ശരിതന്നെ. എന്നാൽ നിങ്ങൾ ചെയ്ത കാര്യമെന്താണ്?" (യു.കെ. കുമാരൻ : 2020, 7) എന്ന ചോദ്യം വായനക്കാർക്ക് മുന്നിൽ അവതരിപ്പിച്ചുകൊണ്ട് നോവൽ ആരംഭിക്കുന്നു. കാലത്തിന്റെ ക്രമാനുഗതമായ വളർച്ചയും വികാസവും നോവലിന്റെ മറ്റൊരു സവിശേഷതയാണ്.

ജനാധിപത്യവും സ്വാതന്ത്ര്യബോധവും വേരുറച്ച കാലഘട്ടമാണിത്. എല്ലാ നിയന്ത്രണങ്ങളെയും മറികടക്കാൻ ആഗ്രഹിക്കുന്ന വ്യക്തിബോധത്തിന്റെ ലക്ഷണങ്ങൾ സമൂഹത്തിൽ പലരീതിയിലും പ്രത്യക്ഷപ്പെടുന്നു. അധികാര ലഭ്യത എന്ന അജണ്ട മാത്രമാണ് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രത്യയശാസ്ത്രം എന്ന തോന്നൽ പ്രബലമാകുന്ന വർത്തമാനകാല പരി പ്രേക്ഷ്യത്തെ 'കണ്ടുകണ്ടിരിക്കെ' രൂപകൽപ്പന ചെയ്യുന്നു. സമൂഹത്തിൽ അധികാരമുള്ളവരും ഇല്ലാത്തവരുമെന്ന വർഗ്ഗീകരണമാണ് ഇരകളെയും വേട്ട ക്കാരെയും സൃഷ്ടിക്കുന്നത്. അധികാരവർഗ്ഗത്തെ പിൻപറ്റിയും പ്രീണിപ്പിച്ചും വേട്ടക്കാർ സുരക്ഷിതരാകുന്നു. ഇരകൾക്കു സ്വാഭാവികനീതി നിഷേധിക്ക പ്പെടുകയും ചെയ്യുന്നു. നീതിനിരാസത്തിന്റെ തീച്ചൂളയിലാണ് നാം വസി ക്കുന്നത്. നിസ്സാഹായകമായ സമൂഹം അനീതിയുടെ തിക്തഫലം അനുഭവി ക്കുമ്പോൾ നീതിയുടെ സുഗന്ധവുമായി നോവലിലെ മുഖ്യകഥാപാത്രമായ പത്രപ്രവർത്തകൻ കർമ്മമണ്ഡലത്തിൽ സജീവമാകുന്നു. ദേവദാസ്, ജെയിം സ്, അസീസ്, ശ്രീദേവി, ശിവരാമൻ, ചിത്രലേഖ, ഡെയ്സി, നിർമ്മല എന്നി ങ്ങനെ ഏതാനും കഥാപാത്രങ്ങളും നീതിക്കുവേണ്ടി പോരാടുന്നു. നിർഭാ ഗ്യവശാൽ അവരെല്ലാം പരാജയപ്പെടുന്നു. എന്നിരുന്നാലും നീതിനിരാസ ങ്ങൾക്കെതിരെ സഹൃദയരുടെ കണ്ണുതുറപ്പിക്കാൻ കഴിവുള്ളവരാണ് ഈ കഥാപാത്രങ്ങൾ. ഇവിടെ തിന്മയുടെ പക്ഷത്തുനിന്ന് നന്മയുടെ പക്ഷ ത്തേയ്ക്ക് കഥാപാത്രങ്ങളെ നയിക്കുന്ന രചനാരീതിയാണ് ദൃശ്യമാകുന്നത്. വായനക്കാരെ ആകർഷിക്കുന്ന കഥാപാത്രമാണ് 'ജെയിംസ്' എന്ന എഴു ത്തുകാരൻ. സ്വകാര്യജീവിതം പരാജയപ്പെടുമ്പോഴും സാമൂഹ്യ ഉന്നമനത്തി നായി അയാൾ പ്രയത്നിക്കുന്നു. പത്രപ്രവർത്തകനായ കഥാനായകന് എഴു ത്തുകാരനായ 'ജെയിംസി'നെ പരിചയപ്പെടുന്നതിനാൽ സാഹിത്യലോകത്ത് പ്രകടമായ അപചയങ്ങളും അനാവശ്യപുകഴ്ത്തലുകളെയും അടുത്തറിയാ നാകുന്നു. പുരസ്കാരങ്ങളുടെ പുറകിലെ രാഷ്ട്രീയം, പുറംപൂച്ചുകളുടെ ആർഭാടകാലം ഇവയെല്ലാം ചേർന്ന് സാഹിത്യരംഗം ഏറെ വൈകാരികമാ

യാണ് ചൂണ്ടിക്കാണിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ, സ്ത്രീപീഡനം, രാഷ്ട്രീയ കൊലപാതകങ്ങൾ, പ്രളയാനന്തര കേരളം, ഭീകരവാദം, മതരാഷ്ട്രീയം, പൗരത്വബില്ല്, കൊറോണ വൈറസ് ദൂരവ്യാപകമായി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നിങ്ങനെ വിവിധ സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പത്രപ്രവർത്തകന്റെ അന്ത:ക്ഷോഭങ്ങളെയും ആകുലതകളെയും ഈ നോവൽ ഏച്ചുകെട്ടലുകളില്ലാതെ അവതരിപ്പിക്കുന്നു. പത്രപ്രവർത്തകന്റെ ഭാര്യ എന്ന നിലയിൽ 'ചിത്രലേഖ' അനുഭവിക്കുന്ന പിരിമുറുക്കങ്ങൾ, അയാളുടെ മാതാപിതാക്കളുടെ സഹനകാലം ഇവയെല്ലാം ഓരോ പത്രപ്രവർത്തകരുടെയും ജീവിതത്തിലെ സമാന അനുഭവങ്ങളാണ്. 'മതം' കൊണ്ടുമാത്രം അകന്നുപോകുന്നവരാണ് ജെയിംസും ശ്രീദേവിയും. മദ്യവും മദിരാക്ഷിയും തകർത്തെറിയുന്ന സാഹിത്യകാരുടെയിടയിലെ പുഴുക്കുത്തു ജീവിതത്തെയും വിചാരണചെയ്യാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. ആസാധരണ മരണങ്ങൾക്കിരയാകുന്ന മൃതദേഹങ്ങൾ മാന്തിയെടുക്കുന്ന നിസ്വാർത്ഥനായ 'അസീസ്' എന്ന മനുഷ്യൻ മനുഷ്യത്വത്തിന്റെ വിശുദ്ധരൂപമായി പ്രത്യക്ഷപ്പെടുന്നു.

പത്രത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്ന മുതലാളിത്തത്തെയും രാഷ്ട്രീയ പ്രവർത്തനത്തെയും പരിഹാസ്യമാംവിധം ചോദ്യം ചെയ്യുന്ന സന്ദർഭങ്ങൾ നോവലിൽ നിരവധിയാണ്. സത്യം ചൂണ്ടിക്കാണിക്കുന്നതുകൊണ്ടുമാത്രം ജീവന് ഭീഷണി നേരിടേണ്ടിവരുന്ന പത്രപ്രവർത്തകന്റെ ജീവിതം ഇവിടെ അനാവൃതമാകുന്നു. ഇന്നത്തെ സമൂഹത്തിൽ പ്രകടമായ ചൂഷണ വ്യവസ്ഥകളെയാണ് പല കഥാപാത്രങ്ങളിലൂടെയായി സൂചിപ്പിക്കുന്നത്. 'ദേവദാസി'ന്റെ ഭാര്യ 'നിർമ്മല'യുടെ ജീവിതം അത്തരത്തിലുള്ള കാഴ്ചയിലേയ്ക്ക് വിരൽചൂണ്ടുന്നു. മുതലെടുപ്പുകളിൽ ജീവിതം കെട്ടിപ്പടുക്കുന്നവരുടെ ആഴത്തിലുള്ള വീഴ്ച നോവലിൽ സൃഷ്ടിക്കുന്നത് മൂല്യബോധത്തിലടിയുറച്ച എഴുത്തുകാരന്റെ കാഴ്ചപ്പാടുകൊണ്ടുമാത്രമാണ് സംഭവിക്കുന്നത്. അതിനാൽതന്നെ അവിചാരിതമായ സന്ദർഭത്തിൽ ദൈവികമായ ഇടപെടലുകൾ ബോധപൂർവ്വം ക്രമീകരിക്കുന്നു.

പത്രപ്രവർത്തനം സാമൂഹ്യസേവനത്തിനുള്ള ഉപാധിയാണെന്ന് തെളിയിക്കുന്ന ഒട്ടേറെ കഥാപരിസരങ്ങൾ നോവലിലുണ്ട്. സാധാരണക്കാരുടെ പക്ഷത്തുനിന്ന് അനീതിക്കെതിരെ പോരാടാൻ നിഷ്പ്രയാസം സാധിക്കുമെന്ന് കേന്ദ്രകഥാപാത്രമായ പത്രപ്രവർത്തകൻ വിശ്വസിക്കുന്നു. നൈരാശ്യങ്ങളുടെ ഭൂമികയിൽ ഏകാന്തതയനുഭവിക്കുന്നവരെ വിജയപഥത്തിലെത്തിക്കാൻ കഷ്ടപ്പെടുന്ന പത്രപ്രവർത്തകൻ മാതൃകാപരമായ ഉത്തരവാദിത്വമാണ് നിറവേറ്റുന്നത്. ദന്തഗോപുരവാസിയാകാതെ സമൂഹത്തോടൊപ്പം അദ്ദേഹം ജീവിക്കുന്നു. ഉത്തരാധുനികകാലത്തും വ്യക്തിസ്വാതന്ത്ര്യത്തെയും പ്രണയത്തെയും കീഴ്പ്പെടുത്താനുള്ള അധികാരശക്തി മതത്തിനും രാഷ്ട്രീയത്തിനുമുണ്ടെന്ന് നോവൽ സാക്ഷ്യപ്പെടുത്തുന്നു. പ്രണയത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന കാപട്യങ്ങൾ സമകാലത്തിന്റെ ലക്ഷണങ്ങളാണ്. എന്നാൽ അത്തരം പരിണതികളെപ്പോലും അതിശയിപ്പിക്കുന്ന അധ:പതനമാണ് മതാധികാരത്തിലും രാഷ്ട്രീയ വ്യവഹാരത്തിലും ഉണ്ടായിരിക്കുന്നത്. ഈ വൈരുദ്ധ്യത്തിൽനിന്നും ഉടലെടുക്കുന്ന വ്യക്തിയുടെ നിസ്സഹായത സജീവമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. പത്രപ്രവർത്തകൻ സമൂഹത്തിലെ എല്ലാ തിന്മകളെയും ചെറുക്കുന്നു. രാഷ്ട്രീയ-ഉദ്യോഗസ്ഥ മണ്ഡലങ്ങളിലേയും പോലീസ്-നീതിന്യായ സംവിധാനത്തിലെ അഴിമതികളെയും അദ്ദേഹം എതിർക്കുന്നു. എഴുത്തുകാർക്കിടയിലെ സങ്കുചിതവും അനാരോഗ്യകരവുമായ നിലപാടുകളെ അനാവരണം ചെയ്യുന്നതോടൊപ്പം സ്വന്തം മേഖലയിലെ അപചയങ്ങളും ചൂണ്ടിക്കാണിക്കുന്നു. കൂടാതെ രോഗഭീതിയാൽ സങ്കുചിതനും നിസ്വാർത്ഥനുമാകുന്ന മനുഷ്യന്റെ നിലപാടുകളും നോവലിൽ ചിത്രീകരിക്കുന്നു.

പീഡനത്തിനിരയാകേണ്ടിവരുന്ന പെൺമയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യുന്ന നോവലാണ് 'കണ്ടുകണ്ടിരിക്കെ'. സ്വന്തം കുടുംബത്തിൽപ്പോലും സുരക്ഷിതരല്ലാത്ത പെൺകുട്ടികളെക്കുറിച്ചും ഇത്തരം കേസുകളിൽ വേട്ടക്കാർ സംരക്ഷിക്കപ്പെടുന്നതിന്റെ ദുരവസ്ഥയെക്കുറിച്ചും തൂലിക ചലിപ്പിക്കേണ്ടതിന്റെ ആവശ്യകത മാധ്യമരംഗത്ത് നിക്ഷിപ്തമാണെന്നു വായന

ക്കാർക്ക് ബോധ്യപ്പെടുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളിലും പത്രപ്രവർത്തന ത്തിന്റെ ഇടപെടൽ അനിവാര്യമാണെന്നു വാദിക്കുന്ന സന്ദർഭങ്ങളും നോവ ലിലുണ്ട്. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നതിനോടൊപ്പം സ്വന്തം സുഹൃ ത്തുക്കളുടെയും അവരുടെ ബന്ധുക്കളുടെയും ജീവിത പ്രശ്നങ്ങളിൽ സജീ വമായി ഇടപെട്ട് അവരെ സഹായിക്കുന്ന സുഹൃത്തായി നോവലിലെ കേന്ദ്ര കഥാപാത്രമായ പത്രപ്രവർത്തകൻ നിലകൊള്ളുന്നു. സുഹൃത്തുക്കളുടെ പ്രണയത്തിലും പ്രണയഭംഗത്തിലും അയാൾ സാക്ഷിയാകുന്നു. ഉത്തരാ ധുനിക സമൂഹത്തിൽനിന്നും പടിയിറങ്ങാൻ ശ്രമിക്കുന്ന നന്മതിന്മകളെ തിരി ച്ചുകൊണ്ടുവരുന്നത് ഗൃഹാതുരമായ ഓർമ്മകളുടെ അകമ്പടിയോടെയാണ്. അതിഥി സന്ദർശനത്തെപ്പോലും ചർച്ചചെയ്യുന്നത് അതുകൊണ്ടാണ്. “അതി ഥികൾ വീട്ടിലെത്തുമ്പോൾ അവിടെയുള്ള അന്തരീക്ഷം പെട്ടെന്ന് മാറും. സ്നേഹത്തിന്റേതായ ചെറുചലനങ്ങളും ശബ്ദങ്ങളും വീടിനകത്തും പുറത്തും പ്രത്യക്ഷപ്പെടും” (യു.കെ. കുമാരൻ : 2020, 128) അതിഥി സന്ദർശ നം അപ്രസക്തമാവുകയും വീടിനകത്തെ സംഭാഷണങ്ങളും സൗഹൃദങ്ങളും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഈ പരാമർശനത്തിനു പ്രസക്തിയുണ്ട്.

ട്രാങ്ക് കാൾ ബുക്കിംഗ്, പേജർ, ലാന്റ് ഫോൺ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് സംവിധാനങ്ങൾ എന്നിങ്ങനെ ആശയവിനിമയ രംഗത്തെ വികാസം ‘കണ്ടുകണ്ടിരിക്കെ’യിൽ കാലഘട്ടത്തിന്റെ വളർച്ചയെ രേഖപ്പെ ടുത്തുന്നതിൽ പ്രയോഗിക്കുന്നു. സാങ്കേതികവിദ്യയുടെ ത്വരിതവികാസം സംഭവിക്കാത്ത മനുഷ്യരുടെ ആന്തരിക ലോകത്തേയ്ക്ക് വെളിച്ചം വീശുക യാണ് നോവലിസ്റ്റ്. ജീവിതത്തിൽ മാത്രമല്ല, മരണത്തിലും വിലങ്ങുതടിയാ കുന്ന ജാതിമതബോധങ്ങളുടെ പരിഹാസ്യതയെ നോവലിസ്റ്റ് വിചാരണ ചെയ്യു ന്നു. ‘ജെയിംസ്’ എന്ന കഥാപാത്രത്തിന്റെ ദുരന്തം അത്തരത്തിലുള്ളതാണ്. ‘ജെയിംസ്’ ഒരു മാസിക തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കു മ്പോൾ അയാൾ ഏറ്റുവാങ്ങുന്ന ബാധ്യതകൾ അയാളുടെ ജീവിതം പരുഷ മാക്കുന്നു. സമ്മർദ്ദങ്ങൾക്കൊടുവിൽ സ്വകാര്യജീവിതവും സാമൂഹ്യ ജീവി

തവും അരക്ഷിതമായിത്തീരുന്നതോടെ അയാൾ അവസാനിക്കുന്നു. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ കേന്ദ്രകഥാപാത്രം ഇതിനൊക്കെ മൂകസാക്ഷിയായി നിലകൊള്ളുമ്പോൾ, അനേകം ചോദ്യങ്ങൾ അവശേഷിപ്പിച്ചുകൊണ്ട് നോവൽ അവസാനിക്കുന്നു.

നീതിബോധമുള്ള ഒരു പത്രം എങ്ങനെയാണ് സ്വാധീനതകളിൽനിന്നും വിമുക്തമായി തങ്ങളുടെ നിലപാടുകളെ ഭദ്രമാക്കുന്നതെന്ന് പല സന്ദഭങ്ങളിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നു. നീതിപീഠത്തെപ്പോലെയാണ് ഓരോ പത്രവും പത്രപ്രവർത്തകനും നിലകൊള്ളേണ്ടത്. അത്തരത്തിലുള്ള ബോധവത്കരണത്തിന്റെ പാഠങ്ങൾ 'കണ്ടുകണ്ടിരിക്കെ' ഉൾക്കൊള്ളുന്നു. തുടക്കവും ഒടുക്കവുമുള്ള നന്മ-തിന്മകളുടെ ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളെ ഈ നോവൽ പൊളിച്ചെഴുതുന്നുണ്ട്. തികച്ചും ലളിതമായ അഖ്യാനശൈലി പിൻതുടരുന്ന ഈ നോവൽ വർത്തമാനകാല സമൂഹത്തിന്റെ സ്പന്ദനങ്ങളെ അടുത്തറിയുന്നു.

## സഹായകഗ്രന്ഥങ്ങൾ:

1) കുമാരൻ. യു.കെ, കണ്ടുകണ്ടിരിക്കെ, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2020.

2) മേനോത്ത് അജിതൻ, പരാതിതരുടെ ഘടികാരം, എറണാകുളം: സമകാലിക മലയാളം, ഫെബ്രുവരി 15, 2021.

## URL:

https://www.malayalamnewsdaily.com/node/120491/sunday-plus/inteview-uk-kumaran#:

https://archives.mathrubhumi.com/books/book-reviews/uk-kumaran-new-malayalam-novel-book-review-mathrubhumi-books-1.5092218#

# നവോത്ഥാന സങ്കല്പം എരി എന്ന നോവലിൽ

ഡോ. ബെന്നിച്ചൻ സ്കറിയ

പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**സംഗ്രഹം:**

**കേരളത്തിൽ** അലയടിച്ച നവോത്ഥാനത്തിന്റെ ശംഖനാദം ഒരു ഉൾനാടൻ ഗ്രാമത്തിലെ അരികുവൽക്കരിക്കപ്പെട്ട ജനസമൂഹത്തിൽ എങ്ങനെ പ്രാവർത്തികമായി എന്നതിന്റെ നേർക്കാഴ്ചയാണ് പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി എന്ന നോവൽ. അടിച്ചമർത്തപ്പെട്ടവരുടെ ആത്മബോധത്തിന്റെ വീണ്ടെടുപ്പും പ്രകടനവുമാണ് ഈ നോവൽ. നിശബ്ദമാക്കപ്പെട്ട ചരിത്രത്താളുകളിൽ അമർന്നുപോയ പ്രതിരോധമാകുന്ന എരിതീയിനെ കണ്ടെടുക്കുകയും ഊതിതെളിയിപ്പിക്കുകയും ചെയ്യുന്ന ഭാവനാവിലാസം ഈ കൃതിയെ വ്യത്യസ്തമാക്കുന്നു. കേരളത്തിലെ മറ്റേതൊരു ജനവിഭാഗവും അനുഭവിച്ചതിലേറെ ജാതിവിവേചനവും തിരസ്കരണവും അനുഭവിച്ച വിഭാഗമാണ് പറയർ. അധികാര വ്യവസ്ഥയുടെ നൂലാമാലകളിൽ ബന്ധനസ്ഥരായ ഒരു ജനസമൂഹത്തിന്റെ ഉണർവ്വിന്റേയും പ്രതികരണത്തിന്റേയും പ്രതിഫലനമാണ് ഈ നോവലിലൂടെ എഴുത്തുകാരൻ നടത്തിയിരിക്കുന്നത്. പാർശ്വവൽ കരിക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതും അടിച്ചമർത്തപ്പെട്ടതുമായ ഒരു ജനസമൂഹത്തെ ഇരുട്ടിൽ നിന്ന് മോചിപ്പിക്കാനുള്ള വൈജ്ഞാനിക പ്രതിരോധത്തിന്റെ നോവൽ ഭാഷ്യമാണ് പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി. കഴിഞ്ഞുപോയകാലത്തിലെ കേരളത്തിലെ ഏതൊരു സാധാരണ ഗ്രാമത്തെയുംപോലെ പാർശ്വവൽക്കരിക്കപ്പെട്ട പറയവിഭാഗത്തിന്റെ പ്രതിനിധീകരണമാണ് ഈ നോവലിലെ പറയനാർപുരം എന്ന കൊച്ചുഗ്രാമം. ആത്മാഭിമാനത്തിലേക്കുള്ള ഒരു ജനതയുടെ

ഉയർത്തെഴുന്നേൽപ്പാണ് എരി.

**താക്കോൽ വാക്കുകൾ: എരി, വരേണ്യലോകം, പറയർ, ആത്മബോധം, കീഴാളചരിത്രം, വേദാന്തം, സാമൂഹ്യബോധം, പ്രതിപ്രത്യയശാസ്ത്രം.**

1969 ൽ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂരിൽ ജനിച്ച് കേരളസംസ്കാരം ഒരു ദലിത് സമീപനത്തിൽ എന്ന വിഷയത്തിൽ ഡോക്ടറേറ്റ്നേടി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപകനായി ജോലിചെയ്ത് വരവെ 2016ൽ വാഹനാപകടത്തിൽ അകാല ചരമമടഞ്ഞ ഡോ. പ്രദീപൻ പാമ്പിരിക്കുന്നിന്റെ പൂർത്തിയാക്കാത്ത നോവലാണ് എരി. സമൂഹത്തിൽ എല്ലാവരും ഭരണകൂട പ്രത്യയ ശാസ്ത്രത്തിനു വിധേയരായി നിശബ്ദരായി ജീവിക്കുമ്പോൾ അതിനിടയിൽനിന്ന് പ്രതിഷേധിക്കുന്ന പ്രതികരിക്കുന്ന ചില ശബ്ദങ്ങളെക്കുറിച്ച് അൾത്തൂസർ ഈഗിലേ്യ ശറലീ ഹീഴ്യ എന്ന് നിർവ്വചിച്ചിരിക്കുന്നു.ഇപ്രകാരം ഫ്യൂഡൽ വരേണ്യ പ്രത്യയശാസ്ത്രത്തിനെതിരെ നടത്തിയ പ്രതി-പ്രത്യയശാസ്ത്രമാണ് പ്രദീപൻ പാമ്പിരിക്കുന്ന് ഈ നോവലിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. അപൂർണമെങ്കിലും അർത്ഥപൂർണമാണ് എരിയിൽ പ്രദീപൻ ആവിഷ്കരിച്ചിരിക്കുന്ന സ്വപ്നസങ്കല്പം. എരിയുടെ രേഖകളില്ലാത്ത വർഷങ്ങളെക്കുറിച്ച് ആലോചിച്ചു കിടന്ന എന്റെ സ്വപ്നം യാഥാർത്ഥ്യം തന്നെയാണെന്ന് ഞാൻ തീരുമാനിച്ചു എന്ന വാക്യം പ്രദീപൻ എഴുതിയ നോവലല്ല, എഴുതാൻ തുടങ്ങിയ പ്രതിഷേധത്തിന്റെയും പ്രതീക്ഷയുടേയും വെളിച്ചമായി നമ്മുടെ മുമ്പിൽ തെളിഞ്ഞു നിൽക്കുന്നു. എരി ഒരു നിലപാടിന്റേയും ധീരതയുടെയും ചുരുക്കപ്പേരായി മാറുന്നു. എരിയുടെപ്രവർത്തനം പ്രാദേശിക ചരിത്രത്തിലെ വിമോചനപോരാട്ടം മാത്രമല്ല ഇന്ത്യയിലുടനീളം സംഭവിച്ച നവോത്ഥാനശ്രമങ്ങളുടെ ഉത്തമമാതൃകയാണ്.

**പറയൻ എരി**

പറയൻ എരി ഒരത്ഭുതം തന്നെയായിരുന്നു എന്നു പറഞ്ഞാരംഭിക്കുന്ന നോവൽ എരിയെ മഹത്വവൽകരിച്ചിരിക്കുന്നു. കേരളീയ പൊതുസമൂഹ ത്തിൽ ഏറ്റവും കീഴാളർ എന്നു കരുതിയിരുന്ന പറയർ സമൂഹത്തിന്റെ പ്രതിനിധിയാണ് എരി. സ്വസമൂദായത്തിന്റെ ചരിത്രപരമായ ദൗത്യം നിറ വേറ്റിയ അനേകം മനുഷ്യരുടെ പ്രതിനിധിയാണ് എരി. അയാൾക്ക് ജ്ഞാന മുണ്ട്, നേതൃത്വപാടവംഉണ്ട്, മാനവികതയുണ്ട്. നവോത്ഥാനത്തിന്റെ വക്താ വാണ് എരി. എന്നാൽ എന്തുകൊണ്ട് എരി ചരിത്രത്തിൽ അടയാളപ്പെടുത്ത പ്പെട്ടില്ല എന്ന മൗലികമായ ചോദ്യം നോവലിലുടനീളം മുഴങ്ങുന്നു. എരിയെ പ്പോലെ സമൂഹത്തിനുവേണ്ടി എരിഞ്ഞടങ്ങിയ പലരേയും ഓർക്കാനും ചരിത്രത്തിൽ രേഖപ്പെടുത്താനും സമയം വൈകിയെന്ന മുന്നറിയിപ്പാണ് ഈ നോവൽ. എരി എന്നത് ഒരു വ്യക്തിയുടെ പേര് മാത്രമല്ല, അത് ഒരു സമുദായത്തിന്റെ ഒരു ദേശത്തിന്റെ അടയാളമായി ഈ നോവലിൽ മാറിയി രിക്കുന്നു. എരി എന്ന കഥാപാത്രത്തെ വളരെ സൂഷ്മതയോടെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നു. നിരവധി സൂചനകളിലൂടെയും വിവരണങ്ങളിലൂ ടെയും മറ്റു പലരുടെ ഓർമ്മകുറിപ്പുകളിലൂടെയും എരിയുടെ രൂപം വായ നക്കാരിൽ തെളിയിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു. പറയനാണെ ങ്കിലും ശുഭ്രവസ്ത്രം ധരിച്ച് വൃത്തിയായാണത്രേ എരി പ്രത്യക്ഷപ്പെടാറ്. കഴുത്തിൽ ഒരു രുദ്രാക്ഷവും ഉണ്ടാവും. കണ്ണമ്പത്ത് ക്ഷേത്രത്തിന്റെ മേലേ കുന്നിൻചെരിവിലെ വൃത്തിയുള്ള മണ്ണുതേച്ച വീട്ടിലായിരുന്നു എരി താമസിച്ചിരുന്നത്. ഇങ്ങനെയുള്ള പരിചയപ്പെടുത്തൽ നോവലിലുടനീളം എരിയുടെ വ്യക്തിപ്രഭാവം വെളിപ്പെടുത്തുന്നു. എരിക്ക് പട്ടിണിയെ ഭയമുണ്ടായിരുന്നില്ല. അവൻ തോട്ടിൽ ഇറങ്ങി മീൻപിടിച്ചും തെങ്ങിൽകയറി ഇളനീർ കുടിച്ചുമാണ് വളർന്നതെന്നാണ് അവരുടെ വിശ്വാസം. എരിക്ക് മറ്റ് സമുദായങ്ങളിലെ ശ്രേഷ്ഠവ്യക്തിത്വങ്ങളുമായി നല്ല ബന്ധം ഉണ്ടായിരു ന്നതും ഈ സമൂഹത്തെ നവോത്ഥാനത്തിലേക്ക് നയിക്കാൻ കാരണമായി.

**നവോത്ഥാന സങ്കല്പം**

കേരളത്തിൽ മറ്റേതൊരു ജനവിഭാഗവും അനുഭവിക്കാത്ത അതിനിന്ദ്യവും ഘോരവുമായ ജാതിവിവേചനവും അടിച്ചമർത്തലുകളും അനുഭവിച്ചവരാണ് പറയർ എന്ന ജനവിഭാഗം. അവരുടെ വിമോചന പോരാട്ടം തന്നെ അധിക മാരും രേഖപ്പെടുത്തിവച്ചിട്ടുമില്ല. കേരളത്തിലെ ഏതൊരു സാധാരണഗ്രാ മത്തേയും പ്രതിനിധീകരിക്കുന്നതുപോലെ പറയനാർപുരം എന്ന സങ്കല്പ ദേശമാണ് ഈ നോവലിലെ പ്രധാന ദേശസങ്കല്പം. ഈ ദേശത്തെ പറയ രുടെ ജനജീവിതത്തെയും അവരുടെ അതിജീവനത്തെയും പഠനവിധേയ മാക്കുന്ന ഭാഷാശാസ്ത്രജ്ഞൻ പുതിയൊരു ചരിത്രം രചിക്കാനുള്ള ശ്രമം നടത്തുന്നതാണ് ഈ കൃതിയെ വ്യത്യസ്തമാക്കുന്നത്. നവോത്ഥാനം സമുദായത്തിന്റെ വെളിയിൽനിന്നുള്ളവർ കൊണ്ടുവരേണ്ടതല്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ പറയസമുദായത്തിലെ തന്നെ പറയൻ എരി ഉണർത്തെഴുന്നേൽപ്പിന്റെ പ്രതിരോധത്തിന്റെ ആത്മബോധത്തിന്റെ എരിതീ തെളിയിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്. വരേണ്യ അധികാര വ്യവസ്ഥയുടെ ബന്ധനത്തിൽ അടിച്ചമർത്തപ്പെട്ടുപോയ ഒരു മനുഷ്യ സമൂഹത്തിന്റെ ഉണർവ്വിന്റേയും ഉദയത്തിന്റെയും ചരിത്രമാണ് എരി. ആഖ്യാതാവായ ഗവേഷകൻ നോവലിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. നവോത്ഥാനത്തിന്റെ ചരിത്രം വീണ്ടും പഠിക്കുവാൻ ഞാൻ തീരുമാനിച്ചു. പരാജയപ്പെട്ട മനുഷ്യരുടെ കണ്ണുനീർ തുള്ളിയായി എന്റെ നെറുകയിൽ ഇറ്റിവീഴുന്നതായി എനിക്ക് തോന്നി. ഉണർത്തെഴുന്നേൽപ് ഉള്ളിൽ നിന്നും ആരംഭിക്കണമെന്ന് ഇതിലൂടെ എഴുത്തുകാരൻ പറയാതെ പറഞ്ഞു വയ്ക്കുന്നു. കേരളീയ നവോത്ഥാന സമര ചരിത്രം ഏതെങ്കിലും ഒന്നോ രണ്ടോ നേതാക്കളിൽ തളച്ചിടേണ്ടതല്ല മറിച്ച് അനേകം മനുഷ്യരും അവ രുടെ വേദനകളും യാതനകളും ഉൾച്ചേർന്നതാണ്. ആ നവോത്ഥാനത്തിന്റെ പ്രതിനിധിയാണ് പറയൻ എരി.

ആദിമനുഷ്യപരമ്പരയുടെ വിലാപങ്ങൾ എരിയിൽ പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്നു. നമ്മുക്ക് ജ്ഞാനമില്ലാത്തതാണ് നമ്മുടെ ഏറ്റവും വലിയ

പ്രശ്നമെന്ന് എരി എപ്പോഴും സ്വസമുദായത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിദ്യനേടി പ്രബുദ്ധരാകാനുള്ള ആഹ്വാനം എരി നടത്തുകയും അതിന്റെ ഫലമായി ജനങ്ങൾ വിദ്യനേടുകയും ചെയ്യുന്നത് ഈ നോവലിൽ വിവരിച്ചിരിക്കുന്നു. പറയരിൽ സംഭവിച്ചുകൊണ്ടിരുന്ന ഈ പരിണാമത്തെ നവോത്ഥാനമായാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. നവോത്ഥാന മൂല്യങ്ങൾ സവിശേഷമായി ഒരു സമുദായത്തിനുള്ളിൽ സംഭവിച്ചതിന്റെ അടയാളപ്പെടുത്തലാണ് എരി. എരിയിൽ സൃഷ്ടിക്കപ്പെട്ട സാമൂഹ്യബോധത്തിൽ എരിയുടെ യാത്രകൾ വളരെ പ്രധാന പങ്കുവഹിച്ചിരിക്കുന്നു. അറിയപ്പെടുന്ന കേരളീയ നവോത്ഥാന നായകരായ അയ്യങ്കാളിയും, ശ്രീനാരായണഗുരുവും യാത്രകളിലൂടെ നേടിയെടുത്ത സാമൂഹിക ഔന്നത്യം പോലെതന്നെ എരിയിലും വലിയ പരിവർത്തനങ്ങൾക്ക് ഈ യാത്രകൾ സഹായിച്ചിട്ടുണ്ട്. തങ്ങളുടേത് മാത്രമായ അപൂർവ്വസുന്ദരമായ ജീവിതത്തെ തിരിച്ചറിയാൻ എരിക്ക് എളുപ്പം കഴിഞ്ഞതിനു പിന്നിൽ ഈ യാത്രാനുഭവങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. എരി അധികാരികത മാത്രമല്ല വൈകാരികത കൂടിയാണ്. അധികാരികതയിൽ തെളിഞ്ഞ വൈകാരികത കൊണ്ടാവാം എരിയെ തങ്ങളിൽ നിന്ന് അന്യനാക്കാതെ തങ്ങളിലൊരാളായി പരിഗണിക്കാൻ അദ്ദേഹവുമായി ബന്ധമുള്ള എല്ലാവരേയും പ്രേരിപ്പിച്ചതിന്റെ കാരണം. എരിയുടെ ദുഃഖവും വേദനയും ഒരു വംശത്തിന്റെ ദുഃഖവും വേദനയുമായി ഈ നോവലിൽ വെളിപ്പെടുത്തുന്നു. എരി ഒരു വിപ്ലവത്തിന്റെ ജ്വാലയാകുന്നത് കേവലം അറിവ് നേടിയതുകൊണ്ട് മാത്രമല്ല. മറിച്ച് അയാൾ ജലത്തിൽ മത്സ്യമെന്നവിധം സ്വന്തം സമുദായത്തിന്റെ ഇടയിലൂടെ സഞ്ചരിച്ചതുകൊണ്ടാണ്. എല്ലാ പറയക്കുന്നുകളിലും പാട്ടുസംഘങ്ങൾ ഉണ്ടാക്കി കുന്നുകളിൽ കൃഷിചെയ്ത് നവോത്ഥാനത്തിന്റെ വക്താക്കളാകാനാണ് എരി തന്റെ ജനത്തോട് ആഹ്വാനം ചെയ്യുന്നത്. മാതൃഭാഷയിലൂടെ മാതൃസംസ്കാരം തിരികെപിടിക്കാൻ ആഹ്വാനം ചെയ്യുന്ന എരി എല്ലാ തലത്തിലുമുള്ള നവോത്ഥാനചിന്തയിലേക്ക് ഒരു ജനതയെ നയിക്കുന്ന ചിത്രമാണ് എരിയിൽ കാണുന്നത്.

**ഉപസംഹാരം:**

നൂറ്റാണ്ടുകളായി അധികാരവ്യവസ്ഥയുടെ വെള്ളിവെളിച്ചത്തിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ജ്വാലയാണ് ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നത്. സാധുമനുഷ്യരുടെ ജീവിതത്തെയും സംസ്കാരത്തെയും ഭയംകലർന്ന സംശയത്തോടെ വീക്ഷിച്ച മേലാളബോധത്തിന് തീ കൊടുക്കുന്ന കൃതിയാണ് എരി. അപകർഷതയുടെ ഇരുട്ടുകൊണ്ട് മൂടിപോയ സമുദായത്തെ ആത്മവീര്യത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കാനുള്ള സർഗാത്മകമായ ഒരു ആഭിചാരപ്രക്രിയയാണ് എരിയെന്ന നോവലിലൂടെ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട പറയവിഭാഗത്തിന്റെ അനുഭൂതിദേശങ്ങളെ മുതിർന്ന തലമുറയിൽ പെട്ടവരുടെ ഓർമ്മകൾകൊണ്ട് ഇവിടെ ധന്യമാക്കിയിരിക്കുന്നു. യാഥാർത്ഥ്യങ്ങളുടെ ക്രമമായ വ്യത്യാസംകൊണ്ട് പൊതുബോധത്തെ പ്രകമ്പനം കൊള്ളിക്കുന്ന അനേകം ആശയങ്ങൾ നിറഞ്ഞ കൃതിയാണ് വാസ്തവത്തിൽ എരി. പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തെ ഇരുട്ടിൽ നിന്ന് മോചിപ്പിക്കാനുള്ള വൈജ്ഞാനിക പ്രതിരോധത്തിന്റെ നോവൽഭാഷ്യമാണ് എരി.

**സഹായകഗ്രന്ഥങ്ങൾ**

1. പാമ്പിരിക്കുന്ന് പ്രദീപൻ, എരി, ഡി.സി. ബുക്സ്, കോട്ടയം,2017.

2. പാമ്പിരിക്കുന്ന് പ്രദീപൻ, ദലിത് സൗന്ദര്യശാസ്ത്രം,ഡി.സി. ബുക്സ്, കോട്ടയം, 2011.

3. ശ്രീകുമാർ കെ.(എഡി) നവനോവൽവസന്തം, പൂർണ പബ്ലിക്കേഷൻസ്,കോഴിക്കോട്,2017.

# കപ്പിത്താന്റെ ഭാര്യ - പ്രണയവും പ്രതീക്ഷയും ഒത്തുചേർന്ന ഉത്തരകാലത്തിന്റെ വായനാനുഭവം

**സിബിൾ സണ്ണി**

ഗവേഷകൻ, ഗവ. കോളേജ് കട്ടപ്പന

**പ്രബന്ധ സംഗ്രഹം:**

കാലഘട്ടത്തിന്റെ വ്യവഹാരങ്ങളെ ഗൗരവതരമായി അവതരിപ്പിക്കുന്നതിനുള്ള പ്രമേയങ്ങളുടെ ഉൾക്കരുത്തും ഭാഷാപരമായ നൈപുണ്യവും മലയാള നോവലിന്റെ പ്രത്യേകതയാണ്. മനുഷ്യ ജീവിതത്തെ സമഗ്രതയോടെ അവതരിപ്പിക്കുന്ന നോവൽ സാഹിത്യത്തിന്റെ ഉത്തരാധുനിക ചിന്താപരിസരവും സൗന്ദര്യാനുഭൂതിയും വൈവിധ്യം നിറഞ്ഞതാണ്. ചരിത്രത്തിന്റെ ബദൽ ആവിഷ്കാരങ്ങളും തിരസ്കൃതരുടെ കർത്തൃത്വ പ്രഖ്യാപനവും ലിംഗ നീതിയെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകളും ഹരിതസമവാക്യങ്ങളുടെ നിർമ്മിതിയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മുന്നേറ്റവുമെല്ലാം ഉത്തരകാല നോവൽ പ്രമേയങ്ങൾക്കു സൈദ്ധാന്തികമായി അടിസ്ഥാനം നൽകുന്നു. ചരിത്രവും വർത്തമാനകാല യാഥാർത്ഥ്യങ്ങളും ഭാവിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും സർഗവാസനയുടെ അതിശയിപ്പിക്കുന്ന രചനാ തന്ത്രങ്ങളിലൂടെ ഉരുത്തിരിഞ്ഞെത്തുമ്പോൾ ആസ്വാദകന്റെ മനസ്സിൽ ജീവിതക്കെക്കുറിച്ചുള്ള പുതിയ ചിന്തകളും പ്രതീക്ഷകളും ആകുലതകളും ഉടലെടുക്കുന്നു. വർത്തമാനകാല പരിഹ:സ്ഥിതികളുടെ കാലോചിതമായ രാഷ്ട്രീയ വിചാരത്തിനുള്ള സംവാദവേദിയായി ഉത്തരാധുനിക നോവലുകൾ ശക്തിപ്പെടുമ്പോൾ സാഹിത്യത്തിന്റെ സൗന്ദര്യമെന്ന ജൈവഘടനയ്ക്കും അതിന്റെ അനുഭൂതി പ്രവർത്തനങ്ങൾക്കും ചെറിയൊരളവിൽ പോലും മങ്ങലേറ്റിട്ടില്ല.

സിനിമയും ഡിജിറ്റൽ മാധ്യമങ്ങളും ആസ്വാദന മുഹൂർത്തങ്ങളെ കീഴടക്കുന്ന സമകാല അവസ്ഥയിൽ സാഹിത്യത്തിനു പുതിയ കാലത്തിന്റെ രസാനുഭൂതിയിൽ പ്രവർത്തിക്കാൻ ഏറെയുണ്ടെന്ന് വിശ്വസിക്കുന്ന യുവഎഴുത്തുകാരിൽ ഒരാളാണ് തിരക്കഥാകൃത്തായ ബിപിൻ ചന്ദ്രൻ. ആഴമേറിയ വായനയും സിനിമാ കാഴ്ചയുടെ ത്രസിപ്പിക്കുന്ന അനുഭവങ്ങളും കൈമുതലാക്കിയ ബിബിൻ ചന്ദ്രൻ എഴുതിയ ആദ്യ നോവലാണ് കപ്പിത്താന്റെ ഭാര്യ. പരിചിതമായ കഥാതന്തുവിലൂടെ വായനക്കാർക്ക് വ്യത്യസ്തമായൊരു അനുഭവം നൽകുന്ന നോവലിന്റെ ഉത്തരാധുനിക വായനയാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ**

**സമകാല മലയാള നോവൽ, കപ്പിത്താന്റെ ഭാര്യ, ഭ്രമാന്മകമായ വായനാനുഭവം, ദേശവും കാലവും, സ്ത്രൈണാനുഭൂതിയുടെ തീവ്രഭാവങ്ങൾ.**

സങ്കീർണ്ണമായ പ്രമേയമോ തിരസ്കൃതമായ കാഴ്ചകളുടെ കണ്ടെത്തലുകളോ നിലനിൽക്കുന്ന വസ്തുതകളുടെ ബദൽ അവതരണങ്ങളോ ഒന്നുമില്ലാതെ ലളിത സുന്ദരമയൊരു കഥാതന്തുവിനെ എഴുത്തുകാരന്റെ സർഗവാസനയുടെയും മനോധർമ്മത്തിന്റെയും ദിശാബോധത്തിന്റെയും കടലോളങ്ങളിലൂടെ വിന്യസിപ്പിച്ചു സഹൃദയനു ഇടവേളകളില്ലാത്ത വയനാനുഭവം സമ്മാനിക്കുന്ന നോലവാണ് കപ്പിത്താന്റെ ഭാര്യ. നോവലിന്റെ അവതാരികയിൽ പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ ഇപ്രകാരം എഴുതുന്നുണ്ട്. വായിക്കാൻ കൊള്ളാവുന്ന ഒരു കഥ വേണമെങ്കിൽ അറയ്ക്കാതെ, മടിക്കാതെ ഇങ്ങോട്ടു വന്നോളൂ. ബാറിൽ കേറി ഒരു നിപ്പനടിക്കുന്ന മട്ടിൽ ഒറ്റയടിക്ക് ഒരു കഥ ആസ്വദിച്ചിട്ട് പൊയ്ക്കോള്ളൂ. നാടൻ വാറ്റുപോലെ സാധനം നല്ല സ്വയമ്പനാണ്. ഒട്ടും മുഷിയില്ല. ജീവിതത്തിന്റെ ആമാശയത്തിലേക്ക് അതിങ്ങനെ എരിഞ്ഞിറങ്ങും. അവിടെ കിടന്ന് ഇത്തിരി പൊള്ളും. പിന്നേ തലയ്ക്കുപിടിക്കൂ. എഴുത്തുകാരൻ കഥ പറയുന്ന രീതിയിൽ അനായാസം

മുന്നോട്ടു കുതിക്കുന്ന നോവൽ സിനിമയിലെന്നപോലെ കാഴ്ചയുടെ രസം വായനക്കാരനു സമ്മാനിക്കുന്നു.

## പ്രമേയം, കഥാപരിസരം

കോട്ടയത്തിന്റെ ഗ്രാമീണാന്തരീക്ഷത്തിൽ 1980-കളിലാണ് കഥ നടക്കുന്നത്. കപ്പിത്താനായ ജോൺ ഫെർണാണ്ടസിന്റെ പെട്ടെന്നുള്ള തിരോധാനത്തിൽ തനിച്ചാകുന്ന ഭാര്യ റോസിലി ആന്റിയുടേയും അഭ്യസ്തവിദ്യനാണെങ്കിലും തൊഴിലില്ലായ്മ അലട്ടുന്ന ചെറുപ്പക്കാരനായ തോമസുകുട്ടിയുടെയും തോമസുകുട്ടിയുടെ പ്രണയിനിയായ ആനിയുടേയും കാത്തിരിപ്പിന്റെയും പ്രതീക്ഷയുടേയും കഥയാണ് കപ്പിത്താന്റെ ഭാര്യ.

പൊൻകുന്നത്തുള്ള ലീലാമഹൽ തീയേറ്ററിൽ മൈക്ക് അനൗസ്മെന്റുകാരനായി തൽക്കാലം പിടിച്ചുനിൽക്കുന്ന തോമസുകുട്ടി ഗ്രാമത്തിലെ ശാന്ത ആശുപത്രിയിലെ നേഴ്സ് ആനിയുമായി പ്രണയിത്തിലാകുന്നു. വായനാശാലയിൽ നിന്നെടുത്ത ബഷീറിന്റെ ഭാർഗവീനിലയം നോവലിന്റെ പേജുകളെ സംബന്ധിക്കുന്ന തർക്കമാണ് ഇരുവരെയും പിന്നീട് അടുപ്പിക്കുന്നത്. ജോൺ ഫെർണാണ്ടസിന്റെ തിരോധാനത്തിനു ശേഷം അദ്ദേഹം നടുക്കടലിൽ കപ്പലപകടത്തിൽപ്പെട്ട് മുങ്ങി മരിച്ചെന്നും കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയെന്നുമൊക്കെ നാട്ടുകഥകൾ പ്രചരിച്ചെങ്കിലും തന്റേടിയായ റോസിലിയാന്റി ജോൺ ഫെർണാണ്ടസ് തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ നാട്ടിലെ കൊട്ടാരസമാനമായ വീട്ടിൽ യാതൊരു കൂസലുമില്ലാതെ ഒറ്റയ്ക്കു താമസിക്കുകയാണ്. വിദേശത്തുള്ള മക്കൾ റോസിലിയാന്റിക്കു വേണ്ടി ഒരു ഹോം നേഴിസിനെ അന്വേഷിക്കുമ്പോൾ മറ്റാർക്കും ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും നാട്ടിലെ തന്റേടിയും സമ്പന്നയുമായ റോസിലിയാന്റിയുടെ വീട്ടിൽ ഹോം നേഴ്സായി ആനി ജോലിക്കു ചേരുന്നു. ആനിയുടെ സഹോദരൻ മഞ്ഞപ്പള്ളിൽ ബേബി തോമസുകുട്ടിയുടേയും ആനിയുടേയും പ്രണയത്തിന് തടസ്സമാകുമ്പോൾ ഏതുവിധേനയെങ്കിലും വിദേശത്തൊരു ജോലി

തരപ്പെടുത്തണമെന്ന ആഗ്രഹത്തോടെ വിസക്കായി പണം സംഘടിപ്പിച്ചു തന്റെ നാട്ടുകാരനും ബാല്യകാല സുഹൃത്തുമായ സോണിയെ ഏൽപ്പിക്കുന്നു. തോമസുകുട്ടിയെ ചതിച്ചു പണം കൊണ്ടു കടന്നുകളഞ്ഞ സോണിയെ പിന്നീട് എറണാകുളത്തുവച്ചു കണ്ടുപിടിക്കുകയും സോണിയുടെ പ്രാരാബ്ദകദനങ്ങൾ കേട്ടു മനസലിഞ്ഞു വീണ്ടും സൗഹൃദത്തിലാവുകയും ചെയ്ത തോമസുകുട്ടിയെയും സുഹൃത്തുക്കളെയും സോണി രണ്ടാമതൊന്നു കൂടി വഞ്ചിക്കുന്നു. വിദേശത്ത് കോമഡി പരിപാടികൾ അവതരിപ്പിക്കാൻ തോമസുകുട്ടി ഉൾപ്പെടുന്ന നാട്ടിലെ ട്രൂപ്പിനു അവസരം വാങ്ങി നൽകാം എന്ന് വിശ്വസിപ്പച്ചു കൂട്ടത്തിലുള്ള ജിബിച്ചന്റെ കിഡ്നി മോഷ്ടിച്ചു വിൽപ്പന നടത്താനുള്ള ശ്രമത്തെ തോമസുകുട്ടി അവിചാരിതമായി അറിയുകയും എതിർക്കുകയും ചെയ്യുമ്പോളുണ്ടാകുന്ന സംഘർഷത്തിൽ സോണി കൊലപ്പെടുന്നു. സോണിയുടെ മരണത്തിനു ശേഷം പോലീസ് പിടിക്കാതിരിക്കാൻ നാടുവിടാൻ തീരുമാനിച്ച തോമസുകുട്ടി മത്സ്യ തൊഴിലാളികളുടെ കൂടെ നീണ്ടകരയിൽ നിന്നും നടുക്കടലിലേക്കുള്ള മത്സ്യബന്ധനബോട്ടിൽ യാത്രയാകുന്നു.

നിർഭാഗ്യവശാൽ കാറ്റിലും മഴയിലുംപ്പെട്ടു ബോട്ട് പിറ്റേന്ന് ദിശ തെറ്റി മാലിദ്വീപിന്റെ കരക്കടിയുകയും മാലിദ്വീപ് പോലീസ് തോമസുകുട്ടി അടങ്ങുന്ന സംഘത്തെ എംബസി ഉദ്യോഗസ്ഥർ എത്തുന്നതുവരെ താത്കാലികമായി തടങ്കലിൽ പാർപ്പിക്കുകയും ചെയ്യുന്നു. രാത്രിയിൽ ജയിൽ വാർഡൻ സംഘത്തിലുണ്ടായിരുന്നൊരു ബാലനെ പീഡിപ്പിക്കാൻ ശ്രമിച്ചതു തടഞ്ഞ തോമസുകുട്ടിയോട് പോലീസുകാർക്ക് വിരോധമുണ്ടാവുകയും രാജദ്രോഹകുറ്റം ചുമത്തി തോമസുക്കുട്ടിയെ തിരിച്ചയക്കാതെ വിചാരണക്കായി ജയിലിലടയ്ക്കുകയും ചെയ്തു. സംഘാഗങ്ങൾ നാട്ടിൽ തിരിച്ചെത്തുമ്പോൾ വാർത്ത അറിയുന്ന സുഹൃത്തുക്കൾ തോമസുകുട്ടിയുടെ മോചനത്തിനായി രാഷ്ട്രീയ നേതാക്കളെയെല്ലാം കാണുന്നുണ്ടെങ്കിലും ഫലമൊന്നുമുണ്ടായില്ല. നാടിനെക്കുറിച്ചുള്ള ഓർമ്മകൾ അയവിറക്കിയും മനപ്പൂർവ്വം മറന്നും

തോമസുകുട്ടി മാലീദ്വീപിലെ ജയിൽ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ തുടങ്ങിയിരുന്നു. റോസിലിയാന്റിയുമായി ആത്മബന്ധം സ്ഥാപിക്കുന്ന ആനി തോമസുകുട്ടി തിരിച്ചുവരുമെന്ന പ്രതീക്ഷയിലും ജോൺ ഫെർണാണ്ടസ് തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ റോസിലിയാന്റിയും ദിവസങ്ങൾ തള്ളി നീക്കുന്നു. വർഷങ്ങൾക്കുശേഷം പള്ളിപെരുന്നാളിനു നടത്തിയ ടൈറ്റാനിക് സിനിമാ പ്രദർശനം കഴിഞ്ഞ് ആളുകളെല്ലാം മടങ്ങാനൊരുങ്ങുമ്പോൾ മാലിദ്വീപിലെ ജയിലിൽ നിന്നും അവിചാരിതമെന്ന മട്ടിൽ തോമസുകുട്ടി തിരിച്ചെത്തുന്നു. തോമസുകുട്ടിയോടൊപ്പം എല്ലാവരും മരിച്ചെന്നു വിശ്വസിച്ചിരുന്ന റോസിലിയാന്റിയുടെ ഭർത്താവ് ജോൺ ഫെർണാണ്ടസുമുണ്ടായിരുന്നു.

ലളിതമായൊരു പ്രമേയത്തെ സിനിമ കാഴ്ച്ചയെപ്പോലെ വായനക്കാരന്റെ മനസിൽ ദൃശ്യവൽക്കരിക്കുന്ന നോവലിൽ മലയാളികൾക്ക് പരിചിതമായ പ്രണയരംഗങ്ങൾ ഏറെയുണ്ടെങ്കിലും കാത്തിരിപ്പിന്റെയും പ്രതീക്ഷയുടെയും ഭ്രമിപ്പിക്കുന്ന ആവിഷ്കാര മുഹൂർത്തങ്ങളാണ് നോവലിനെ സമ്പന്നമാക്കുന്നത്.

നോവലിന്റെ വളർച്ച സിനിമയോട് ചേർന്നുനിന്നുകൊണ്ടാണ്. തീയേറ്ററിലെ മൈക്ക് അനൗൺസ്മെന്റുകാരനായ തോമസുകുട്ടിയുടെ ജീവിതത്തിലെ സമയം സിനിമയുടെ റിലീസ് തീയതികളാണ്. റാംജിറാവ് സ്പീക്കിംഗ്, നാടോടിക്കാറ്റ്, അമരം, ഹിസ്ഹൈനസ് അബ്ദുള്ള തുടങ്ങി മലയാളം, തമിഴ്, ഇംഗ്ലീഷ് സിനിമകളെ ആസ്പദമാക്കിയാണ് നോവലിലെ കാലഘട്ട സൂചനകൾ മുന്നോട്ടുപോകുന്നത്.

ലീലാമഹൽ തിയേറ്റർ നോവലിലെ പ്രധാനപ്പെട്ട കഥാപാത്രമെന്ന പോലെ കാലത്തെ നിയന്ത്രിക്കുന്നു. ഓരോ സന്ദർഭങ്ങളിലും സിനിമയിലെ ഓരോ കഥാപാത്രങ്ങൾക്കും സംഭവിക്കുന്ന കാര്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടും സിനിമ സംഭാഷണങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടും ബിപിൻ ചന്ദ്രൻ

തന്റെ മനസിലെ സിനിമാ പ്രേമത്തെ ഊട്ടി ഉറപ്പിക്കുകയാണ്. പുസ്തകത്തിന്റെ കവർ ചിത്രത്തിൽ ടൈറ്റാനിക്ക് സിനിമയുടെ വലിയ പരസ്യബോർഡിലേക്ക് നോക്കി നിൽക്കുന്ന രണ്ടു സ്ത്രീകളും അവരുടെ സമീപത്തൊരു പ്രീമിയർ പദ്മിനികാറും കാണാം. നോവലിന്റെ അവസാനഭാഗത്ത് റോസിയാന്റി എന്ന കഥാപാത്രത്തെ പൂർണ്ണമായും വായനക്കാർക്ക് മനസ്സിലാക്കികൊടുക്കുവാൻ ടൈറ്റാനിക് സിനിമക്ക് കഴിഞ്ഞിരുന്നു. സിനിമയും പ്രേക്ഷകനും തമ്മിലുള്ളൊരു ജൈവബന്ധത്തിന്റെ കഥ കൂടി ബിപിൻ ചന്ദ്രൻ കപ്പിത്താന്റെ ഭാര്യയിലൂടെ അവതരിപ്പിക്കുന്നു.

## ഉത്തരകാലത്തിന്റെ ചിന്തകൾ

നോവലിലെ ദേശവും, കാലവും ഭാഷയും കഥാപാത്രങ്ങളും ആധുനികോത്തര നോവലുകളുടെ സാധ്യതകളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നുണ്ട്. കോട്ടയത്തിന്റെ നഗരാന്തരീക്ഷത്തെ അടയാളപ്പെടുത്തിയ ലാജോ ജോസിന്റെ കോഫി ഹൗസിനെപ്പോലെ കോട്ടയം ജില്ലയിലെ ഗ്രാമങ്ങളുടെ സുക്ഷമദൃശ്യം അവതരിപ്പിച്ച എസ്. ഹരീഷിന്റെ മീശയപ്പോലെ കോട്ടയത്തിന്റെ ദേശാഖ്യായികയായി കപ്പിത്താന്റെ ഭാര്യയെ പരിഗണിക്കാം.

കോട്ടയം നഗരവും ചുറ്റുപാടുമുള്ള പ്രധാനപ്പെട്ട പ്രദേശങ്ങളും തീയേറ്ററുകളും പള്ളികളും ഗ്രാമീണമായ കാഴ്ചകളും നോവലിന്റെ ദൃശ്യ മനോഹാരിതയെ ആകർഷകമാക്കുന്നു. കോട്ടയത്തിന്റെ തനതു ഭാഷാശൈലിയിലുള്ള എഴുത്തുകാരന്റെ അവതരണവും കഥാപാത്രങ്ങളും സംഭാഷണവും ദേശത്തോടു വായനക്കാരനെ ഗാഢമായി അടുപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. കോട്ടയം ഭാഷാഭേദത്തിന്റെ ആദ്യവസാനം വരെയുള്ള പ്രയോഗം നോവലിന്റെ വായനയിൽ നോവൽ അവതരിപ്പിച്ചു കേൾക്കുന്നതിന്റെ പ്രതീതി സൃഷ്ടിക്കുന്നു. ബിപിൻ ചന്ദ്രന്റെ തന്നെ തിരക്കഥയിൽ പുറത്തിറങ്ങിയ 1983 സിനിമയുടെ കാലഘട്ട സൂചനയുമായി നോവലിനു ബന്ധമുണ്ട്. 1983-ൽ കാലത്തിന്റെ കണക്ക് പറയുന്നത് ക്രിക്കറ്റ് മത്സരങ്ങളാണ്. സമയത്തെയും

ദേശത്തേയും സംബന്ധിക്കുന്ന ആഖ്യാന മാതൃകളിലെ ഉത്തരാധുനിക സ്വഭാവം കപ്പിത്താന്റെ ഭാര്യയിലും പ്രകടമാണ്.

ചരിത്രവും നോവലിന്റെ ഭാഗമാകുന്നുണ്ട്. ഗൾഫ് യുദ്ധവും, ചാരക്കേസും 1980 മുതൽ കേരളത്തിൽ മാറി മാറി വരുന്ന സർക്കാരുകളും നോവലിന്റെ യാത്രയിൽ പശ്ചാത്തലമായി പ്രവർത്തിക്കുന്നുണ്ട്.

കാൽപനികമായ പ്രണയവും ആധുനികതയുടെ വ്യക്തി ദു:ഖവുമെല്ലാം നോവലിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ഭാർഗവീനിലയം വായിക്കുന്ന കാലത്ത് പാറേൽ തമരടിക്കുന്ന പോലെ കുത്തിവെപ്പ് എടുത്തിരിക്കുന്ന ആനി ബഷീറിന്റെ പ്രേമലേഖനത്തിൽ എത്തിയപ്പോഴേക്കും ഉറുമ്പ് കടിക്കുന്ന വേദനപോലുമില്ലാതെ സൂചി കേറ്റാൻ പഠിച്ചു. പ്രണയം കൊണ്ട് തളിർത്ത ആനിയെ നോവലിൽ വിശേഷിപ്പിക്കുന്നത് മറ്റത്തിൽകാരുടെ പറമ്പിൽ കൊല്ലം മൊത്തം റോസ് കളറിൽ തഴച്ചു നിൽക്കുന്ന മൊസാണ്ട പോലെ (ബിപിൻ ചന്ദ്രൻ; 2021, 17) എന്നാണ്. പ്രണയം ആനിയിൽ കാൽപനികമായൊരു രസച്ചരടായിരുന്നു. എന്നാൽ റോസിലിയാന്റിയോടൊപ്പം ചേർന്നപ്പോൾ പ്രണയത്തിന്റെ കാർക്കശ്യവും കാത്തിരിപ്പിന്റെ സംയമനവും ആനി ശീലിക്കുന്നു.

പുരുഷാധികാര സങ്കൽപങ്ങളെ ഗൗനിക്കാതെ ഗ്രാമീണ അന്തരീക്ഷത്തിൽ ജീവിക്കുന്ന നിരവധി സ്ത്രീ കഥാപാത്രങ്ങൾ മലയാള നോവൽ സാഹിത്യത്തിലുണ്ട്. മാറ്റാത്തിയിലെ ബ്രിജിത്തയും രാജീവ് ശിവശങ്കറിന്റെ റബ്ബേക്കയുമെല്ലാം ഇത്തരം കഥാപാത്രങ്ങൾക്ക് ഉദാഹരണങ്ങളാണ്. ബ്രജിത്തയേയും റബേക്കയേയും പോലെ പുരുഷ ധിക്കാരത്തിന്റെ പരിധികൾക്ക് കീഴ്പ്പെടാതെ തന്റേതായ സ്വത്വത്തെയും സ്വാതന്ത്ര്യത്തെയും മുറുകെ പിടിക്കുന്ന സ്ത്രീ കഥാപാത്രമാണ് റോസിലിയാന്റി.

അമേരിക്കൻ ലേഡി എന്ന് വിളിച്ചു നാട്ടുകാർ കളിയാക്കുമ്പോഴും തന്റേടിയും തൻപോരിമയുള്ളവളുമായ മുതുവട്ടുള്ള മൂശേട്ട തള്ള കെട്ടിയവന്

ഇല്ലാത്ത പെള്ളുമ്പിള്ള കരോട്ട കെളവി എന്നൊക്കെ നാൽക്കവലകളിൽ അടക്കം പറയുമ്പോളും റോസിലിയാന്റി പരിഭവം പറയുകയോ വീട്ടിൽ ഒളി ക്കുകയോ ചെയ്തിട്ടില്ല. തന്റെ ക്യാപ്റ്റൻ ഏതുനിമിഷവും കടന്നുവരുമെന്ന പ്രതീക്ഷയിൽ കൊട്ടാരസദൃശ്യമായ വീട് വൃത്തിയാക്കി ഭഷണം തയ്യാറാക്കി കാത്തിരിക്കുന്നു. തനിക്ക് ഇഷ്ടമുള്ള സംഗീതം ആസ്വദച്ച് പുസ്തകങ്ങൾ വായിച്ചു ശുഭ പ്രതീക്ഷയിൽ ജീവിക്കുന്ന റോസിലിയാന്റി ആനിക്ക് എന്നും ആശ്രയമായിരുന്നു.

ഡൽഹിയിലും ബോംബെയിലും പഠിച്ച റോസിലിയാന്റി, കരാട്ടേ അറിയാ വുന്ന റോസിലിയാന്റി, ഇരട്ടക്കുഴൽ തോക്കിനു ലൈസൻസുള്ള റോസിലി യാന്റി, കടുവയെപ്പോലത്തെ പട്ടിയെ വളർത്തുന്ന റോസിലിയാന്റി, ചൂട്ട ചേമ്പ് വായിലിട്ടാൽ നമ്മളുണ്ടാക്കുന്ന ഒച്ചപ്പാട് പോലെ ഹാഷ്പോഷ് ഇംഗ്ലീഷ് പറയുന്ന റോസിലിയാന്റി, നാട്ടിൽ കാണാത്ത ഫാഷൻ വേഷം ഇട്ടുനടക്കുന്ന റോസിലിയാന്റി, തലേൽ കേറി നെരങ്ങാൻ ആരേം സമ്മതിക്കാത്ത റോസി ലിയാന്റി. (ബിപിൻ ചന്ദ്രൻ; 2021, 22). നോവലിസ്റ്റിന്റെ കഥാപാത്ര വിശദീക രണം ദീർഘമാണ്. അത്രമാത്രം കരുത്തുറ്റ കഥാപാത്രമായി റോസിലിയാന്റി നോവലിലുടനീളം പ്രത്യക്ഷപ്പെടുന്നു.

പെരുന്നാളിന് പ്രദർശിപ്പിച്ച ടൈറ്റാനിക്ക് സിനിമ കാണാൻ ആനിയോടൊപ്പം പട്ടുസാരിയുമുടുത്ത് അണിഞ്ഞൊരുങ്ങി എത്തിയ റോസിലിയാന്റി സിനിമ യുടെ കഥാന്ത്യത്തിൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ഉച്ചസ്വരത്തിൽ കര യുന്നുണ്ട്. ആരുടെ മുന്നിലും ഒരു തുള്ളി കണ്ണുനീർ പോലും പൊഴിക്കാത്ത റോസിലിയാന്റിയുടെ സ്ത്രീ സഹജമായ ജൈവീകതയേയും മാനസീകഭാവ ത്തേയും നോവലിസ്റ്റ് ഒടുവിൽ വെളിപ്പെടുത്തുകയായിരുന്നു. പുരുഷാധി കാര ലോകത്തെ വകവയ്ക്കാതെ ജീവിക്കുന്ന റോസിലിയാന്റിയുടെ മന സിൽ മനുഷ്യസഹജമായ ആഴത്തിലുള്ള മുറിവുണ്ടെന്നും ആൺകോയ്മ യുടെ കപടവും സദാചാരവുമായ കണ്ണുകൾക്ക് സ്ത്രീത്വത്തിനെ വിലയിരു ത്താനാവില്ലെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് റോസിലിയാന്റി എന്ന

കഥാപാത്രം.

ഇന്റർനെറ്റും സാങ്കേതിക വിദ്യയും പാകപ്പെടാത്തൊരു കാലഘട്ടത്തിൽ വാരികകളും സിനിമാശാലകളിലെ ആഴ്ചതോറും മാറിവരുന്ന സിനിമകളും നാൽക്കാലകളിലെ സർഗാത്മക കേന്ദ്രങ്ങളായ ക്ലബ്ബുകളും ഉല്ലാസ കേന്ദ്ര ങ്ങളായി അരങ്ങുവാഴുന്ന കാലഘട്ടത്തിലെ ഗ്രാമീണ കൗമാര യൗവ്വനങ്ങ ളുടെ പ്രതീക്ഷയും ഉണർവ്വുമാണ് നോവലിന്റെ തുടിപ്പ്. സൗഹൃദവും പ്രണ യവും വഞ്ചനയുമെല്ലാം ജീവിതത്തിന്റെ ഒരു ഭാഗമാണെന്നും ആഴക്ക ടൽപോലെ പരന്ന ജീവിതം എന്നും പ്രതീക്ഷയുടെ ഒരു തീരം തേടുകയാ ണെന്നുമുള്ള സത്യം സമർത്ഥിക്കുവാൻ നോവലിലൂടനീളം എഴുത്തുകാ രൻ ശ്രമിക്കുന്നു. □സത്യം വന്ന് പെരുംനാക്ക് നീട്ടുമ്പം പശു നക്കിയ ക്ടാവി നെപ്പോലെ നമ്മള് ചെലപ്പം നനഞ്ഞൊട്ടി നിന്നുപോകും□ എന്നു സരളമായ വാക്കുകളിലൂടെ ബിപിൻ ചന്ദ്രൻ ജീവിതത്തിന്റെ അർത്ഥപാഠങ്ങളെ വരച്ചു കാട്ടുന്നു. പ്രതീക്ഷകൾ അസ്തമിക്കാത്ത മനുഷ്യമനസിന്റെ നൈസർഗീക മായ ആഗ്രഹങ്ങളുടെ ആകുലതകളുടെയും മധുരവായനയാണ് കപ്പിത്താന്റെ ഭാര്യ എന്ന നോവൽ.

**സഹായക ഗ്രന്ഥങ്ങൾ**

1. ബിപിൻ ചന്ദ്രൻ, കപ്പിത്താന്റെ ഭാര്യ, 2021, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

**URLS**

https://www.goodreads.com

https://malayalam.samayam.com

https://www.mathrubhumi.com

# ഉത്തരാധുനിക നോവൽ ആഖ്യാനത്തിലെ ബഹുസ്വരതകൾ തിരഞ്ഞെടുത്ത നോവലുകളെ മുൻനിർത്തിയുള്ള പഠനം

**ജോസഫ് വി.തോമസ്,**

എം.ഫിൽ മലയാളം, കേരള സർവ്വകലാശാല,കാര്യവട്ടം ക്യാമ്പസ്

**താക്കോൽ വാക്കുകൾ** :ചരിത്രത്തിന്റെ പുനർനിർമ്മാണം, ഭാഷാ സംവേദനം, സൈബർ ഇടം, ലിംഗനീതി, സ്ഥലഭാവന

**ആമുഖം**

നവീന മലയാള നോവലിന്റെ ആഖ്യാന പരിസരത്ത് കാലോചിതമായ പലതിന്റെയും സാന്നിധ്യമുണ്ട്. വൈജ്ഞാനിക മുന്നേറ്റത്തിന്റെ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നോവൽ ചരിത്രത്തെയും സാങ്കേതിക വിദ്യയെയും എതിർ ധ്രുവത്തിൽ നിർത്തുന്നില്ല. മനുഷ്യജീവിതത്തോടു ചേർന്ന് നിൽക്കുന്ന എല്ലാ ദാർശനിക വൈജ്ഞാനികാംശങ്ങളെയും നവീനമലയാള നോവൽ സ്വാംശീകരിച്ചിരിക്കുന്നു.ഇത്തരത്തിലൊരു അന്തരീക്ഷം സംജാതമാകുന്നതിൽ നിരവധി എഴുത്തുകാരുടെ സംഭാവനകൾ കാരണമായിട്ടുണ്ട്. ടി.ഡിരാമകൃഷ്ണൻ,ബെന്യാമിൻ എന്നീ എഴുത്തുകാരുടെ സംഭാവന ഈ മേഖലയിൽ നിസ്തുലമാണ്. ഇവരുടെ നോവലുകളായ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, മഞ്ഞവെയിൽ മരണങ്ങൾ എന്നീ നോവലുകളെ മാതൃകാപാഠങ്ങളായി സ്വീകരിച്ചു കൊണ്ട് മലയാള നോവൽ ആഖ്യാനത്തിലെ ബഹുസ്വരതകളെ സംബന്ധിച്ച ഒരു അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

## ഉത്തരാധുനിക നോവൽ ആഖ്യാനത്തിലെ ബഹുസ്വരതകൾ

നവീന മലയാളനോവൽ സവിശേഷമായ രീതിയിൽ പ്രമേയ വൈവിധ്യം ഉള്ളവയും വിവിധ പ്രശ്നമണ്ഡലങ്ങളെ ആവിഷ്കരിക്കുന്നയുമാണ്. അവ യഥാതഥ ജീവിതത്തെ പകർത്തുകയല്ല മറിച്ച് വിഭിന്നങ്ങളായ മണ്ഡലങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് അതിന്റെ ആഖ്യാനം നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. അവിടെ സാമൂഹ്യജാഗ്രതയും സൂക്ഷ്മ രാഷ്ട്രീയവും ചരിത്രത്തിന്റെ തന്നെ ജനപ്രിയ സ്വരൂപങ്ങളും മിത്തുകളുടെ പരകായപ്രേവേശവും മുന്നിട്ടു നിൽക്കുന്നു. ജൈവീകവും സ്വഭാവികവുമായ ജീവിതപ്രശ്നങ്ങളുടെ നിരന്തര സാന്നിധ്യവും യാഥാർത്ഥ്യവും ഭാവനയും ഭൂത- വർത്തമാന കാലങ്ങളുടെ കലർപ്പുകളുടെ സമ്മേളനവും കടന്നുവരുന്നു.

### ചരിത്രത്തിന്റെ പുനർനിർമ്മാണം

ആധുനികതയ്ക്കുശേഷമുള്ള മലയാളനോവലിലെ പ്രധാന സവിശേഷതകളിലൊന്ന് ചരിത്രത്തെ അഭിസംബോധന ചെയ്യാനുള്ള ശ്രമമാണ്.വ്യത്യസ്ത രീതിയിൽ ചരിത്രത്തിന്റെ വിവിധഘട്ടങ്ങളെ അഭിമുഖീകരിക്കുന്ന അവ സാമ്പ്രദായിക നിർവചനപ്രകാരമുളള നോവലുകളല്ല.ചരിത്രത്തെയും ചരിത്രരചനയെയും ഭാവനാത്മകമായി വ്യാഖ്യാനിക്കാനും ഭാവനാചിത്രങ്ങൾ നിർമിക്കാനും അവ ശ്രമിക്കുന്നു.[1] മിത്തും ചരിത്രവും അതിൽ കലങ്ങി മറിയുന്നു. ഈ സവിശേഷതകൾ ഉൾക്കൊള്ളുന്ന നോവലുകളാണ് ടി ഡി രാമകൃഷ്ണന്റെ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി , ബെന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങൾ എന്നിവ.

പുതിയ നൂറ്റാണ്ടിലെ മലയാള നോവലിന്റെ എഴുത്തിൽ പ്രമേയ വൈ വിധ്യം കൊണ്ടും അവതരണ ശൈലി കൊണ്ടും മികച്ചു നിൽക്കുന്നവയാണ് ടി.ഡി .രാമകൃഷ്ണന്റെ നോവലുകൾ.സമകാലിക ജീവിതപരിസരത്തിൽ നിന്നും ഭൂതകാലത്തിലേക്കും,ചരിത്രത്തിൽ നിന്ന് മിത്തുകളിലേക്കുമുള്ള സഞ്ചാരമാണ് സുഗന്ധി എന്ന ആണ്ടാൾ ദേവനായകി .'തമിഴ് -സിംഹള

രാഷ്ട്രീയ ചരിത്രത്തെ,ചരിത്രങ്ങളെക്കാൾ എല്ലുറപ്പുള്ള മിത്തുകളുടെ പിൻബലത്തിൽ അപനിർമ്മിക്കുകയാണ് ഈ നോവൽ ചെയ്യുന്നത്.[2] ദേവനായകി എന്ന മിത്തിക്കൽ കഥാപാത്രത്തിലേക്ക് വർത്തമാനകാല ചരിത്രവും രാഷ്ട്രീയവും സ്വാധീനം ചെലുത്തുന്നു. നോവലിൽ പരാമർശിക്കപ്പെടുന്ന ദേവനായകിയിൽ കതൈ ബംബറായക്, കറുപ്പ് തുടങ്ങിയ വെബ് മാഗസിനുകളിൽ മീനാക്ഷി രാജരത്തിനം എഴുതുന്ന കഥയാണ്.ശ്രീലങ്കയിലെ സിരിഗയിൽനിന്നു കണ്ടെത്തുന്ന പാലി ഭാഷയിൽ എഴുതപ്പെട്ട സുസാന സുപിന (സ്വപ്നങ്ങളുടെ ശ്മശാനം)എന്ന താളിയോല ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന ദേവനായകിയുടെ കഥയാണ് വിമോചന പോരാളികളുടെ ഓൺലൈൻ മാസികയിലൂടെ മീനാക്ഷി രാജരത്തിനം പുനരവതരിപ്പിക്കുന്നത്.നോവലിലെ കഥാപാത്രമായ രജനിതിരണഗാമ യെയും സുഗന്ധിയെയും പോലെ ഉള്ളവരുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന തരത്തിൽ ദേവനായകിയുടെ മിത്ത് മീനാക്ഷി രാജരത്തിനം നോവലിൽ പുനരവതരിക്കുന്നു.തന്റെ മുല അറുത്തെടുത്ത സിംഹളരാജാവിനെ ശപിച്ച തമിഴ് വീരനായകിയായിട്ടാണ് ദേവനായകിയുടെ ചിത്രം.ഭൂതകാലത്തിലെ മിത്തും വർത്തമാനകാലത്തിലെ രാഷ്ട്രീയവും ഇടകലർത്തിയുള്ള ശൈലിയാണ് നോവലിന്റെ പ്രത്യേകത.

പഴയകാല കേരളത്തിന്റെ കാന്തളൂർശാലയിൽ നിന്നും ചോള സാമ്രാജ്യത്തിന്റെ കാന്തമ്മാദേവിയരായി തീരുന്ന ദേവനായകി എന്ന മിത്താണ് നോവലിന്റെ ഒരു ആഖ്യാനതലമായി വികസിക്കുന്നത്.മറുവശത്ത് വിടുതലൈ പോരാട്ടങ്ങൾക്ക് ഒടുവിൽ ശ്രീലങ്കൻ പട്ടാളത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ട സുഗന്ധി.അവളുടെ പ്രവർത്തനങ്ങൾ ആകട്ടെ ഭരണകൂടത്തിന്റെ ഫാസിസ്റ്റ് പ്രവർത്തനങ്ങൾക്കെതിരെ ഉള്ള പോരാട്ടമായി മാറുന്നു. ചരിത്രത്തെ വർത്തമാനകാല യാഥാർഥ്യങ്ങളുമായി കോർത്തിണക്കുന്നതാണ് സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ ആഖ്യാന തലം.നൂറ്റാണ്ടുകൾക്കു മുമ്പുള്ള ചേര-ചോള സാമ്രാജ്യങ്ങളുടെ ചരിത്രവും

ശ്രീലങ്കയിലെ സിംഹള രാജാവുമായുള്ള വൈരവും ദേവനായകി എന്ന മിത്തിനൊപ്പം നോവലിൽ ചർച്ചയ്ക്ക് വിധേയമാകുന്നു.

കേരളത്തിന്റെ ഭൂതകാലചരിത്രത്തിലെ തമസ്കരിക്കപ്പെട്ട ഏടുകളിലേക്ക് വെളിച്ചംവീശുന്ന നോവലാണ് ബെന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങൾ .തലമുറകളായി കൈമാറിവന്നതും എഴുതിവയ്ക്കപ്പെട്ട ചരിത്രത്തിനുമപ്പുറം കാലത്തിന്റെ കുത്തൊഴുക്കിൽ ആണ്ടുപോയ ഒട്ടേറെ പാഠഭേദങ്ങളാണ് യഥാർത്ഥ ചരിത്രമെന്ന് നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു, ഈ നോവൽ. വർത്തമാനകാലത്തിൽ നിന്നുകൊണ്ട് കഥാപാത്രങ്ങൾ തങ്ങളുടെ സ്വത്വാന്വേഷണത്തിന്റെ ഭാഗമായി എത്തപ്പെടുന്നത് പിതാക്കന്മാരുടെ ലോകത്താണ്.അവരുടെ വർത്തമാന സന്ദേഹങ്ങളുടെ ഉത്തരങ്ങൾ നൽകുന്നത് ചരിത്രമാണ്.നോവലിൽ ഭൂതകാല വർത്തമാനകാല ചരിത്ര ങ്ങൾ ഇടകലർന്നിരിക്കുന്നു. വർത്തമാനകാല ചരിത്രത്തിൽ വായനക്കാരന്റെ ബോധമണ്ഡലം തൊട്ടറിഞ്ഞിട്ടുള്ള യാഥാർത്ഥ്യം എവിടെവച്ചാണ് ഭാവന യ്ക്ക്, ഫിക്ഷന് വഴിമാറുന്നതെന്ന് തിരിച്ചറിയാനാവാതെ കുഴങ്ങുകയും ഒപ്പം ഭൂതകാലത്തിലെ സുപരിചിതരും അപരിചിതരുമായ വ്യക്തികൾ കഥാഗതിയിലെ നിർണ്ണായക നിമിത്തങ്ങളാകുകയും ചെയ്യുന്നു.[3]

പാശ്ചാത്യ കൊളോണിയൽ സംസ്കാരം നിർമ്മിച്ചെടുത്ത കേരള-ഭാരത ചരിത്രവും അതിനെ അടിസ്ഥാനമാക്കി നൂറ്റാണ്ടുകളായി പിന്തുടർന്ന് കൊണ്ടിരിക്കുന്ന ചരിത്രവുമാണ് നമുക്കുള്ളത്. ഇവിടെ തമസ്കരിക്കപ്പെട്ടു പോയ അനേകം ചരിത്രധാരകൾ ഉണ്ട്.അത്തരത്തിലൊന്നാണ് മഞ്ഞ വെയിൽ മരണങ്ങളിലെ വില്ലോർവട്ടം സ്വരൂപത്തിന്റെ ചരിത്രം .ഒരു കഥാ കാരന് എല്ലാ രചന സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്താലും വില്ലോർവട്ടം എന്ന പ്രബലമായ ക്രൈസ്തവരാജവംശം ഇവിടെ നിലനിന്നിരുന്നുവെന്നും പോർച്ചുഗീസുകാരുടെ വരവിനുശേഷം അവരുടെ സാമ്രാജ്യമോഹങ്ങളിലും ചതികളിലും പെട്ട് പാലിയത്തച്ചന്റെ സഹായത്തോടെ ചരിത്രത്തിൽ നിന്നും നിശേഷമായി തുടച്ചു മാറ്റപ്പെടുകയാണുണ്ടായത്.[4] മഞ്ഞവെയിൽ മരണ

ങ്ങൾ ദൃശ്യവൽക്കരിക്കുന്ന ചരിത്ര ഭൂമികകൾ ഒന്നിലധികം ഉണ്ടെങ്കിലും അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കേരളചരിത്രത്തിൽ വിസ്മൃതിയിലാണ്ടുപോയ വില്ലോർവട്ടവും അവിടുത്തെ മറിയം രാജകുമാരിയുടെ പ്രണയകഥയും പാലിയത്തച്ചന്റെ ചതിയുടെ കഥയും മറ്റൊരു വ്യത്യസ്തമായ പരിസരത്തിൽ പുനർജനിക്കുകയാണ്. പാലിയത്തച്ചന്റെ ചതിയിൽ സാക്ഷിയായിരുന്ന അന്ത്രപ്പേറിന്റെ ഡീഗോ ഗാർഷ്യയിൽ മറിയം ശക്തമായ മാതൃദൈവമായി പരിണമിച്ചത് ചരിത്രത്തിന്റെ വിധിതീർപ്പാണ്. ഭൂതകാലത്തിൽ എവിടെയോ വിസ്മൃതിയിലാണ്ടുപോയ ചരിത്രത്തിന്റെ പുനർനിർമ്മാണമാണ് മഞ്ഞവെയിൽ മരണങ്ങൾ . ചരിത്രവും മിത്തും ഓർമ്മയും അനുഭവവും ഭൂതവും വർത്തമാനവും മറ്റു നോവലിന്റെ ആഖ്യാനപൂർത്തീകരണത്തിന് സാക്ഷ്യം നൽകുന്നു.

നവീന മലയാള നോവലിന്റെ ആഖ്യാന പരിസരം ചരിത്രത്തെ യഥാതഥമായി ആവിഷ്കരിക്കുകയല്ല ചെയ്യുന്നത് .മറിച്ച് ആധികാരിക ചരിത്രങ്ങളെ ഉടച്ചുവാർത്തും അഴിച്ചു പണിതും സൃഷ്ടിച്ചെടുക്കുന്ന സമാന്തര ജനകീയ ചരിത്രങ്ങളായി അവ മാറുകയാണ് ചെയ്യുന്നത്. വിസ്മൃതിയിലാണ്ടുപോയ ചരിത്രവസ്തുതകളെ ഭാവനയുടെ പിൻബലത്തോടെ ജനകീയ ചരിത്രമായി മാറ്റിയെടുക്കുകയാണ് നവീനമലയാളനോവൽ. വർത്തമാനകാലത്ത് നിന്നുകൊണ്ട് ഭൂതകാലത്തിലേക്ക് തിരിച്ചുപോയി ചരിത്രത്തെ പുനർനിർമ്മിക്കുകയാണിവിടെ. ചരിത്രവൽക്കരണത്തിന്റെ പാഠരൂപമെന്ന നിലയിൽ പ്രകാശിതമാകുന്ന ആധുനികാനന്തര സാഹിത്യ പ്രവണത മലയാളനോവലിൽ കണ്ടെത്താം. അതിനായി മിത്തും ചരിത്രവും ഇടകലർത്തി ഭാവനാത്മകമായി പുന:സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

**ഭാഷാ സംവേദനം**

നവീനനോവൽ മുഖ്യമായും അതിന്റെ ആഖ്യാനസ്വഭാവം പ്രകടിപ്പിക്കുന്നത് അതിന്റെ ഭാഷയിലാണ്. ജീവിതത്തെ യഥാതഥമായി പകർത്തുകയല്ല, മറിച്ച് ഇതിവൃത്തത്തിലും പ്രമേയസ്വീകരണത്തിലും വ്യത്യസ്തത

പുലർത്തുകയാണ് ചെയ്യുന്നത്. വർത്തമാനകാലത്തെ തികച്ചും വ്യത്യസ്തമായി നോക്കികാണുന്നതിനും സമർത്ഥമായി അത് പ്രയോഗിക്കുന്നതിനുമിണങ്ങുന്ന തരത്തിലാണ് നോവലിന്റെ ഭാഷ. സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിൽ ടി.ഡി.രാമകൃഷ്ണൻ തികച്ചും സാധാരണ ഭാഷയിൽ തന്നെയാണ് രചന നിർവഹിച്ചിരിക്കുന്നത്. നവീനമാധ്യമങ്ങളുടെ നോവലിലെ സാന്നിധ്യത്തിന് മിഴിവേകുന്നതിന് സുപ്രധാന പങ്കുവഹിക്കുന്നത് ആംഗലേയഭാഷയുടെ സാന്നിധ്യമാണ്.ഇംഗ്ലീഷ് ഭാഷയെ മലയാളീകരിക്കുകയല്ല മറിച്ച് അതേപോലെതന്നെ ആവിഷ്കരിച്ചിരിക്കുന്നു.തെളിഞ്ഞതും സജീവവുമായ ഒരു ആഖ്യാന ഭാഷയാണ് നോവലിലേത്.ചരിത്രത്തിന്റെ ഇഴപിരിക്കുന്ന അവസരത്തിൽ സങ്കീർണമായ പദഘടനയ്ക്കോ ദീർഘവാക്യങ്ങൾക്കോ മുതിരാതെ തികച്ചും സാധാരണമായ വർത്തമാനകാല വ്യവഹാരഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. അതുതന്നെയാണ് ഈ നോവലിന്റെ ജനപ്രിയതയ്ക്കു കാരണമായിത്തീരുന്നത്. ഗദ്യഭാഷയുടെ പ്രസക്തവും ഗംഭീരവുമായ മുഖം ഈ നോവലിൽ കണ്ടെത്താം. ആംഗല പദങ്ങളും വാക്യങ്ങളും ചിലപ്പോൾ കവിത ഭാഗങ്ങളും ഈ നോവലിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

ബെന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങളും ഭാഷാപരമായ വ്യത്യസ്തത പുലർത്തുന്നു.നോവൽ ആരംഭിക്കുന്നത് ഒരു യാത്രയുടെ അന്ത്യത്തിലാണ്. അവസാനം ആകട്ടെ അനുബന്ധം ഒഴിച്ചുനിർത്തിയാൽ ഒരു മടക്കയാത്രയുടെ തുടക്കത്തിലും, അനുബന്ധം അവസാനിക്കുന്നത് അധിനിവേശത്തിന്റെ മറ്റൊരു യാത്രയുടെ സൂചനയിലും. ഇവിടെയെല്ലാം തന്നെ വളരെ തന്മയത്വത്തോടെ ഭാഷയെ കൈകാര്യം ചെയ്തിരിക്കുന്നു. ഈ നോവൽ രണ്ട് എഴുത്തുകാർ എഴുതിക്കൊണ്ടിരിക്കുന്ന രണ്ട് നോവലുകൾക്കിടയിൽ വന്നു ഭവിക്കുന്ന സംഭവങ്ങളും അവയുടെ കുറിപ്പുകളുമാണ്.ആദ്യത്തേത് ബെന്യാമിൻ എഴുതിക്കൊണ്ടിരിക്കുന്ന നെടുമ്പാശ്ശേരി എന്ന നോവൽ.രണ്ടാമത്തേത് ക്രിസ്റ്റി അന്ത്രപ്പേർ എഴുതിക്കൊണ്ടിരിക്കുന്ന പിതാക്കന്മാരുടെ പുസ്തകം. ക്രിസ്റ്റിയുടെ പിതാക്കന്മാരുടെ പുസ്തകം

ബെന്യാമിന് ലഭിക്കുന്നതോടെ അന്വേഷണമായി അത് മാറ്റപ്പെടുന്നു. ഈ സാഹചര്യങ്ങളിൽ എല്ലാം തന്നെ ഗ്രാമ്യവും വർത്തമാനകാല ജീവിതപരിസരവുമായി ഇണങ്ങി പോകുന്ന ഭാഷാസവിശേഷത നോവൽ പുലർത്തുന്നു.ഗ്രാമജീവിതത്തിന്റെ വിനിമയ ഭാഷയുടെ സ്വാധീനമാണ് ബെന്യാമിന്റെ എഴുത്തിന്റെ പ്രത്യേകത. എഴുത്തുകാരനിലെ ഭാഷ സൃഷ്ടിക്കപ്പെടുന്നതാകട്ടെ അയാളിലെ സ്വാഭാവിക പ്രേരണയാലാണ്. ഈ സ്വാഭാവികതയാണ് മഞ്ഞവെയിൽ മരണങ്ങളെ വ്യത്യസ്തമാക്കുന്നത്.

ലളിതവും ഏകതാനതവുമായ പ്രതിപാദന സമ്പ്രദായമാണ് നവീന നോവലിന്റെ പ്രത്യേകത.ഭാഷാ പരീക്ഷണങ്ങൾക്കോ ഉപഭാഷ സൃഷ്ടിക്കോ ശൈലീവൽക്കരണത്തിനോ ബോധപൂർവ്വമായയൊരു ശ്രമവും ഇവിടെ കാണുന്നില്ല.എന്നാൽ പ്രതിപാദ്യം ആവശ്യപ്പെടുന്ന ഭാഷാപരമായ മിശ്രവ്യവസ്ഥ കാണാം. കമ്പ്യൂട്ടർ സാങ്കേതികത മഞ്ഞവെയിൽ മരണങ്ങളിലും,സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിലും കേവലമായ ഒരു സാന്നിധ്യത്തിനപ്പുറം രൂപഘടനയുടെ  പ്രബലമായ സ്വാധീനശക്തിയായി മാറിയിട്ടുണ്ട്. പിന്തുടർന്നു വന്നിരുന്ന കഥാനുശീലന രീതിക്കും ഭാവുകത്വത്തിനും വ്യതിരിക്തമായ സ്വരങ്ങൾ ഈ നോവലുകളിൽ കണ്ടെത്താം.

**സൈബർ ഇടത്തിന്റെ സ്വാധീനം**

വിവരസാങ്കേതികവിദ്യയുടെ അത്ഭുതലോകമാണ് സൈബർ ഇടം പ്രദാനം ചെയ്യുന്നത്. സൈബർ ഇടത്തിന്റെ സ്വാധീനം നവീന മലയാള നോവലിൽ ഒളിഞ്ഞും തെളിഞ്ഞും കടന്നുവരുന്നു.ഇലക്ട്രോണിക് മാധ്യമങ്ങളുടെ ശക്തമായ സ്വാധീനമാണ് ഈ രീതിക്ക് ആക്കം കൂട്ടിയത്. മനുഷ്യപരിണാമത്തിലെ തന്നെ അടുത്ത ഘട്ടത്തിന്റെ മിത്തുകളും ഇതിഹാസങ്ങളുമെന്ന് സൈബർ സാഹിത്യത്തെ വിശേഷിപ്പിക്കുമ്പോൾ, വ്യവസായാധുനികതയിൽ നിന്ന് വിവരസാങ്കേതികതയുടെ ഘട്ടത്തിലേക്കു പരിണമിച്ച ചരിത്രാനുഭവത്തെയാണ് തിമോത്തിലെവിൻ അർത്ഥമാക്കുന്നത്. ഫെഡറിക് ജയിംസണാകട്ടെ പിൽക്കാലമുതലാളിത്തമെന്ന

ആധുനികാനന്തര സാമൂഹ്യവ്യവസ്ഥയുടെ ഏറ്റവും ഉജ്ജ്വലമായ സാഹിത്യാവിഷ്കാരം എന്നാണ് സൈബർ ഭാവനയെ വിളിക്കുന്നത്. ബഹുരാഷ്ട്ര സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെയും ആഗോളക്രമരാഹിത്യങ്ങളുടെയും ആവിഷ്കാരണമായതുകൊണ്ടാണ് സൈബർസാഹിത്യത്തിന് ഈ അവസ്ഥ കൈവന്നത് എന്നും ജയിംസൺ വിശദീകരിക്കുന്നു.[5] ഈ സവിശേഷത ഓരോ സാഹിത്യ നിർമ്മിതിയിലും കടന്നു വരുന്നു. നവീനമലയാളനോവലിലും ഈ പ്രവണത കണ്ടെത്താം.

ടി.ഡി.രാമകൃഷ്ണന്റെ സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ പ്രമേയം വികസിക്കുന്നത് പല കഥാപാത്രങ്ങളുടെ വീക്ഷണത്തിൽ നിന്നാണ്. ഇതിന് സഹായകമായി വർത്തിക്കുന്നതാകട്ടെ ഇ-മെയിലുകളും ബ്ലോഗുകളും വെബ്സൈറ്റുകളുമാണ്.പീറ്റർ ജീവാനന്ദമെന്ന സംവിധായകൻ സുഗന്ധിയിലേക്ക് എത്തിച്ചേരുന്നത് നല്ലൂർ ശിവചിദംബരമെന്ന ശ്രീലങ്കൻ അഭയാർത്ഥി നേതാവിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയിരുന്ന കറുപ്പ് എന്ന വെബ്മാസികയിലൂടെയാണ്. ഈഴത്തച്ചിയെന്നതൂലികാനാമത്തിൽ സുഗന്ധി ഈ വെബ് മാസികയിൽ കഥകളും കവിതകളും എഴുതിയിരുന്നു. ആന്റിണി പീറ്റർ ജീവാനന്ദത്തിനയച്ചിരുന്ന ഇ-മെയിലിലൂടെ ഒരു പെൺ പോരാളിയിൽ വാഴ്ക്കൈ കുറിപ്പുകൾ എന്ന സുഗന്ധിയുടെ ആത്മകഥ അനുവാചകനുമായി സംവദിക്കുന്നത് കാണാം.കറുപ്പിന്റെ വെബ്സൈറ്റിലൂടെ തന്നെയാണ് മീനാക്ഷി രാജരത്തിനം എഴുതിയ ദേവനായകിയിൻ കതൈയും നോവലിൽ കടന്നുവരുന്നത്. ഈ വെബ് മാസികയുടെ അന്ത്യത്തിൽ പ്രത്യക്ഷപ്പെട്ട കമന്റുകളുടെ സാന്നിധ്യം വർത്തമാനകാല ജീവിതപരിസരവുമായി ഒത്തുചേർന്നു പോകുന്നതാണ്. കാരണം സമകാലിക വിഷയങ്ങളോട് പ്രതികരിക്കുവാനും അവരവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുവാനുള്ള മാർഗ്ഗമായിട്ടാണ് സാമൂഹ്യമാധ്യമങ്ങളിലെ ഈ ഇടത്തെ പ്രയോജനപ്പെടുത്തുന്നത്. അത് പുതിയ അറിവുകൾ നൽകുകയും വ്യത്യസ്ത വീക്ഷണങ്ങളുടെ ഉറവിടമായി മാറ്റപ്പെടുകയും ചെയ്യുന്നു. പീറ്റർ ജീവാനന്ദത്തിന്റെ സുഗന്ധിയെ തേടിയുള്ള യാത്രയിൽ

സഹായമായി വർത്തിക്കുന്നത് സൈബറിടത്തിന്റെ സാന്നിധ്യമാണ്. അതിലൂടെ പുതിയ അറിവുകളിലേക്ക് അയാൾ കടക്കുന്നു. ഈ അന്വേഷ ണങ്ങളിൽ മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിന് ഇ-മെയിലിന്റെ സഹായമാണ് തേടുന്നത്.

സുഗന്ധി തന്റെ രചനകൾ കൈമാറുന്നതിനും പ്രസിദ്ധീകരിക്കുന്നതിനു മൊക്കെ ഉപയോഗപ്പെടുത്തുന്നത് സൈബർ ഇടം തന്നെയാണ്. പ്രതിസന്ധികളിൽ പോലും സുഗമമായി തന്റെ ആശയങ്ങളെ ലോകത്തോട് അറിയിക്കുവാൻ സുഗന്ധിക്ക് സൈബർ ഇടം തുണയായി മാറുന്നു.പീറ്ററും സുഗന്ധിയും തമ്മിലുള്ള കൂടിക്കാഴ്ചകളും സംഭാഷണങ്ങളുമെല്ലാം തന്നെ നവീന മാധ്യമങ്ങൾ വഴിയാണ്.ദേവനായകിയുടെ കഥ സുഗന്ധിയുടെ തന്നെ കഥയായി മാറുന്നതിലും വികാസം പ്രാപിക്കുന്നതിലും സൈബറിടത്തിൽ സാന്നിധ്യം നോവലിൽ കണ്ടെത്താം.സുഗന്ധിയുടെ മരണത്തിന്റെ വിവരണമായി മാറുന്നത് ഫേസ്ബുക്ക് കമൻറുകളാണ്.

സ്ഥല-കാലങ്ങളെയും ദേശ-ഭാഷകളെയും അട്ടിമറിക്കുന്ന തരത്തിലേക്ക് നോവലിൽ സൈബർ ഭാവനയുടെ ചിത്രണം കാണാം. അതിന് സഹായകമാകുന്നത് വർത്തമാനകാല ജീവിതപരിസരമാണ്. ഇന്റർനെറ്റിന്റെ സ്വാധീനം സമസ്ത മേഖലകളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഈ സവിശേഷ സാഹചര്യത്തിലാണ് നവീന മലയാളനോവലിന്റെ ഭാവുകത്വ പരിസരത്തിലേക്കും സൈബറിടത്തിന്റെ സാന്നിധ്യം കടന്നുവരുന്നത്.

ഈ സവിശേഷതയിൽ നിന്ന് ഭിന്നമല്ല ബെന്യാമിന്റെ മഞ്ഞവെയിൽ മര ണങ്ങൾ. നേരിട്ട് കഥ പറയുന്ന രീതിയിൽ നിന്നും ഭിന്നമായി അയഥാർത്ഥ തയെ യഥാതഥമെന്ന് തോന്നിപ്പിക്കുന്ന ഇന്റർനെറ്റിലൂടെയാണ് കഥ പറയുന്നത്. ബെന്യാമിനു ലഭിക്കുന്ന ഇ-മെയിലുകളിലൂടെയാണ് നോവ ലിന്റെ ആരംഭം. ഇ-മെയിലിൽ തുടങ്ങി ഫേസ്ബുക്ക് വരെയുള്ള ആധുനിക ലോകത്തിന്റെ സാങ്കേതിക സംജ്ഞകളെ നിർലോഭം തന്റെ നോവലിൽ

ആവിഷ്കരിക്കുന്നു. സൈബർ ലോകത്തിലെ പ്രധാന സങ്കേതങ്ങളായ ഇവയൊക്കെ തന്നെയാണ് നോവലിന്റെ കഥാഗതിയെ മുന്നോട്ട് നയിക്കുന്ന പ്രേരക ഘടകങ്ങൾ.

നോവലിലെ ക്രിസ്റ്റി അന്ത്രപ്പേർ എന്ന കഥാപാത്രം ബെന്യാമിനുമായി ആശയവിനിമയം നടത്തുന്നത് ഇ-മെയിൽ എന്ന മാധ്യമത്തിലൂടെയാണ്. ഇ-മെയിലിലൂടെ തന്നെയാണ് ക്രിസ്റ്റി അന്ത്രപ്പേർ എഴുതുന്ന പിതാക്കന്മാരുടെ പുസ്തകത്തിന്റെ ചുരുളുകൾ വായനക്കാരിലേക്ക് എത്തിച്ചേരുന്നതും. ക്രിസ്റ്റി എഴുതുന്ന തന്റെ ജീവിത കഥയിലൂടെ തന്റെ മുൻകാല സുഹൃത്തുക്കളെ കണ്ടെത്തുന്നതിനായി ഓർക്കുട്ടിൽ സെന്റ് ജോസഫ് സെലൂഷ്യ എന്ന പേരിലൊരു കമ്മ്യൂണിറ്റി തുടങ്ങുന്നു.തന്റെ സുഹൃത്തുക്കളിലേക്കുള്ള ദൂരം കുറയ്ക്കുന്നതിന് ഇതിലൂടെ ക്രിസ്റ്റിക്ക് സാധിക്കുന്നതായി കാണാം. ഈ കമ്മ്യൂണിറ്റിയിൽ നിന്നുമാണ് പിതാക്കന്മാരുടെ പുസ്തകത്തിലെ രണ്ടാം ഭാഗം ലഭിക്കുന്നത്.നോവലിന്റെ കഥാഗതിയെ മുന്നോട്ടു നയിക്കുന്ന പിടിവള്ളിയായി ഇവ മാറ്റപ്പെടുന്നു. നോവലിലെ ഭൂരിഭാഗം അവസരങ്ങളിലും വിദൂരങ്ങളിൽ ഉള്ളവരുമായി സുഗമമായ ആശയവിനിമയത്തിനായി ഇ-മെയിലുകളെ ആശ്രയിക്കുന്നതായി കാണാം. ക്രിസ്റ്റി അന്ത്രപ്പേറിലേക്കുള്ള ബെന്യാമിന്റെയും വ്യാഴചന്തയുടെയും അന്വേഷണങ്ങൾക്ക് പ്രേരകമാകുന്നതും മെയിലുകൾ തന്നെയാണ്. ഓർക്കുട്ടിനുശേഷം ജനശ്രദ്ധ തിരിഞ്ഞ ഫേസ്ബുക്ക് എന്ന സാമൂഹ്യ മാധ്യമത്തിലേക്കുള്ള ചുവടു മാറ്റം ബെന്യാമിൻ നോവലിൽ അവതരിപ്പിച്ചിട്ടുണ്ട്. സാങ്കേതിക മേന്മയും പുതുമയും ഉൾക്കൊള്ളുന്ന സമൂഹമാധ്യമങ്ങൾ എപ്രകാരമാണ് സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നുവെന്ന് ഇവിടെ നിന്നും മനസ്സിലാക്കാം.

കാലം, ദേശം, ഭാഷ തുടങ്ങിയവ സൈബർ ഇടത്തിന്റെ സ്വാധീനത്താൽ അപ്രധാനമായി തീരുന്നു. സാമൂഹിക സമവാക്യങ്ങളും മാനുഷിക മൂല്യങ്ങളും ഈ സവിശേഷ സാഹചര്യത്തിൽ സമൂല പരിണാമത്തിന്

വിധേയമാകുന്നതായി കാണാം. കാരണം നമ്മുടെ ദൈനംദിനജീവിതത്തിൽ തന്നെ ഒട്ടും ഒഴിച്ചുകൂടാനാവാത്ത തരത്തിൽ സൈബർഇടം സ്വാധീനം ചെലുത്തുന്നു.ഈ സാഹചര്യത്തിലാണ് നവീന നോവലിൽ പൊതുവായി കടന്നുവരുന്ന സൈബറിടത്തിന്റെ സ്വാധീനം .ഇലക്ട്രോണിക് മാധ്യമങ്ങൾ സമൂഹത്തിൽ ഒരു പുതിയ വിവര-വിനിമയ-വിനോദ സംസ്കാരം തന്നെ രൂപീകരിച്ചിരിക്കുന്നു. ഈ സവിശേഷത നവീന നോവലിലെ ഒരു പ്രധാന ഘടകമാണ്. ഈ സവിശേഷത പരിഗണിക്കുമ്പോൾ കേരളീയ സമൂഹം ഒരു സൈബർ സമൂഹമായി പരിണമിച്ചുകൊണ്ടിരിക്കുന്നതായി കാണാം. ഇതിന്റെ അനുരണങ്ങൾ തന്നെയാണ് നവീനനോവലിൽ കണ്ടെത്താൻ സാധിക്കുന്നത്. വ്യാജ ചിഹ്നങ്ങളും അയഥാർത്ഥത്തിന്റെ പുതുലോകങ്ങളും മലയാളിയുടെ ജീവിതപരിസരത്ത് കടന്നുവരുന്നു. സൈബറിടത്തിന്റെ സ്വാധീനം പങ്കുവയ്ക്കുന്ന മാനവികതയുടെ മാറ്റത്തിന്റെ ചിത്രണമായി ഓരോ നവീന നോവലും മാറ്റപ്പെടുന്നു. അവിടെ വൈവിധ്യമാർന്ന ഭാഷയും സ്ഥലകാലങ്ങളും സാമൂഹികാവസ്ഥയും നോവലിന്റെ ആഖ്യാനപാഠത്തി ലേക്ക് കടന്നുവരുന്നു. അതിനു പ്രേരകമാകുന്നതാകട്ടെ സൈബർ ഇടത്തിന്റെ സ്വാധീനവുമാണ്.

**വിസ്മൃതിയിലാകുന്ന ലിംഗനീതികൾ**

നവീന നോവൽ പ്രശ്നവൽക്കരിക്കുന്ന മറ്റൊരു തലം ലിംഗനീതിയുടേ താണ് . ഈ പ്രവണത ഒട്ടേറെ ചർച്ചകൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു. സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിൽ സ്ത്രീയെ പരാജയപ്പെടു ത്താനുള്ള ഉപാധിയായിട്ടാണ് ലൈംഗികതയെ കാണുന്നത് . സിംഹളർക്കെ തിരെപോരാടുന്ന പെൺ പോരാളികൾക്കും മനുഷ്യാവകാശ പ്രവർത്തകർ ക്കുമുള്ള ശിക്ഷയായി അവരെക്കൊണ്ട് സിംഹള കുട്ടികളെ പ്രസവിപ്പിക്കുക എന്നതാണ്.അനീതിക്കെതിരെ പോരാടിയവർക്ക് എല്ലാം തന്നെ സർവ്വതും നഷ്ടമാകുന്നതായി കാണാം.നോവലിൽ ആവിഷ്കരിക്കുന്ന ദേവനായകി യുടെ മിത്ത്, ദേവനായകിയുടെ പ്രതികാരത്തിന്റെ കഥയാണ്. സ്ത്രീയെ

വെറും ഭോഗവസ്തുവായി കണ്ട് റാണിമാരെ അരത്താലിയിട്ടു സൂക്ഷിച്ചിരുന്ന കാന്തളൂർ രാജാവും ഓരോ യുദ്ധത്തിലും പിടിച്ചെടുക്കുന്ന പെണ്ണിനെ തന്റെ ഭോഗാനന്ദത്തിനായി ഉപയോഗിക്കുന്ന ചോളമന്നനും ചെറിയ പെൺകുട്ടികളെ പോലും ഭോഗതൃഷ്ണയ്ക്കു വിധേയമാക്കുന്ന സിംഹളമന്നനും മാത്രമല്ല ,പുതിയ കാലത്തിന്റെ വക്താക്കളായ ഭരണകൂടവും വിമോചന പ്രസ്ഥാനവുമൊക്കെ സ്ത്രീയുടെ സ്വാതന്ത്ര്യബോധത്തെയും പ്രതികരണ ശേഷിയേയും അടിച്ചമർത്തുന്നു. ഏത് യുദ്ധത്തിന്റെ ചരിത്രവും ബലാൽക്കാരം ചെയ്യപ്പെട്ട സ്ത്രീകളുടേയും വലിച്ചെറിയപ്പെട്ട കുട്ടികളുടെയും ചരിത്രമാണ്. എന്നാൽ ജയപരാജയങ്ങളിൽ അവർ സ്ഥാനം നേടാറില്ലെന്നു മാത്രം. സ്ത്രീകളെ ഭോഗവസ്തുക്കളായി മാത്രം കാണുകയും അത് അന്ത്യമില്ലാതെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മഞ്ഞവെയിൽ മരണങ്ങളിൽ അവതരിപ്പിക്കുന്ന വില്ലാർവട്ടം സ്വരൂപത്തിന്റെ മിത്തിലും ലിംഗനീതിക്ക് കോട്ടം വരുന്നതായി കാണാം. വില്ലോർവട്ടത്തിലെ അവസാനത്തെ തോമാരാജാവിന്റെ മകളും അടുത്ത അവകാശിയുമായ മറിയത്തിന് കൊച്ചീരാജകുമാരനുമായുള്ള പ്രണയത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഗൂഢനീക്കം പാലിയത്തച്ചന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു. ക്രിസ്തുമതം സ്വീകരിക്കുന്ന രാജകുമാരനെ ഭ്രഷ്ട് കൽപ്പിച്ച് ശ്രീലങ്കയിലേക്ക് കടത്തുന്നു. തുടർന്ന് തന്ത്രപൂർവ്വം മറിയത്തെ സിലോണിലേക്ക് എന്ന വ്യാജേന ബോഡം ദ്വീപിലേക്ക് മാറ്റുന്നു. കാലാന്തരത്തിൽ ശക്തമായ മാതൃദൈവമായി പരിണമിക്കുയാണ് മറിയം. മറിയം പള്ളിയിലെ മറിയവുമായുള്ള തന്റെ ബന്ധം തിരിച്ചറിയാതെയാണ് മെർലിൻ അവിടെ പോകുന്നത്. അധികാരം വെട്ടിപ്പിടിക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ മറിയത്തെപ്പോലെ മെർലിനും ചതിക്കപ്പെടുന്ന ചിത്രം നോവലിൽ കാണാം.

സ്ത്രീയുടെ അറിവിന്റെ ആഴവും ബുദ്ധിയും എത്രത്തോളം വിപുലമായിരുന്നാലും പുരുഷമേധാവിത്വ സമൂഹത്തിൽ അവൾ തിരസ്കൃതയോ സ്വീകാര്യയോ ആകുന്നത് ശരീരനിഷ്ഠമായ വിലയിടലുകളിലൂടെയാണ്. സ്ത്രീസ്വ

ത്വത്തെയും ലൈംഗീക സ്വാതന്ത്ര്യത്തെയും മാതൃത്വത്തെയും തകർത്തു കൊണ്ട് അരങ്ങുവാഴുന്ന പുരുഷാധികാരത്തിനെതിരെയുള്ള പോരാട്ട ത്തിന്റെ ചിത്രമായി നവീന മലയാള നോവൽ മാറുന്നു.

### സ്ഥലഭാവനയുടെ പുനർവിന്യാസം

ഭൂതകാല -വർത്തമാനകാലങ്ങളെ ചരിത്ര യാഥാർത്ഥ്യങ്ങളുമായി കൂട്ടിക്കലർത്തിയു ഉള്ള ആഖ്യാന രീതിയാണ് മഞ്ഞവെയിൽ മരണങ്ങളിലും സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിലും പ്രയോഗിച്ചിരിക്കുന്നത്. ഈ നോവലുകളുടെ ഉറവിടം ഭൂതകാല ചരിത്രത്തിലാണെങ്കിലും കഥ നടക്കുന്നത് വർത്തമാനകാലത്തിൽ ആണ്. അവിടെ നിന്നുകൊണ്ട് തന്നെ ദേശത്തിലൂടെയും കാലത്തിലൂടെയും സഞ്ചരിക്കുന്നു.പ്രാദേശികതയും ദേശീയതയും സാർവ്വദേശീയതയും മാറിമാറി നോവലിന്റെ ആഖ്യാന പരിസരത്ത് കടന്നു വരുന്നു. ഒരു കേന്ദ്രബിന്ദുവിൽ നിന്ന് വിച്ഛിന്ന കേന്ദ്രങ്ങളിലേക്ക് നിരന്തരം സഞ്ചരിക്കുന്ന സാർവ്വദേശീയതയുടെ ചിത്രം നവീനമലയാള നോവലിന്റെ സവിശേഷതയാണ്. ഇതിന്റെ ആവിഷ്ക രണത്തിനായി ഭൂതകാലത്തെയും വർത്തമാന കാലത്തെയും കൂട്ടി ഇണക്കുന്നു. പ്രാദേശികതയിൽ തുടങ്ങി ദേശീയതയിലും സാർവദേശീ യതയിലേക്കും ആഖ്യാനം മാറിമാറി സഞ്ചരിക്കുന്നതിന് സഹായകമായി വർത്തിക്കുന്നത് കാലമാണ്. വ്യത്യസ്ത കാലസീമകളിലൂടെയുള്ള ഒരു സ്വതന്ത്രസഞ്ചാരമാണ് നവീനമലയാള നോവലിന്റെ ആഖ്യാന പാഠമുൾ ക്കൊള്ളുന്നത്.

### ഉപസംഹാരം

മലയാളനോവലിന്റെ ആഖ്യാനപരിസരം കാലഘട്ടത്തിന് അനുസരിച്ച് പരിവർത്തനത്തിന് വിധേയമാകുന്നുണ്ട്. വിപണിയും സാങ്കേതികവിദ്യയും പുത്തൻ മാധ്യമ സംസ്കാരവും ഈ പരിവർത്തനത്തിന് ആക്കം കൂട്ടി. സ്വഭാവികമായും ആഖ്യാന തലത്തിൽ നവീനവും വൈവിധ്യവുമാർന്ന വിഷ

യങ്ങൾ വിഭിന്ന പാഠങ്ങളായി കടന്നുവരുന്നു.അത്തരം നോവൽ രചനാ പരിശ്രമങ്ങൾ ചിലപ്പോൾ ആധികാരിക ചരിത്രങ്ങളെ പൊളിച്ചെഴുതുകയോ തമസ്കരിക്കപ്പെട്ടുപോയ ചരിത്രത്തിന്റെ ഏടുകളിലേക്ക് സഞ്ചരിക്കുകയോ ചെയ്യുന്നു. ചരിത്രവും ഭാവനയും തമ്മിലും ചരിത്രവും മിത്തും തമ്മിലുമുള്ള കൂടിക്കലരുകൾ കണ്ടെത്താം. വർത്തമാനകാലത്തു നിന്നും ഭൂതകാലത്തിലേക്കും അവിടെനിന്ന് തിരിച്ചും ചിലപ്പോൾ ആഖ്യാനം മാറിമറിയുന്നു. ഓർമ്മകളും അനുഭവങ്ങളും ഭാവനയും മിത്തും കൂടിച്ചേർന്ന തലമാണ് ചരിത്ര പുനർനിർമ്മാണത്തിന് പ്രേരകമായി നിൽക്കുന്നത്. അനേകം കർതൃസ്ഥാനങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മലയാള നോവൽ ചരിത്രത്തെ ആഖ്യാനം ചെയ്യുന്നത്. ചരിത്രത്തെ ആവിഷ്കരിക്കുമ്പോൾ നോവൽ അതിന് അനുയോജ്യമായ ഭാഷ പ്രയോഗിക്കുന്നു. മറ്റൊന്ന് നവമാധ്യമങ്ങളുടെ സ്വാധീനമാണ് വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളെ നവീന മലയാളനോവലിൽ ആവിഷ്കരിക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ സമകാലിക രൂപവും അതിന്റെ സാധ്യതകളും മലയാളനോവലിലെ ആഖ്യാനത്തിന് ചാരുത പകരുന്നു. അങ്ങനെ കാല -ദേശ-ഭാഷാ വ്യത്യാസങ്ങൾ അപ്രസക്തമാകുന്നു.അതോടൊപ്പം അവയെ അട്ടിമറിക്കുകയും ചെയ്യുന്നു.

**റഫറൻസ്**

1. പി.കെ.രാജശേഖരൻ, പ്ലോട്ട് / 'പ്ലോട്ട് ' ഇട്ടിക്കോരയുടെ ഉപജാപലോകങ്ങൾ (അനുബന്ധ പഠനം - ഫ്രാൻസിസ് ഇട്ടിക്കോര , ടി.ഡി.രാമകൃഷ്ണൻ ) ഡി.സി.ബുക്സ് , കോട്ടയം, 2018 പുറം - 311
2. ഷാജി ജേക്കബ്, ദേവനായകി - മിത്തും ചരിത്രവും, മറുനാടൻ മലയാളി (ബ്ലോഗ്), ഒക്ടോബർ 06-2017
3. സുരേഷ് പനങ്ങാട്, മഞ്ഞവെയിൽ പരന്ന വഴിയിലൂടെ, സാകേതം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2013, പുറം-28
4. അതേ പുസ്തകം, പുറം - 32
5. ഷാജി ജേക്കബ്, മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം -128

# ഫിക്ഷന്റെ അപസർപ്പകലീലകൾ : കുറ്റാന്വേഷണ നോവലുകളുടെ രീതിശാസ്ത്രത്തെ ക്കുറിച്ചൊരു അന്വേഷണം

**വിഷ്ണുകൃഷ്ണൻ ആർ.**

**ഗവേഷകൻ, കേരളപഠനവിഭാഗം, കേരള സർവകലാശാല**

**പ്രബന്ധസംഗ്രഹം**

ജനപ്രിയസാഹിത്യത്തിലെ ജനപ്രിയവിഭാഗമാണ് അപസർപ്പകനോവലുകൾ. മനുഷ്യരിലെ ആകാംക്ഷയുടെയും എന്തും അറിയാനുള്ള താല്പര്യത്തിന്റെയും ഘടകങ്ങളാണ് അപസർപ്പകസാഹിത്യത്തെ പരുവപ്പെടുത്തിയത്. ഇതിവൃത്ത നിർമ്മിതിയിലും ആഖ്യാനരീതിയിലും പരിണാമഗുപ്തിയിലും എഴുത്തുകാർക്ക് ഏറെ വൈദഗ്ധ്യം വേണ്ട ചട്ടക്കൂടാണ് അപസർപ്പകസാഹിത്യത്തിന്റേത്. വായനക്കാരെ കൃതിയുടെ ഉള്ളിലേക്ക് ക്ഷണിക്കുകയും അതിൽ മുഴുകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന നിരവധി ഘടകങ്ങൾ അപസർപ്പസാഹിത്യനിർമ്മിതിയിൽ പ്രവർത്തിക്കുന്നു. ഇത്തരം ആഖ്യാനസവിശേഷതകളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനം ലക്ഷ്യമിടുന്നത്

**താക്കോൽവാക്കുകൾ**

ധൈഷണിക അഭ്യാസം, ബൗദ്ധിക വ്യായാമം, ഫിക്ഷണൽ റിയലിസം, ഹൈപ്പർലിങ്ക്

കുറ്റാന്വേഷണനോവലുകൾ അവയുടെ സുവർണ്ണകാലഘട്ടം ആഘോഷിക്കുകയാണ്. കെട്ടിലും മട്ടിലും വൈവിദ്ധ്യം സൃഷ്ടിക്കാൻ ശ്രമിക്കുന്ന അപസർപ്പകാഖ്യാനങ്ങൾ ജനപ്രീതിയോടെ മുന്നേറുന്ന കാലഘട്ടമാണ് ഇന്ന്. പൈങ്കിളി വാരികകളിൽ പ്രസിദ്ധീകരിച്ചിരുന്ന പൈങ്കിളിസാഹിത്യം എന്നൊക്കെയുള്ള വട്ടപ്പേരുകൾ ചിതലെടുക്കുന്ന ഈ കാലഘട്ടത്തിൽ മുൻനിര പ്രസാധകരുടെ പുസ്തകശാലകളിലെ “ബെസ്റ്റ് സെല്ലർ’ പട്ടികയിൽ സ്ഥിര

സാന്നിധ്യമായി കുറ്റാന്വേഷണനോവലുകൾ മാറുന്നു. ഫിക്ഷനൊപ്പം ശാസ്ത്രവും സാങ്കേതികജ്ഞാനവും ചരിത്രവും സമ്മേളിക്കുന്ന കുറ്റാന്വേഷണസാഹിത്യഭൂമിക ഇന്ന് നട്ടാൽ പൊന്ന് വിളിയിക്കുന്നതരം ഫലഭൂയിഷ്ടമായ മണ്ണുള്ള ഇടമാണ്.

യുവഎഴുത്തുകാരുടെ വരവ് മാത്രമായിരുന്നില്ല അപസർപ്പകസാഹിത്യത്തിന്റെ വളർച്ചയ്ക്ക് നിദാനമായത്. വ്യത്യസ്തപ്രമേയങ്ങൾ ചർച്ചചെയ്യുന്ന, വ്യത്യസ്ത ആഖ്യാന സവിശേഷതകൾ പാലിക്കുന്ന ഉപവിഭാഗങ്ങൾ കുറ്റാന്വേഷണസാഹിത്യത്തിലുണ്ടായി. ലീഗൽ ത്രില്ലർ, സ്പൈത്രില്ലർ, കോസി മർഡർ മിസ്റ്ററി അടക്കമുള്ള ഉപവിഭാഗങ്ങൾ ഇന്ന് മലയാളത്തിലും പരീക്ഷക്കപ്പെട്ടിട്ടുണ്ട്.

മലയാളഅപസർപ്പകസാഹിത്യത്തിന്റെ തുടക്കം അപ്പൻതമ്പുരാന്റെ “ഭാസ്കരമേനോനിൽ' (1905) നിന്നാണ്. ഷെർലക്ഹോംസിന്റെ സ്വാധീനം ഭാസ്കമേനോനിൽ പ്രകടമായി കാണാം. തരവത്ത് അമ്മാളുഅമ്മയിലൂടെയാണ് മലയാളത്തിലെ ആദ്യ സ്ത്രീകുറ്റാന്വേഷക ഉണരുന്നത്. 1914-ൽ “കമലാഭായി അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതകം' എന്ന കൃതിയാണ് മലയാളത്തിൽ ഒരു സ്ത്രീ രചിച്ച ആദ്യ കുറ്റാന്വേഷണ നോവൽ. തുടർന്ന് ഒ.എം. ചെറിയാൻ, എം.ആർ.മാധവവാര്യർ, എം.ആർ. വേലുപ്പിള്ള ശാസ്ത്രി, കാരാട്ട് അച്യുതമേനോൻ, അനുജൻ തിരുവാങ്കുളം, സി.മാധവൻപിള്ള എന്നിവർ കുറ്റാന്വേഷണസാഹിത്യത്തിന്റെ ആദ്യകാലവക്താക്കളായി. 1960 ന് ശേഷമുള്ള കുറ്റാന്വേഷണസാഹിത്യത്തിന്റെ രണ്ടാംഘട്ടത്തിൽ പ്രതിഭാധനരായ നിരവധി എഴുത്തുകാർ കുറ്റാന്വേഷണസാഹിത്യത്തിന്റെ ഭാഗ്യജാതകം കുറിക്കുകയുണ്ടായി. കോട്ടയം പുഷ്പനാഥ്, തോമസ് ടി അമ്പാട്ട്, ബാറ്റൺബോസ്, ശ്യാംമോഹൻ, മായാദാസൻ തുടങ്ങിയവരായിരുന്നു ഈ ഘട്ടത്തിലെ പ്രധാന എഴുത്തുകാർ. നിരവധി വായനക്കാർ ഉണ്ടായിരുന്നിട്ടും മുഖ്യധാരാ സാഹിത്യത്തിന്റെ ശ്രീകോവിലിൽ പ്രവേശിക്കാൻ എന്തുകൊണ്ടോ മലയാളത്തിലെ കുറ്റാന്വേഷണ കൃതികൾക്ക് കഴിഞ്ഞില്ല. നോവലിലെ യുക്തി

യില്ലായ്മയെ ചോദ്യം ചെയ്യുകയും ലളിതമായ ഭാഷാശൈലിയെ വിമർശിക്കുകയുമായിരുന്നു തൊണ്ണൂറുകൾക്ക് മുൻപ്.

രണ്ടായിരത്തിനു ശേഷമുള്ള കൃതികൾക്ക് പ്രമേയത്തിലും ആഖ്യാനരീതിയിലും പുതുമ നിലനിർത്താൻ കഴിഞ്ഞു എന്നുള്ളതാണ് എടുത്തുപറയേണ്ടുന്ന ഒരു ഘടകം. എന്തുകൊണ്ടാണ് കുറ്റാന്വേഷണസാഹിത്യം വായിക്കപ്പെടുന്നത്? നോവലിലുടനീളം സൃഷ്ടിക്കപ്പെടുന്ന ഉദ്വേഗത്തെ അനുഭവിച്ചറിയാൻ വേണ്ടിയാണ് എന്ന് ലളിതമായി പറയാം. ഉദ്വേഗം ഉണ്ടാക്കുന്നതിനുള്ള എളുപ്പവഴി നിഗൂഢത സൃഷ്ടിക്കുകയാണ്. കഥാസന്ദർഭമോ കഥാപാത്രങ്ങളെയൊ നിഗൂഢവത്കരിക്കുന്നതിലൂടെ കുറ്റാന്വേഷണസാഹിത്യത്തിന്റെ പരമമായ ലക്ഷ്യത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നു. സംഘർഷഭരിതമായ അന്തരീക്ഷങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് കുറ്റാന്വേഷണനോവലുകൾ മുന്നേറുന്നത്.

കുറ്റാന്വേഷക പ്രതിഭ അഥവാ “കാരയിത്രി'

ഭാരതീയകാവ്യമീമാംസയിൽ കവിപ്രതിഭയെ സൂചിപ്പിക്കുന്ന സംജ്ഞയാണ് കാരയിത്രി. പ്രതിഭയെ രണ്ടായി തരംതിരിക്കുന്ന രാജശേഖരൻ കവിപ്രതിഭയെ കാരയിത്രിയെന്നും സഹൃദയപ്രതിയെ ഭാവയിത്രി എന്നും നാമകരണം ചെയ്യുന്നു. കുറ്റാന്വേഷണനോവലുകൾ ധൈഷണിക അഭ്യാസമായി മാറുന്ന കാഴ്ച ഇന്ന് സുപരിചിതമാണ്. എഴുത്തുകാരനും വായനക്കാരനും ഒരുപോലെ ബൗദ്ധികവ്യായാമം (Intellectual Exercise) പ്രദാനം ചെയ്യുന്ന തച്ചുശാസ്ത്രമാണ് കുറ്റാന്വേഷണനോവലുകളുടേത്. എഴുത്തുകാരന്റെ പ്രതിഭാവിലാസമാണ് കുറ്റവാളിയുടെയും കുറ്റാന്വേഷകന്റെയും ബൗദ്ധിക നീക്കങ്ങൾക്ക് പിന്നിൽ. ഒരേ സയമം കുറ്റാന്വേഷകന്റെ നീക്കങ്ങളെ മണത്തറിയാനും അതുപോലെതന്നെ കുറ്റവാളിയുടെ പിറകെ സഞ്ചരിക്കാനും എഴുത്തുകാരന്റെ പ്രതിഭയ്ക്ക് കഴിയണം. ഇവയെ വ്യത്യസ്തമായി, ഉദ്വേഗഭരിതമായി അടയാളപ്പെടുത്തുന്നതിലാണ് നോവലിന്റെയും നോവലിസ്റ്റിന്റെയും

വിജയം.

വായനക്കാരന്റെ പ്രതിഭ പ്രവർത്തിക്കുന്നത് കൃതിയുടെ നിർണ്ണായക വിവരങ്ങൾ വെളിപ്പെടുന്ന ഘട്ടത്തിലാണ്. കുറ്റം, കുറ്റവാളി എന്നീ ഘടകങ്ങളെ കുറ്റാന്വേഷകൻ കണ്ടെത്തുന്നതിനേക്കാൾ മുമ്പ് വായനക്കാരൻ കണ്ടെത്താൻ ശ്രമിക്കുന്നു. നോവൽ വായനയിൽനിന്ന് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് വായനക്കാർ കുറ്റാന്വേഷകപരിവേഷം കൈക്കൊള്ളുന്നത്. വായനക്കാരന്റെ അനുമാനങ്ങളെ മുൻകൂട്ടിക്കണ്ടുകൊണ്ട് കഥയെയും കഥാപാത്രങ്ങളെയും കൃത്യമായി വിലയിരുത്തി നോവലിൽ സ്ഥാനം നല്കുന്നിടത്താണ് എഴുത്തുകാരന്റെ വൈഭവം പ്രകടമാകേണ്ടത്. ഒരു തരത്തിലും വായനക്കാർ ട്വിസ്റ്റ് മുൻകൂട്ടി കണ്ടെത്തരുതെന്ന വാശി എഴുത്തുകാരന്റെ ചിന്തകളിൽ കത്തിനില്ക്കുന്നുണ്ടാകും. അത്തരത്തിൽ കാരയിത്രി-ഭാവയിത്രി സംഘർഷം കുറ്റാന്വേഷണ കൃതികളിൽ പ്രകടമായി കാണാം.

കുറ്റം നടന്നതിനുശേഷമുള്ള അന്വേഷണത്തിൽനിന്ന് കുറ്റവാളിയെ കണ്ടെത്തുന്ന സമ്പ്രദായകരീതി പുതിയ കുറ്റാന്വേഷണ നോവലുകൾ മറന്നിട്ടില്ല.

മാതൃക- കുറ്റം—> കുറ്റാന്വേഷണം —>കുറ്റവാളി

എന്നാൽ പതിവുരീതിയിൽ തന്നെ നില്ക്കാതെ കുറ്റാന്വേഷണത്തിൽനിന്നും കുറ്റത്തിലേക്കും തുടർന്ന് കുറ്റവാളിയിലേക്കും എത്തുന്ന ആഖ്യാനരീതിയും പല നോവലുകളിലും പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. കുറ്റത്തെക്കുറിച്ചുള്ള സൂചനകൾ ആദ്യഭാഗത്ത് നല്കാതെ കുറ്റാന്വേഷണത്തിലൂടെയായിരിക്കും നടന്ന കുറ്റകൃത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ വിവരിക്കുക.

മാതൃക 4- കുറ്റാന്വേഷണം—>കുറ്റം —>കുറ്റവാളി

കൊലപാതകം നടന്നതിനുശേഷമുള്ള കുറ്റാന്വേഷകന്റെ അന്വേഷണവും കുറ്റാന്വേഷണത്തിലൂടെ വെളിപ്പെടുന്ന കുറ്റവും ഒടുവിൽ കേന്ദ്രീകരിക്കുന്നത് കുറ്റവാളിയിലാണ്. കുറ്റാന്വേഷണസാഹിത്യത്തിന് പരസ്പരപൂരകമായി സഞ്ചരിക്കുന്ന കുറ്റാന്വേഷണ സിനിമകൾ പിന്തുടരുന്ന മറ്റൊരു മാതൃക ഇങ്ങനെയാണ്.

കുറ്റവാളി —> കുറ്റം —> അന്വേഷണം

കുറ്റവാളിയെയും കുറ്റത്തെയും അവതരിപ്പിച്ചതിനുശേഷമുള്ള അന്വേഷണരീതിയിലാണ് ചില സിനിമകൾ കേന്ദ്രീകരിക്കുന്നത്.

കുറ്റാന്വേഷകനിർമ്മിതിയിൽ ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും ഇല്ല. കുറ്റാന്വേഷകന്റെ കഥാപാത്രനിർമ്മിതിയിൽ ഉണ്ടാകുന്ന വൈവിധ്യങ്ങൾക്കപ്പുറം നോവലിന്റെ ഘടനയിലുള്ള കുറ്റാന്വേഷകന്റെ സ്ഥാനം പ്രവചനീയമാണ്. അന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ കുറ്റാന്വേഷകൻ അവതരിക്കാറുണ്ട്. കുറ്റാന്വേഷകനിർമ്മിതിയിൽ വേറിട്ട പരീക്ഷണങ്ങൾ മലയാളത്തിൽ ഇതിനോടകം നടന്നു കഴിഞ്ഞു. ബി. മുരളിയുടെ "നിന്റെ ചോരയിലെ വീഞ്ഞ്' എന്ന നോവലിൽ കുറ്റാന്വേഷകൻ ഒടുവിൽ കൊലപ്പെടുന്നത് എടുത്തുപറയേണ്ടുന്ന ഒരുദാഹരണമാണ്. യഥാർത്ഥ കൊലപാതകിയെ കണ്ടെത്തിയ ശേഷമാണ് കുറ്റാന്വേഷകന്റെ മരണം സംഭവിക്കുന്നത്. തന്നെ കൊലപ്പെടുത്തുന്നതും താൻ കണ്ടെത്തിയ കൊലപാകത്തിലെയും ഒരാളാണെന്നുള്ള സത്യം മനസ്സിലാക്കിയാണ് കുറ്റാന്വേഷകൻ മരണയാത്ര ആരംഭിക്കുന്നത്.

ആഖ്യാനത്തിലെ ഹൈപ്പർലിങ്കുകൾ

നിരവധി പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മേഖലയാണ് കുറ്റാന്വേഷണസാഹിത്യം. ആഖ്യാനത്തിലും കഥാപരിസരങ്ങളിലും കഥാപാത്രനിർമ്മിതിയിലും പുത്തൻരചനാസങ്കേതങ്ങൾ നിരന്തരം പരീക്ഷിക്കപ്പെടുന്നുണ്ട്. "ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്' എന്ന ഹൈപ്പർലിങ്ക് സ്വഭാവത്തിന് സമാനമായ ആഖ്യാനമികവ് പുതിയ കൃതികളിൽ പരീക്ഷിച്ച് വിജയിച്ചതിന്റെ തെളിവാണ് വിപിൻദാസിന്റെ "അനാഹി', സിബി ജോൺ തൂവലിന്റെ "മർഡോമെട്രി', ശിവൻ എടമനയുടെ "ന്യൂറോ ഏരിയ' തുടങ്ങിയവ. കഥയുടെ വ്യത്യസ്തഘട്ടങ്ങളിൽ വിവരിക്കുന്ന നിരവധി സൂചനകൾ പുതിയ അർത്ഥതലങ്ങളിലേക്ക്/ വിവരങ്ങളിലേക്ക് സംക്രമിക്കാൻ പര്യാപ്തമായവയാണ്. "അനാഹി' എന്ന നോവലിൽ വിവരിക്കുന്ന നംചബർവ മ്യൂസിയം, ആൽപ്സ് മൗണ്ട്ബ്ലാക്കിന്റെ ശവക്കല്ലറ, ലിലിത്ത്മിത്ത് തുടങ്ങിയവ ഫിക്ഷണൽ റിയ

ലിസത്തിന്റെ സഹായത്തോടെയാണ് നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭാഗങ്ങളൊക്കെ വായിക്കുമ്പോൾ ഏതൊരാളും ഇവയെക്കുറിച്ചുള്ള അധികവിവരങ്ങൾ ഇന്റർനെറ്റിൽ തിരഞ്ഞു കണ്ടുപിടിക്കാൻ മുതിരാറുണ്ട്. യഥാർത്ഥമാണോ ഭാവനയാണോ എന്നുള്ള സന്ദേഹം വായനക്കാർക്കു ണ്ടാക്കുന്ന ഫിക്ഷണൽ റിയലിസത്തെ മുറുകെപിടിക്കുന്നുണ്ട് കുറ്റാന്വേഷ ണനോവലുകൾ. നോവലിൽ ആവിഷ്കൃതമായ വിവരങ്ങളെ ഉടനടി തിരഞ്ഞു കണ്ടുപിടിക്കുന്ന ഹൈപ്പർലിങ്കുകളായി ആഖ്യാനമാതൃകകൾ മാറുന്നു. ന്യൂറോ ഏരിയയിലെ "പ്രൊജക്ട് 2045' എന്ന പദ്ധതിയെക്കുറിച്ചുള്ള അധി കവിവരങ്ങൾ നാം മനസ്സിലാക്കുക വെബ്സൈറ്റുകളിൽ നിന്നാണ്. "മർഡോ മെട്രി, മായാ കിരണിന്റെ "ബ്രെയിൻ ഗെയിം' എന്നീ നോവലുകളിൽ പരാ മർശിക്കുന്ന ഗണിതശാസ്ത്ര സൂചനകളെയും ശാസ്ത്രജ്ഞന്മാരെയും അടു ത്തറിയുക ഗൂഗിളിലൂടെയായിരിക്കും. അത്തരത്തിൽ ജ്ഞാനോല്പാദന ത്തിന്റെ രീതിശാസ്ത്രങ്ങളായി കുറ്റാന്വേഷണ ആഖ്യാനങ്ങൾ മാറുന്നു. സാഹിത്യത്തിലെ ട്രെൻഡ് സെറ്ററായി മാറിയ കുറ്റാന്വേഷണസാഹിത്യം അത്ഭുതകരമായ വളർച്ചയുടെ പാതയിലാണ്. ഗവേഷണഗൗരവത്തോടെ കൃതികളെ നിർമ്മിക്കുന്ന എഴുത്തുകാർ വായനക്കാരന്റെ താല്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് എഴുത്തുതുടരുമ്പോൾ നമുക്ക് ഇനിയുമേറെ പ്രതീക്ഷി ക്കാം.

ഗ്രന്ഥസൂചി

1) തരകൻ, കെ.എം., 1978 : മലയാളനോവൽസാഹിത്യചരിത്രം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ

2) ശ്രീകുമാർ, എം.ജി: ജനപ്രിയസാഹിത്യം മലയാളത്തിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം

3) ഹമീദ്, 2015: അപർപ്പകനോവലുകൾ മലയാളത്തിൽ, കേരളസാ ഹിത്യ അക്കാദമി, തൃശ്ശൂർ

# പ്രതിനിധാനവും പ്രതിരോധവും ദലിത് ആഖ്യാനങ്ങളിൽ

**അൽഫോൻസ ഫ്രാൻസിസ്**
ഗവേഷക,കേരള യൂണിവേഴ്സിറ്റി

(ശരൺകുമാർ ലിംബാലേയുടെ *അവർണൻ* എന്ന നോവലിനെ മുൻനിർത്തിയുള്ള പഠനം)

**താക്കോൽ വാക്കുകൾ:** സംസ്കാരപഠനം (cultural studies), കീഴാളപഠനം(sabaltern studies), പ്രകടനക്ഷത (performativity),സ്വത്വം (Identity).

ചിട്ടപ്പെടലുകളുടെയും ചിട്ടതെറ്റിക്കലുകളുടെയും ക്രമമാണ് ദലിത് ആഖ്യാനങ്ങളെല്ലാം തന്നെ ആവിഷ്കരിക്കുന്നത്. ജാതിക്രമത്തിൽ അരികിലായ വരുടെയും അടിയിലായവരുടെയും പ്രതിനിധാനമാണ് ദലിതർ. ജാതിയുടെ ഇടപെടലുകളാൽ അടിമകളാക്കപ്പെട്ടവരുടെ പ്രതിരോധമോ പ്രതിഷേധമോ ഒക്കെ ആയിട്ടാണ് ദലിത് എഴുത്തുകളും ആഖ്യാനങ്ങളും ആവിർവിച്ചത്. ചിട്ട തെറ്റിക്കലിന്റെ ക്രമം സ്വീകരിച്ചാണ് അവ മുന്നേറിയതും. സവർണ്ണാധിപത്യ സമൂഹത്തിൽ ഈ പ്രതിനിധാനങ്ങൾക്ക് പ്രതിരോധിച്ച് നിൽക്കാൻ പോലും സാധ്യമല്ലെന്ന തിരിച്ചറിവുകൾ കൂടി ഈ ദലിത് മൊഴികളിലുണ്ട്. ദലിത് എന്ന പദത്തിന്റെ വാച്യാർത്ഥം അടിച്ചമർത്തപ്പെട്ടത് എന്നാണ്. ഈ പദം ഒരു സമുദായത്തോടു ചേർത്ത് ആദ്യമായി പ്രയോഗിച്ചത് മഹാത്മാ ജോതിബാഫുലെ ആണ്. എന്നാൽ അതിനു മുൻപുതന്നെ മറാഠി രചനകളിൽ അയിത്തജാതിക്കാരെ സൂചിപ്പിക്കാൻ ദലിത് എന്ന പദം പ്രയോഗിച്ചിരുന്നതായി അംബേദ്കറുടെ കൃതികളിൽ കാണാം. മറാഠി ഭാഷയിലാണ് ഏറ്റവും സമ്പന്നമായ ദലിത് സാഹിത്യം ഉള്ളത്. വീണ്ടെടുപ്പ് സാഹിത്യം എന്നു കൂടി അറിയപ്പെടുന്ന ദലിത് സാഹിത്യത്തിന്

സമകാലിക ലോകത്ത് ഏറെ പ്രചാരമുണ്ട്. അതിൽത്തന്നെ ആത്മകഥാസാഹിത്യം കേരളത്തിലും ഇന്ത്യയിലുമെല്ലാം അക്കാദമിക സാധ്യത നേടിയതും പ്രസ്ഥാനവത്ക്കരിക്കപ്പെട്ടതുമായ ഒരു സാഹിത്യ ശാഖയായി മാറിക്കഴിഞ്ഞു. ഇതിലേക്ക് കൂടുതൽ ആത്മകഥകളും ആത്മകഥാ സ്വഭാവമുള്ള സാഹിത്യകൃതികളും വന്നുചേർന്നുകൊണ്ടേയിരുന്നു. ദേശീയതലത്തിൽ, ശരൺകുമാർ ലിംബാളെയുടെ *അക്കർമാശിയും* ആത്മകഥാംശമുള്ള *അവർണ്ണൻ* എന്ന നോവലും ഇത്തരത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. ആത്മകഥ എന്നതിന്റെ പരമ്പരാഗത സ്വഭാവത്തെ അട്ടിമറിച്ചുകൊണ്ട് ഒരു തുറന്നെഴുത്ത് എന്ന നിലയിലും ഒരു ഇടപെടൽ എന്ന രീതിയിലുള്ള നീക്കങ്ങളും അടുത്തിടെ ഉണ്ടായി. ദലിത് പരിപ്രേക്ഷ്യത്തിലൂന്നിയുള്ള സാംസ്കാരികപഠനമാണ് ഇതിനു തുടക്കം കുറിച്ചത്. ഭാഷയുടെ പുതുവഴികളെക്കുറിച്ച് അന്വേഷിക്കുമ്പോൾ മലയാളത്തിലേക്കു കടന്നുവന്ന ദലിത് വിവർത്തന നോവലുകൾ കൂടി പരിഗണിക്കേണ്ടിവരുന്നു. അവയൊന്നും ഭൂതകാല പരിദേവനങ്ങളായിട്ടല്ല വായിക്കപ്പെട്ടത്. ദലിത് എന്ന പരിദേവനമോ അപകർഷതയോ കാട്ടുന്നതിനോ സഹതാപം നേടുന്നതിനോ ഉള്ള ശ്രമമായിരുന്നില്ല മറിച്ച്, അതതിടങ്ങളിലെ ദൃശ്യഭൂമികയ്ക്ക് കീഴെയുള്ള അദൃശ്യ ഇടങ്ങൾ തുറന്നുകാട്ടുകയാണ് ചെയ്തത്. അത് സവർണ്ണ ഭൂമികയിലേക്ക് കടന്നുചെന്ന് നിലയുറപ്പിക്കുകയും സ്ഥാനപ്പെടുകയും ചെയ്യുന്നു. ഭിന്നസ്വത്വത്തെ തിരിച്ചറിയുമ്പോൾ മാത്രമാണ് അവർ ദലിതരാകുന്നത്. അവർണർ സധൈര്യം മുന്നേറിയതിന്റെ ചരിത്രമാണത്. ഇടപഴകിയും ഒപ്പം ഇടഞ്ഞും പ്രതിരോധിച്ചും പ്രതിഷേധിച്ചും പൊരുതി നിൽക്കാൻ ശ്രമിക്കുന്നവരും അതിലുണ്ട്. ഏതുവിധേനയും നിലനിൽപ്പിന് ശ്രമിച്ചിട്ടും സവർണ്ണതയുടെ സംഘബലം അവർണ്ണതയുടെ ആളനക്കങ്ങളെ ഇല്ലായ്മ ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. സ്വന്തം രാജ്യത്ത് സ്വയം വാദിച്ച് അസ്തിത്വം വെളിപ്പെടുത്തേണ്ടിവരുന്ന ഗതികേട്. ദലിത് അനുഭവങ്ങളെ ഭാഷയിലൂടെ ആവിഷ്ക്കരിക്കുക എന്ന ദൗത്യം മാത്രമല്ല മറിച്ച്, ആ ഭാഷയിൽ നിന്ന് സംസ്കാരികമായ അനുഭവമായും സാമൂഹികമായ അനുഭവമായും സ്വയം വിവർത്തനം ചെയ്യേണ്ട ഒരു

അവസ്ഥകൂടിയുണ്ട്. ദലിത് സാഹിത്യത്തിന് ഒരു പെർഫോമേറ്റീവ് സ്വഭാവം കൂടി കൈവരുന്നത് അങ്ങനെയാണ്. വിവർത്തന ഭാഷയുടെ പുതുവഴികളാണിവിടെ തുറക്കപ്പെടുന്നത്.

ദലിത് എന്ന മറാഠി വാക്കിന്റെ മലയാള അർത്ഥം അധ:സ്ഥിതൻ എന്ന് വ്യാഖ്യാനിക്കാം. സാമൂഹ്യ പരിഷ്കർത്താക്കളും വരേണ്യവർക്ഷവും ഹരിജനങ്ങൾ, പട്ടികജാതിക്കാർ, പഞ്ചമർ, അധ:കൃതർ എന്നിങ്ങനെ അസ്പൃശ്യരെ ലേബലുചെയ്തപ്പോൾ ഈ വിഭാഗങ്ങളെല്ലാം ചേരുന്ന ദലിത് എന്ന ഒരു പൊതുസംജ്ഞ അവർ സ്വയം തെരഞ്ഞെടുക്കുകയായിരുന്നു. അസ്പൃശ്യത കൽപ്പിച്ച് അകറ്റി നിർത്തപ്പെട്ട, അടിമകളാക്കപ്പെട്ട ദലിതരുടെ കയ്പേറിയ ജീവിതാനുഭവങ്ങൾ, പൗരാവകാശങ്ങൾക്കുവേണ്ടി അവർ നടത്തിയ പോരാട്ടങ്ങൾ എന്നിവയിൽ നിന്നാണ്.

ദലിത് സാഹിത്യം രൂപമെടുത്തത്. ഈ സാഹിത്യത്തിന്റെ ശൈലി പുത്തനാണ്, ഗ്രാമ്യമാണ്. തെരുവുകളിലും ചേരികളിലും അയിത്തജാതിക്കാരുടെ ചാളകളിലും സംസാരിക്കുന്ന താണ് അതിന്റെ ഭാഷ. ദലിതന്റെ ഭാഷയും ജീവിതവും, അവരുടെ മേൽ അടിച്ചേല്പിക്കപ്പെട്ട അടിമത്തത്തിന്റെയും അന്യായങ്ങളുടെയും അനുഭവങ്ങളും പറഞ്ഞ മറാഠി ദലിത് സാഹിത്യകാരനും നോവലിസ്റ്റും കഥാകൃത്തും സാഹിത്യവിമർശകനുമാണ് ഡോ. ശരൺ കുമാർ ലിംബാലേ. ഇരുപത്തിയഞ്ചാം വയസ്സിൽ അദ്ദേഹം എഴുതിയ *അക്കർമാശി* എന്ന കൃതി *The Outcaste* എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ലിംബാലേയുടെ ആത്മകഥാഖ്യാനം കൂടിയായ ഈ കൃതി *അക്കർമാശി* എന്ന പേരിൽത്തന്നെ കാളിയത്ത് ദാമോദരൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഫ്രഞ്ച് ഉൾപ്പെടെ പ്രധാന ലോകഭാഷകളിലേയ്ക്കെല്ലാം ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടു. ശരൺകുമാർ ലിംബാലേയെക്കുറിച്ച് എഴുതുമ്പോൾ *അക്കർമാശി*യെ

പരാമർശിക്കാതെ മുന്നോട്ടുപോകാനാവില്ല. ദലിത് സാഹിത്യചരിത്രത്തിലെ തന്നെ നാഴികക്കല്ലായി മാറിയ ഒരു ആത്മകഥ.

'എന്റെ അമ്മ മഹാർ ജാതിക്കാരി (കീഴ്ജാതി), അച്ഛൻ ലിംഗായത്ത് (മേൽജാതി). അമ്മ കുടിലിൽ, അച്ഛൻ മാളികയിൽ. അച്ഛൻ ജന്മി, അമ്മ ഭൂരഹിത. ഞാൻ അക്കർമാശി(അർധജാതി). അച്ഛനമ്മമാരുടെ ആചാര വിരുദ്ധ ബന്ധത്തെ ഞാൻ ബലാൽസംഗമായിട്ടാണ് കാണുന്നത്. വർക്ഷ -വർണ്ണ- ജാതിവ്യവസ്ഥകൾ നൽകിയ ജന്മസിദ്ധമായ അധികാരം ഉണ്ടായിരുന്നു അച്ഛന്. അയാളുടെ സംഭോഗം, സംസ്കാരം അംഗീകരിച്ചിട്ടുള്ള ഒന്നാണ്. ഇതിനു വിപരീതമായി എന്റെ അമ്മ അയിത്തജാതിക്കാരിയും ദരിദ്രയും. ഇത് വ്യഭിചാരമല്ല. എന്റെ അമ്മ സാമൂഹ്യ വ്യവസ്ഥിതിയുടെ ബലിമൃഗമായിരുന്നു. ബലാൽക്കാരം ചെയ്യപ്പെട്ട സ്വത്വമാണ് എന്റേത്.'(അക്കർമാശി -ആമുഖം) ഇത് എന്റെ ജീവിതമല്ല, എനിക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ട അടിമത്തമാണ് എന്ന് അക്കർമാശിയിൽ ആവർത്തിക്കുന്നുണ്ട്. ഒരു സമൂഹത്തിനും ഒരു ഗ്രാമത്തിനും ഏൽക്കേണ്ടിവന്ന തിരസ്കാരത്തിന്റെ ശബ്ദമാണ്, ഒരു പ്രതിനിധാനമെന്നനിലയിൽ ശരൺകുമാർ ലിംബാലേ നടത്തുന്ന ആത്മനിവേദനത്തിന്റെ ശബ്ദം. അങ്ങനെ ഈ ആത്മകഥ അന്യായങ്ങളുടെയും ആചാരങ്ങളുടെയും ദഹിപ്പിക്കുന്ന ഓർമ്മകൾ ഉൾക്കൊള്ളുകയും അധീശ സംസ്കൃതിയോട് മറുപടി ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് ആത്മകഥാഖ്യാനങ്ങളെല്ലാം തന്നെ സാക്ഷ്യപ്പെടുത്തലിന്റെ ആഖ്യാനങ്ങളായി വായിക്കപ്പെടുന്നുണ്ട്. 'ഞാൻ അക്കർമാശി. നാട്, ഭാഷ, അമ്മ, അച്ഛൻ, ജാതി, മതം ഇങ്ങനെ എല്ലാ സംഗതികളിലും ഞാൻ ഭാഗ്യഹീനനാണ്. വ്യക്തിത്വം നിഷേധിക്കപ്പെട്ടവൻ. ഇവിടെ നിലനിൽക്കുന്ന നീതിശാസ്ത്രങ്ങൾ ഒരു കുറ്റവാളി എന്ന കണക്കെയാണ് എന്നോട് പെരുമാറിയത്. എൻെറ ജന്മം തന്നെ നൈതിക ബാഹ്യമായ ഒന്നാണെന്നാണ് വിധിക്കപ്പെട്ടിട്ടുള്ളത്.' ഇങ്ങനെ സാക്ഷ്യപ്പെടുത്തലിന്റെ

സാക്ഷിമൊഴിയുമായിട്ടാണ് അക്കർമാശിയും ആരംഭിക്കുന്നത്. ഇത്തരം നൈതിക സമസ്യകൾ ഒന്നും നമ്മുടെ മധ്യവർഗ്ഗ പൗരസമൂഹത്തിന്റെ ഉറക്കംകെടുത്തുന്നില്ല. 'സാക്ഷ്യപ്പെടുത്തലിന്റെ ആഖ്യാനങ്ങളിൽ സാമ്പ്രദായിക സ്വത്വങ്ങളിൽ നിന്നും പുറത്തുകടന്ന് പൗരസമൂഹത്തിന്റെ ജീർണതകൾക്കെതിരെ പ്രതിരോധനിര സൃഷ്ടിക്കാനുള്ള ആഹ്വാനമുണ്ട്. നിത്യ ജീവിതാനുഭവങ്ങളുടെ ഈടുവയ്പ്പുള്ള പ്രതീക വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തലിന്റെ ആഖ്യാനങ്ങളിലൂടെ പുതിയ അധികാരബന്ധങ്ങളെ സങ്കൽപ്പിക്കുന്നു. കീഴാളൻ സംസാരിച്ചു തുടങ്ങുകയാണ്' (രാമകൃഷ്ണൻ;61).

ആത്മകഥയിലെന്നപോലെ തന്നെ സാക്ഷ്യപ്പെടുത്തലും പ്രതിരോധത്തിനുള്ള ആഹ്വാനവുമൊക്കെയായിട്ടാണ് ലിംബാലേയുടെ *അവർണ്ണൻ* എന്ന നോവലും രംഗപ്രവേശം ചെയ്തത്. ആത്മകഥയല്ലെന്നിരിക്കിലും ദലിതർ അനുഭവിക്കുന്ന അടിമത്തവും അരക്ഷിതാവസ്ഥയും സ്വത്വസംഘർഷങ്ങളും ദ്വന്ദ്വബോധവുമെല്ലാം നോവലിലും വിവൃതമാക്കപ്പെടുന്നുണ്ട്. ചരിത്രത്തിൽ നിന്നും തങ്ങൾ നേടിയെടുത്ത പ്രതിരോധത്തിനുള്ള ഊർജ്ജം ആത്മകഥയിൽ എന്നപോലെ ഈ നോവലിന്റെയും അടിത്തറയായി നിലനിൽക്കുന്നു. ഭദ്രമായ ഒരു സ്വത്വം ഇല്ലാത്തവൻ എങ്ങനെ തന്നെത്തന്നെ ആവിഷ്കരിക്കും? തുറന്നുപറയാൻ എളുപ്പമല്ലാത്ത വിധത്തിൽ അപമാന കരമായ സംഭവങ്ങളെക്കുറിച്ചാണ് ദലിത് എഴുത്തുകാരൻ പറയുന്നത്. താനാരാണ് എന്ന വെളിപ്പെടുത്തലിലൂടെ ജനിച്ച നാട്ടിലും സമൂഹത്തിലും തങ്ങളെ അന്യരാക്കിത്തീർക്കുന്ന തീക്ഷ്ണമായ അസ്തിത്വവ്യഥയുടെ അനുഭവങ്ങളാണ് അവർണ്ണൻ എന്ന നോവലിലും അക്കർമാശിയിലും വിവരിക്കുന്നത്. അതിനാലാണ് ഇവിടെ, ഈ നോവൽ വായനയിൽ ആത്മ കഥയെക്കൂടി വിശകലനം ചെയ്യേണ്ടിവരുന്നത്.

ബ്രാഹ്മണ്യം മുന്നോട്ടുവച്ച സവർണ്ണ ജാതിവ്യവസ്ഥയ്ക്കകത്തു നിൽക്കാത്ത ജാതിരഹിത സമൂഹമായിരുന്നല്ലോ പൊതുവേ അവർണ്ണർ

എന്ന് വിളിക്കപ്പെട്ടിരുന്നത്. അവർണ്ണർക്ക് ജാതിയില്ല, അത് ജാതിയില്ലായ്മയോ ജാതിവിരുദ്ധതയോ ആണെന്ന് മനസ്സിലാക്കപ്പെടുന്നു. ചാതുർവർണ്ണ്യത്തിലെ നാലു വർണ്ണങ്ങളിലും പെടാത്തവർ. പഞ്ചമർ അഥവാ അവർണ്ണർ. ഇന്ത്യൻ ജനപഥങ്ങളെ ആകമാനം ഗ്രസിച്ചിരിക്കുന്ന ഈ സവർണ്ണ-അവർണ്ണ സങ്കൽപങ്ങളുടെയും അത് സൃഷ്ടിക്കുന്ന ഉച്ചനീചത്വത്തിന്റെയും ഭീതിജനകമായ അവസ്ഥകളെ യഥാതഥമായി ആവിഷ്കരിക്കുന്ന ഒരു നോവലാണ് അവർണൻ. ഈശ്വരനാണോ നിയമമാണോ വലുത്? പാരമ്പര്യം ആണോ വലുത് അതോ ഭരണഘടനയോ? വ്യവസ്ഥിതിയെക്കാളും വലുതോ പുരോഗതി? ജാതിവ്യവസ്ഥ സമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വിലങ്ങുതടിയാകു ന്നതെങ്ങനെ?- എന്നിങ്ങനെ ഒട്ടേറെ ചോദ്യങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്.

മഹാർ വിഭാഗക്കാരായ സുദാമയുടെയും സാവിത്രിയുടെയും മകനായ ആനന്ദ് എന്ന ദലിത് യുവാവാണ് നോവലിലെ പ്രധാന കഥാപാത്രം. തന്റെ ജാതിപ്പേര് മറച്ചുവെച്ച് സവർണർക്കൊപ്പം ആനന്ദ് ജീവിക്കുകയാണ്. തന്റെ ജാതി മറച്ചുവച്ചുകൊണ്ടാണ് ആനന്ദ് ജോലിയിൽ പ്രവേശിച്ചതും. രാൻമസലെയിലെ കാശിനാഥ് പാഠശാലയിൽ ആനന്ദ് കൗശികർ എന്ന പേരിൽ അധ്യാപകജോലി നിർവഹിക്കുന്ന അദ്ദേഹം ജാതി മർദ്ദനങ്ങൾക്കെതിരെ നിലകൊള്ളുന്ന വ്യക്തികൂടിയാണ്. തന്റെ ജാതിപ്പേരിന്റെ സ്ഥാനത്ത് കൗശികർ എന്ന് ചേർത്തും ജാതിക്കോളത്തിൽ മനുഷ്യൻ എന്ന് ചേർത്തുമാണ് ജാതീയതയെ പ്രതിരോധിക്കാൻ അയാൾ ശ്രമിച്ചത്. സംവരണാനുകൂല്യങ്ങൾ ഒന്നും ഉപയോഗപ്പെടുത്താതെ പഠനം പൂർത്തിയാക്കിയ ആനന്ദ് ഓപ്പൺ മെറിറ്റിൽ മത്സരിച്ചാണ് ഇംഗ്ലീഷ് അധ്യാപകനായി ജോലി സ്വന്തമാക്കിയത്. ജാതിചിന്ത കൊടികുത്തി വാഴുന്ന ഗ്രാമത്തിലായിരുന്നു വിദ്യാലയം.

തനിക്ക് പരിചിതമല്ലാത്ത ഗ്രാമത്തിലും വിദ്യാലയത്തിലും കഴിവും അറിവുമുള്ളവനായ അയാൾ അംഗീകരിക്കപ്പെട്ടു. അതിന്റെ യഥാർത്ഥകാരണം കാശ്മീരി ബ്രാഹ്മണൻ എന്ന് തോന്നിപ്പിക്കുന്ന

കൗശികർ എന്ന പേരായിരുന്നു. ദലിത് അധ്യാപകരും വിദ്യാർത്ഥികളും ആ സ്കൂളിൽ ഉണ്ടായിരുന്നു. എന്നാൽ സവർണ്ണർ അവർണരെ തരംതാഴ്ന്നവരായിട്ടാണ്, രണ്ടാംകിട പൗരന്മാരായിട്ടാണ് കണക്കാക്കിപ്പോന്നത്. മഹാർ ജാതിക്കാരെ എല്ലാവർക്കും വെറുപ്പാണ്. അവർ തൊടുന്നതെല്ലാം അശുദ്ധം. ഗോമൂത്രം തളിച്ചാലേ അശുദ്ധി മാറുകയുള്ളൂ. ദലിതർ തൊടുന്നതെല്ലാം അശുദ്ധമാണ്. ഇതേക്കുറിച്ച്, ജലമേ നീ എങ്ങനെയാണ് ഒരേ സമയം ബ്രാഹ്മണന്റെ കയ്യിൽ തീർഥവും കീഴാളന്റെ കൈകളിൽ അശുദ്ധവും ആകുന്നത് എന്ന സന്ദേഹം ഹിന്ദു നോവലിൽ ശരൺകുമാർ ലിംബാലേ പ്രകടിപ്പിക്കുന്നുണ്ട്.

ഗ്രാമത്തിലെ സവർണ്ണരെല്ലാം ധനികരായിരുന്നു. ജാതി മേല്ക്കോയ്മ നിറഞ്ഞ രക്തമാണ് അവർക്കുണ്ടായിരുന്നത്. പൈതൃകമായി അവർക്ക് ലഭിച്ച ആഭിജാത്യം അവർ എല്ലാ മേഖലകളിലും പുലർത്തിപ്പോന്നു. ആ ഗ്രാമത്തിന്റെ ഒരു ചെറു പതിപ്പു തന്നെയായിരുന്നു ആ വിദ്യാലയം. അവിടെ അവർണ്ണനും സവർണ്ണനും രണ്ടു നിയമമാണുണ്ടായിരുന്നത്. സവർണരായിട്ടുള്ള കുട്ടികൾക്ക് കോപ്പിയടിക്കാം. അവർ പിടിക്കപ്പെട്ടാൽ തന്നെ അവരെ സ്വതന്ത്രരാക്കാൻ അധ്യാപകർ മുമ്പോട്ടുവരും. ദലിത് കുട്ടികൾക്കുമാത്രം കേസും ശിക്ഷയും. സവർണ്ണ കുട്ടികളും അവർണ്ണ കുട്ടികളും തമ്മിൽ വഴക്കുണ്ടാകുന്നത് നിത്യ സംഭവമായിരുന്നു. ഒരിക്കൽ കുട്ടികൾക്കിടയിൽ മദ്ധ്യസ്ഥം വഹിക്കാൻ ആനന്ദ് കൗശികർ എത്തി. അദ്ദേഹം കുട്ടികളെ ശാന്തരാക്കിയ ശേഷം തെറ്റ് ചെയ്ത സവർണ്ണ വിദ്യാർഥിയോട് ദലിത് കുട്ടിയോട് ക്ഷമ ചോദിക്കാൻ ആവശ്യപ്പെട്ടു. ഞാൻ ദലിതനോട് മാപ്പു ചോദിക്കുകയില്ല എന്നതായിരുന്നു കുട്ടിയുടെ പ്രതികരണം. ഇത്തരത്തിൽ ദലിത് കുട്ടികൾ നേരിടുന്ന വിവേചനത്തിൽ മനം നൊന്തായിരുന്നു അദ്ദേഹം അവിടെ അധ്യാപക ജോലി നിർവഹിച്ചത്.

അക്കർമാശിയിലെന്നപോലെ താൻ അനുഭവിച്ചതും അറിഞ്ഞതുമായ ഉള്ളു നീറ്റുന്ന ജാതി അറിവുകളാണ് തന്റെ രചനകളെല്ലാം എന്ന് ലിംബാലേ സാക്ഷ്യപ്പെടുത്തുന്നുണ്ട്.അവർണ്ണൻ എന്ന നോവലിൽ ദലിത്

പട്ടികവർഗക്കാർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ തുടങ്ങിയവരെ ഏകോപിപ്പിച്ച് ഒരു സംസ്ഥാനം വന്നാൽ ജാതീയ സംഘർഷങ്ങൾ ഉണ്ടാവുന്നതും അങ്ങനെ ദേശത്തിന്റെ സമ്പത്ത് നശിക്കുന്നതും തടയാം എന്ന് ആനന്ദിന്റെ അച്ഛനായ സുദാമ അഭിപ്രായപ്പെടുന്നുണ്ട്. ജാതിയെ മറികടക്കാൻ ജാതി നശിപ്പിക്കാതെ കഴിയില്ല എന്ന തിരിച്ചറിവാണ് നോവൽ മുന്നോട്ടുവയ്ക്കുന്നത്. ഏതു ജീവിതസാഹചര്യ ത്തിലായാലും കീഴാളൻ എന്നും കീഴാളൻ തന്നെ. അഭ്യസ്തവിദ്യനും അക്ഷരാഭ്യാസമില്ലാത്തവനും വേണ്ടിയുള്ള ജാതിയുടെ ചലനനിയമം ഒന്നുതന്നെ. പാടത്ത് പണിയുമ്പോഴും പണ്ഡിതസദസ്സിലിരിക്കുമ്പോഴും ഒന്നേയുള്ളൂ ചോദ്യം, ജാതിയേത്? അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ജാതി നിറഞ്ഞുനിൽക്കുകയാണ്. തന്നെ വിട്ടൊഴിയാതെ പിന്തുടരുന്ന ജാതി നിഴലുകളെക്കുറിച്ചാണ് നോവലിൽ ആദ്യന്തം വിവരിക്കുന്നത്. ആനന്ദിനെ നിഴലുപോലെ പിന്തുടരുകയാണ് ജാതി. കാനിഫ് നാഥ് ഹോട്ടലിൽ ചായ കുടിക്കാൻ പോയ ആനന്ദിനോട് ഹോട്ടലുടമ പോലും കൗശികർ എന്നുവച്ചാൽ ഏതു ജാതിയാണെന്നു ചോദിക്കുന്നുണ്ട്. ദലിതരുടെ ഉപയോഗത്തിന് വേറെ കപ്പും പ്ലേറ്റുമാണവിടെ. സഹപ്രവർത്തകനായ ദൗലത്ത് കാംബലെ ദലിത് വിഭാഗത്തിൽ നിന്നും വന്ന അധ്യാപകനാണ്. അയാളെ കാണുമ്പോൾ ആനന്ദിന് അയാളോടൊപ്പം ചേരാൻ തോന്നും. അപ്പോൾ ആനന്ദിന് തന്റെ മുഖംമൂടിയോട് വെറുപ്പ് തോന്നും.

മുടി മുറിക്കുന്നിടത്തുപോലും മഹാറിന് അവഗണനയാണ്. മഹാർതല കുളിക്കാറില്ല. അവരുടെ മുടി നീണ്ടിരിക്കും. അവരുടെ മുടിയിൽ ഈരും പേനും ഉണ്ടാകും. ചൊറിയും ചിരങ്ങുമുണ്ടാകും.-മഹാലെ എന്ന ക്ഷുര കന്റെ വാക്കുകളാണിവ. അയാളും ആനന്ദിനോട് ജാതി ചോദിച്ചു. ഞാൻ മനുഷ്യനാണ്. ഞാൻ ജാതിവ്യവസ്ഥയെ അംഗീകരിക്കുന്നില്ല. മനുഷ്യരോട് മനുഷ്യത്വത്തോടുകൂടി പെരുമാറുക എന്നതാണ് നമ്മുടെ കടമ എന്ന് ആനന്ദ് മറുപടി നൽകി. എവിടേക്ക് തിരിഞ്ഞാലും ജാതിയാണ് വിഷയം. സവർണ്ണർ അവർണ്ണരോട് മൃഗങ്ങളോടെന്നപോലെയാണ് പെരുമാറുന്നത്.

ആനന്ദിന്റെ ഉള്ളിൽ ഒരു യുദ്ധം നടക്കുകയാണ്. ജാതി മറച്ചു കഴിയുന്നത് തൊട്ടുകൂടായ്മയേക്കാളും ഭയാനകമാണെന്ന് അയാൾക്ക് തോന്നി. എന്തുകൊണ്ടാണ് ആനന്ദ് ജാതി മറച്ചുവച്ചത് എന്നതിന്റെ ന്യായീകരണം നോവലിൽ വ്യക്തമാക്കിയിട്ടുണ്ട്. 'എനിക്ക് മാന്യതയോടെ ജീവിക്കണം. വാടകയ്ക്ക് വീട് കിട്ടണം. നല്ല പെരുമാറ്റം കിട്ടണം. എന്റെ ആശങ്കകളും പ്രതീക്ഷകളും ഒരു ദലിതനാണെന്നതിന്റെ പേരിൽ ചവിട്ടി മെതിയ്ക്കപ്പെടരുത്.'(പുറം.172) ആനന്ദ് കൗശികർ എന്ന കഥാപാത്രത്തിൽ നോവലിസ്റ്റിനെ നമുക്ക് കണ്ടെത്താനാവും. അക്കർമാശിയിലും ഇതുപോലൊരു വിവരണം നോവലിസ്റ്റ് നൽകുന്നുണ്ട്. 'അവരെങ്ങാനും എന്റെ ജാതി തിരിച്ചറിഞ്ഞിരുന്നെങ്കിൽ അവരെന്നെ ഞാൻ താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടുമായിരുന്നു. ഞാൻ താമസിച്ചിരുന്ന വീട് സവർണ്ണ ജാതിക്കാരനായ ജന്മിയുടേതായിരുന്നു. എന്നെ അവർ നിർദ്ദയം മർദ്ദിക്കുമായിരുന്നു. അവർ എന്റെ ഭാര്യയെ പീഡിപ്പിക്കുക പോലും ചെയ്യുമായിരുന്നു...എന്റെ മാനം പോകുമോയെന്ന് ഞാൻ ആശങ്കിച്ചു. ഞങ്ങളുടെ ജാതി രഹസ്യം സൂക്ഷിച്ചുകൊണ്ട് തന്നെ ഞങ്ങൾ കഴിച്ചുകൂട്ടി.'(അക്കർമാശി.161) താൻ അനുഭവിച്ചവയാണ് എഴുതുന്നതെന്ന് നോവലിസ്റ്റ് ആവർത്തിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. കാശിനാഥ പാഠശാലയിലെ മുൻ ഹെഡ്മാസ്റ്റർ പടവലിന്റെ ഭവനത്തിലാണ് ആനന്ദ് താമസിക്കുന്നത്. ഒരിക്കൽ ഭക്ഷണത്തിനിരിക്കുമ്പോൾ പടവൽ പറഞ്ഞു, 'എനിക്ക് താണ ജാതിയോട് വെറുപ്പാണ്, അറപ്പാണ്. അവർ നമ്മളെഅപേക്ഷിച്ച് ഹീനരാണ്. താണ ജാതിക്കാരൻ ബന്ധുവിനോട് പോലും സമാനത യോടെ സംസാരിക്കുന്നത് എനിക്കൊരിക്കലും സഹിക്കാൻ കഴിയില്ല. കുലീനത്വം എന്റെ രക്തത്തിലുണ്ട്.'

ജാതിചിന്തയുടെ തീവ്രമുഖമായിരുന്നു പടവൽ. ഇപ്പോൾ അയാളുടെ ഭാര്യയാണ് പ്രധാനാധ്യാപികയുടെയും പ്രിൻസിപ്പലിന്റെയും ചുമതല വഹിക്കുന്നത്. അവർ ആനന്ദിനെക്കൊണ്ട് പടവലിന്റെ സുന്ദരിയായ സഹോദരി സുഷമയെ വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചു. ആനന്ദും

സുഷമയും തമ്മിൽ അടുത്തു. വിവാഹത്തിനുമുൻപുതന്നെ സുഷമയുടെ ഉദരത്തിൽ ആനന്ദിന്റെ കുഞ്ഞ് രൂപം കൊണ്ടു. അറിവും പാണ്ഡിത്യവുമുള്ള ഉന്നതകുലജാതൻ എന്ന നിലയിലാണ് ഇത്തരം ആനുകൂല്യങ്ങളും അംഗീകാരങ്ങളുമെല്ലാം സവർണർ ആനന്ദ് കൗശികറിന് അനുവദിച്ചത്. പക്ഷെ ഇതുകൊണ്ടൊന്നും ആനന്ദിന് സംതൃപ്തി കിട്ടിയില്ല. തനിക്കുചുറ്റും ദലിതർക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ അയാളെ അസ്വസ്ഥനാക്കി.

ദലിതർക്കു നേരെയുള്ള അക്രമങ്ങൾ പുതിയ വാർത്തയല്ല രാഷ്ട്രീയക്കാരും ഗുണ്ടകളും ചേർന്ന് നടത്തുന്ന അവിശുദ്ധ ബന്ധമാണ് ഇതിനുപിന്നിൽ. ദലിതർ ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ല. ക്ഷേത്രനടയിൽ നിന്നു വേണം അവർ പ്രാർത്ഥിക്കാൻ. അക്കർമാശി യിലും അവർണ്ണർ ക്ഷേത്രത്തിൽ കടന്നതിനെപ്പറ്റി വിവരി ക്കുന്നുണ്ട്. ക്ഷേത്രകവാടത്തിനുപുറത്തുള്ള ഒതുക്കുകല്ലിൽനിന്ന് പ്രാർത്ഥിക്കാനേ ഞങ്ങൾക്കവകാശം ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ അമ്പലത്തിൽ കടന്നാൽ ദേവൻ അശുദ്ധമാകും. അയിത്തജാതിക്കാർ അമ്പലത്തിൽ പ്രവേശിക്കാൻ പാടില്ല.(അക്കർമാശിയിൽനിന്ന്) അവർണർ അകലം പാലിക്കേണ്ടവരാണെന്ന് ആക്രോശി ക്കുമ്പോഴും ആവശ്യങ്ങൾ നിറവേറ്റാൻ സവർണ്ണന് കീഴാളൻ കൂടിയേതീരൂ. ഗ്രാമത്തിൽ ഒരു പശു ചത്താൽ കൊണ്ടുപോകാൻ മഹാർ ജാതിക്കാർ തന്നെ വേണം. ബാണ്ടി റാവു എന്ന സവർണ്ണന്റെ വീട്ടിലെ പശു ചത്തു. അതിനെ മറവു ചെയ്യാൻ മഹാർ എത്തിയില്ല. ഗ്രാമത്തലവൻ ഇതിന്റെ പേരിൽ വലിയ പ്രശ്നം സൃഷ്ടിച്ചു. ഒടുവിൽ ആനന്ദ് തന്റെ സ്കൂളിലെ ദലിത് കുട്ടികളുമായി വന്ന് പശുവിന്റെ ജഡം കൊണ്ടു പോയി മറവു ചെയ്തു.അദ്ദേഹം കുട്ടി കൾക്കൊപ്പം പശുവിനെ കൊണ്ടുപോയ വാർത്ത ഗ്രാമത്തിലാകെ പര ന്നു. ഇത് നൂതനമായ ഒരു കാൽവെയ്പ്പാണെന്ന് പലരും അഭിപ്രായപ്പെ ട്ടു.ആനന്ദിന്റെ മഹാമനസ്കതയെ നാട്ടുകാർ പുകഴ്ത്തി. അക്കർമാശിയിൽ ഇതേക്കുറിച്ച് നാതിദീർഘമായ ഒരു വിവരണം തന്നെയുണ്ട്. തനിക്കുചുറ്റും തന്റെ സഹോദരങ്ങൾ അനുഭവിക്കേണ്ടിവരുന്ന ചൂഷണങ്ങളും

മർദ്ദനങ്ങളും നേരിൽ കാണുകയും അനുഭവിക്കുകയും ചെയ്യേണ്ടിവന്ന തിനാലാണ് ആനന്ദ് സാമൂഹികപ്രശ്നങ്ങളിൽ ഇടപെടാൻ തുടങ്ങിയത്. സവർണ്ണനെന്ന നിലയിൽ നിന്നുകൊണ്ട് അയാൾ ദലിതർക്കു വേണ്ടി നിലകൊണ്ടു. ദലിതർക്കുവേണ്ടി ഒരു കിണർ കുഴിക്കാൻ മുന്നിട്ടിറങ്ങിയ ആനന്ദ് കൗശികർ ഗ്രാമത്തിൽ വലിയ ചർച്ചാവിഷയമായി. അയാൾ ദലി തരുടെ ആത്മമിത്രമായി മാറി. സവർണ്ണരുടെയിടയിലും അവർണ്ണരുടെ യിടയിലും അംഗീകാരങ്ങൾ ലഭിക്കുമ്പോഴും താൻ എന്തിനിങ്ങനെ പൊയ്മുഖം അണിയുന്നുവെന്ന ചിന്ത അയാളെ മഥിച്ചുകൊണ്ടിരുന്നു. അത് ഇനിയും മറച്ചുപിടിക്കാൻ തനിക്കാവില്ലെന്ന തിരിച്ചറിവ് അയാളി ലുണ്ടായി. ആനന്ദ് തന്റെ യഥാർത്ഥ ജാതി വെളിപ്പെടുത്തുവാൻ തീരുമാനിച്ചു. അവസാനം സ്കൂൾ ലൈബ്രറിയിൽ അംബേദ്ക്കറുടെ ഫോട്ടോ വയ്ക്കാനുള്ള കുട്ടികളുടെ ശ്രമത്തിനിടയിൽ ആനന്ദിന് താൻ മഹാറാ ണെന്ന് വെളിപ്പെടുത്തേണ്ടി വന്നു. 'നിങ്ങൾ എന്തുകൊണ്ടാണ് അംബേദ്ക്കറുടെ ഫോട്ടോയെ എതിർക്കാത്തത്' – മാഡം പട്വൽ ചോദി ച്ചു. എനിക്ക് എതിർക്കേണ്ട കാര്യമില്ല എന്നതായിരുന്നു ആനന്ദിന്റെ മറു പടി. 'കൗശീകർ സാർ, നിങ്ങൾ മഹാറുകളുടെ പക്ഷം ചേരരുത്'. ആനന്ദ് പറഞ്ഞു. 'മാഡം ഞാൻ മഹാറാണ്. ബാബാ സാഹബ് ഇല്ലായിരുന്നെ ങ്കിൽ ഞങ്ങളുടെ മോചനം ഉണ്ടാകുമായിരുന്നില്ല.' അയാൾ ക്ലാസുകൾ തോറും കയറിയിറങ്ങി. ഓരോ ക്ലാസിലും ചെന്നു പറഞ്ഞു. സുഹൃത്തുക്കളെ ഞാൻ മഹാറാണ്. എന്നോട് ക്ഷമിക്കൂ, ഞാൻ ജാതി മറച്ചുവെച്ചു.

നോവലിന്റെ അന്ത്യത്തിൽ ആനന്ദ് ക്ലാസ് മുറികളിൽ കയറിയിറങ്ങി വിലപിക്കുന്നത് കേൾക്കാം. 'സുഹൃത്തുക്കളെ, സർട്ടിഫിക്കറ്റിലെ എന്റെ 'മനുഷ്യ'നെന്ന ജാതി കള്ളമാണ്. എന്റെ യഥാർത്ഥ ജാതി മഹാർ ആണ്. അത് ഞാൻ എല്ലാവരിൽനിന്നും ഒളിപ്പിച്ചുവെച്ചു... ഇത് ഞാൻ ചെയ്ത ഭയങ്കര അപരാധമാണ്.' (206-207) ഗ്രാമമൊന്നാകെ ഇളകി മറിഞ്ഞു. മഹാർജാതിക്കാരനെ ശിക്ഷിച്ചേ പറ്റൂ. 'പിടിക്കൂ... അടിക്കൂ...

കൊല്ലൂ...ജനക്കൂട്ടം അട്ടഹസിച്ചുകൊണ്ട് ആനന്ദ് താമസിക്കുന്ന ക്വാർട്ടേഴ്സിലേക്ക് പാഞ്ഞടുത്തു. ആനന്ദ് അവർക്കു നേരെ കൈകൂപ്പി തൊഴുതു. ആൾക്കൂട്ടം ആനന്ദിനെ ശ്മശാനത്തിലേക്ക് തള്ളിക്കൊണ്ട് നീങ്ങി. മുടി പിഴുതെടുത്തു. ചവിട്ടുകയും തുപ്പുകയും ചെരിപ്പുകൊണ്ടടിക്കുകയും ചെയ്തു. ആൾക്കൂട്ടം ആൽമരച്ചുവട്ടിലെത്തി. ആനന്ദ് ജനക്കൂട്ടത്തിന്റെ കോപം കണ്ടു. ആവശ്യപ്പെട്ടപ്പോൾ ആനന്ദ് തന്റെ സർവസ്വവും പണയംവെച്ചുകൊണ്ട് പറയാൻ തുടങ്ങി. 'ഞാനും നിങ്ങളെപ്പോലെതന്നെ മനുഷ്യനാണ്.നിങ്ങളുടേതുപോലെ എന്റെ രക്തവുംചുവപ്പാണ്. നിങ്ങളുടേതുപോലെ തന്നെ ഒരു മനസ്സ് എനിക്കുണ്ട്. നിങ്ങളെപ്പോലെതന്നെ ഞാനും ഈ നാട്ടിലെ ഒരു നാഗരികനാണ്.' എങ്കിലും അവർ ആനന്ദിന്റെ വാക്കുകൾ കേട്ടില്ല. അവർ അയാളുടെ കഴുത്തിൽ കുരുക്കിട്ടു. കയർ ഒരു വൻ മരത്തിൽ കെട്ടി. ആനന്ദിന്റെ ശരീരം മുകളിലേക്കുയർന്നു. കഴുത്തിൽ കുരുക്കു മുറുകി. ശവം മരക്കൊമ്പിൽ തൂങ്ങിക്കിടന്നു. അവർ അയാൾക്ക് വധശിക്ഷ നൽകി. അവർ അവിടെ നിന്നും അപ്രത്യക്ഷരായി. "മനുഷ്യൻ ഒരു ജാതിയാകുന്നു. മനുഷ്യജാതിക്ക് തൂക്കുകയർ. അവർണ്ണൻ. ഒരു മതം തൂക്കുകയറിൽ. ആൾക്കൂട്ടത്തിന്റെ തൂക്കുകയർ."

അകലങ്ങളിലെങ്ങോ നടന്ന ഒരു അവർണ്ണ സങ്കല്പകഥയല്ല അവർണ്ണൻ എന്ന നോവൽ. ജാതിചിന്ത രൂഢമൂലമായി ഇന്നും നിലനിൽക്കുന്ന ഇന്ത്യൻ ഗ്രാമങ്ങളുടെ യഥാതഥമായ ചിത്രമാണത്. അഭിപ്രായങ്ങളും അവകാശവാദങ്ങളും പലതുമുണ്ടെങ്കിലും കേരളത്തിൽ പോലും ഒളിഞ്ഞും തെളിഞ്ഞും ജാതി അതിന്റെ ക്രൂരമുഖങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എഴുത്തിലെ ദലിത് അനുഭവങ്ങൾക്ക് ജാതിയുടെ അതിരുകൾ ഭേദിക്കാനാവില്ല. ഞാൻ എഴുതുന്നത് സാഹിത്യമല്ല എന്റെ സമുദായത്തിന്റെ അനുഭവമാണ് എന്ന് ലിംബാലേയുടെ ഓരോ കൃതിയും വെളിപ്പെടുത്തുന്നുണ്ട്. ഈ ദുരിതാനുഭവങ്ങൾ

വായനക്കാരനെക്കൂടി അനുഭവിപ്പിക്കുന്ന പരിഭാഷ കൂടിയാകുമ്പോൾ നോവൽ വായന കൂടുതൽ തീവ്രതയുള്ളതായി മാറുന്നു. ദലിതരുടെ അപമാനിതസ്വത്വത്തെ മറനീക്കി പുറത്തുകാണിക്കാൻ സഹായിക്കുന്നത് അടിയുറച്ച സംഘബോധമാണ്. ആത്മാനുകമ്പയില്ലാത്ത, അനുഭവങ്ങളെ നിഗൂഢവത്ക്കരിക്കാത്ത, അനാർഭാടമായ ഭാഷ പ്രയോഗിക്കുന്ന ദലിത് ആഖ്യായികകളെല്ലാം ദലിത് പ്രതിനിധാനങ്ങളാണ്. ജാതിസ്വത്വങ്ങൾ മറക്കുകയും മറയ്ക്കുകയും ചെയ്യുന്ന ഹിംസയുടെയും അക്രമത്തിന്റെയും ഭൂതവർത്തമാനങ്ങളിലേയ്ക്കുള്ള പ്രതിരോധമായി മാറുകയാണ് ഇടർച്ചകളും പതർച്ചകളുമില്ലാത്ത ദലിത് മൊഴികൾ. അവയൊക്കെയും സർക്ഷാത്മക കലാപങ്ങളായി പുതിയ കർതൃത്വങ്ങളെ സൃഷ്ടിക്കുകയോ പരിവർത്തിപ്പിക്കുകയോ ചെയ്യുന്നു.

**കുറിപ്പുകൾ**

ഡോ.ശരൺകുമാർ ലിംബാലേ -നാസിക് ആസ്ഥാനമായുള്ള യശ്വന്തറാവു ചവാൻ മഹാരാഷ്ട്ര ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജിയണൽ ഡയറക്ടർ. നാല്പതിലധികം കൃതികളുടെ കർത്താവാണ്.(അക്കർമാശി, ഹിന്ദു, ബഹുജൻ, അപരിഷ്കൃതർ, അവർണ്ണൻ, ദലിത് സാഹിത്യ സൗന്ദര്യശാസ്ത്രം തുടങ്ങിയവയാണ് പ്രശസ്ത രചനകൾ).

ഡോ. പി.കെ ചന്ദ്രൻ - കാലിക്കറ്റ് സർവ്വകലാശാലയിൽ സെക്ഷൻ ഓഫീസർ ആയി രുന്നു. ദ്രൗപതി, സീത, യയാതി, സത്യവതി തുടങ്ങിയ പുരാണകഥാപാത്രങ്ങളുടെ കഥകൾ പുനരാഖ്യാനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. *ഝൂംഡ്* എന്ന പേരിൽ മറാഠി ഭാഷയിൽ എഴുതപ്പെട്ട നോവൽ അതേ പേരിൽ തന്നെ ഹിന്ദിയിലേയ്ക്ക് തർജ്ജുമ ചെയ്യപ്പെട്ടു. ഈ ഹിന്ദി നോവലിന്റെ മലയാള വിവർത്തനമാണ് ഡോ. പി.കെ ചന്ദ്രൻ എഴുതിയ *അവർണ്ണൻ* എന്ന നോവൽ.

**സഹായകഗ്രന്ഥങ്ങൾ**

1. രാമകൃഷ്ണൻ ഈ.വി 2012 അനുഭവങ്ങളെ ആർക്കാണ് പേടി, ഡി.സി.ബുക്സ്

2. സജിത കെ.ആർ 2012 ദളിതമക്ഷരസംയുക്തം, പരിധി പബ്ളിക്കേഷൻസ്

3. പുരുഷോത്തമൻ കെ.സി 2008 ദലിത്സാഹിത്യപ്രസ്ഥാനം, കേരളസാഹിത്യഅക്കാദമി

4. ശരൺകുമാർ ലിംബാലേ (വിവ.) കാളിയത്ത് ദാമോദരൻ 2016 അക്കർമാശി, മാതൃഭൂമി ബുക്സ്

5. ശരൺകുമാർ ലിംബാലേ (വിവ.)ചന്ദ്രൻ പി.കെ 2017 അവർണ്ണൻ, ഡി.സി ബുക്സ്

## Work cited

<httpps://www.manoramaonline.com/Literature/2018

ജേക്കബ് ഐപ്പ്, ഞാൻ മഹാർ

<http://uneditedwrittings.blogspot.com/2017

ആർ.കെ ബിജുരാജ്, ജാതി സമൂഹത്തിൽ മറച്ചുവയ്ക്കാനാവാത്ത ജാതി

<https://www.doolnews.com/2012

എം.എൽ ജോണി, ദലിത് സാഹിത്യം മലയാളത്തിൽ

# പൊളിച്ചെഴുത്തിന്റെ വായന: കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ

**സോന ജാസ്മിൻ എൻ**
എം.ഫിൽ ഗവേഷക, മലയാളവിഭാഗം
കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ്

ഫേസ്ബുക്കിലൂടെ എഴുതപ്പെട്ട ഈ അടുത്ത കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുകയും വായിക്കപ്പെടുകയും ചെയ്ത നോവലാണ് ആർ.രാജശ്രീയുടെ 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കത . ഓരോ വായനയിലും ഓരോ അനുഭവങ്ങൾ സഹൃദയനു മുന്നിൽ തുറന്നു വെയ്ക്കാനും വായനക്കാർക്ക് പുതിയൊരു വായനാനുഭവം നൽകാനും ഈ നോവലിനു കഴിഞ്ഞിട്ടുണ്ട്. നോവലിൽ സമാന്തരമായി കല്യാണിയുടെയും ദാക്ഷായണിയുടെയും മറ്റനേകം സ്ത്രീകളുടെയും ചരിത്രം പറയുന്നു. അമ്പതോ അറുപതോ വർഷങ്ങൾക്ക് മുൻപുള്ള നാട്ടിൻ പുറവും അവിടുത്തെ ഒരു പിടി മനുഷ്യരുടെ ജീവിതവും പെണ്ണിന്റെയും ദേശത്തിന്റെയും ചരിത്രവും രാഷ്ട്രീയവുമെല്ലാം വിശദീകരിക്കുകയാണ് ഈ നോവൽ.

ദേശത്തിന്റെയും സമൂഹത്തിന്റെയുമെല്ലാം ഭാഷയിൽ തല തെറിച്ചവരായി നടക്കുന്ന രണ്ട് പെൺകുട്ടികളാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളായ കല്യാണിയും ദാക്ഷായണിയും. ജോലിക്കു പോവുകയും സ്വന്തമായി തന്റെ കാര്യങ്ങൾ നോക്കാൻ തന്റേടവുമുള്ള ഇവർ ആ ദേശത്തെ ഉശിരുള്ള പെണ്ണുങ്ങളുടെ പ്രതീകമാണ്. എന്നാൽ അവരുടെ സ്വതന്ത്ര ജീവിതത്തിലേക്ക് ആകസ്മികമായി കടന്നു വരുന്ന കല്യാണവും, മറ്റൊരു ദേശവും, പുരുഷന്മാരും മറ്റും ഉണ്ടാക്കുന്ന മാറ്റങ്ങളും അത്

മറികടക്കാനും അവരുടെ പ്രതിസന്ധികളോട് പൊരുതി ജയിക്കാനുമുള്ള പരിശ്രമങ്ങൾ കൂടിയാണി നോവൽ.

ഓരോ വ്യക്തിയും ഓരോ സ്വാതന്ത്ര ദേശങ്ങൾ ആണെന്നൊരു കാഴ്ചപ്പാട് നോവൽ മുന്നോട്ട് വെയ്ക്കുന്നുണ്ട് പെണ്ണുങ്ങൾക്ക് സ്വന്തമായി ദേശമില്ലെന്നൊരു പൊതുബോധത്തെ കടന്നാക്രമിക്കാൻ ഈ നോവൽ ശ്രമിക്കുന്നുണ്ട്. സ്വന്തമായി ദേശമില്ലാത്ത പെണ്ണുങ്ങൾ ആണ് ഈ നോവലിൽ ദേശത്തെ ഒറ്റച്ച് സംസാരിക്കുന്നത്. വിവാഹത്തിനു മുൻപും പിൻപും എന്നിങ്ങനെ സ്ത്രീ ജീവിതം മാറ്റപ്പെടുന്നത് പോലെ അവളുടെ ദേശവും വിവാഹത്തിനു മുൻപും പിൻപും എന്ന രീതിയിൽ . രണ്ടാകുന്നു. നിന്റെ നാട് ഏതാണ്? പെണ്ണിന് സ്വന്തമായി നാടുണ്ടോ? തുടങ്ങിയ ചോദ്യങ്ങളെ അഭിമുഖീകരിച്ച് കൊണ്ടാണ് ഓരോ സ്ത്രീയും വിവാഹ ശേഷം തനിക്ക് തീർത്തും അപരിചിതമായ ഒരിടത്തേക്ക് പറിച്ചു മാറ്റപ്പെടുന്നത്. ഇത്തരത്തിലുള്ള പറിച്ചു മാറ്റലുകളെ കുറിച്ച് ഈ നോവൽ സംവദിക്കുന്നു. കല്യാണിയും ദാക്ഷായണിയും വിവാഹം കഴിഞ്ഞ് ഇതുപോലെ പറിച്ച് മാറ്റിയ രണ്ട് സ്ത്രീകളാണ്. ഇത്തരത്തിൽ പറിച്ച് മാറ്റപ്പെടുമ്പോൾ തികച്ചും വ്യത്യസ്തമായ മേൽ വിലാസത്തിലേക്കും വ്യക്തിത്വത്തിലേക്കും മാറാൻ സ്ത്രീ നിർബന്ധിതയുമാണ്. കല്യാണം കഴിഞ്ഞ് തന്റെ ദേശത്ത് നിന്ന് മറ്റൊരു ദേശത്തേക്ക് പോകുന്നവൾ രണ്ടാം പൗരയായി അന്യവത്കരിക്കപ്പെട്ടു പോകുന്നുണ്ട്. ഇത്തരം അന്യവത്കരണങ്ങളിലൂടെ കടന്ന് പോകുന്ന രണ്ട് കഥാപാത്രങ്ങൾ ആണ് കല്യാണിയും ദാക്ഷായണിയും.

ഭാഷയും ദേശവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വടക്കൻ മലബാറും തിരുവിതാംകൂറും നോവലിൽ രണ്ട് തരത്തിലുള്ള സംസ ്കാര ബോധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആ രണ്ടു സംസ്കാരങ്ങളെയും രണ്ടു തരത്തിലുള്ള മനുഷ്യ ജീവിതത്തെയും ജീവിത വീക്ഷണങ്ങളെയും വായനക്കാരുമായി പങ്കുവെയ്ക്കുന്നുണ്ട് ആഖ്യാതാവ്. മെരുങ്ങാത്ത ദാക്ഷായണി എന്ന പെണ്ണിനെ മെരുക്കാൻ കൊണ്ടു പോകുന്ന സ്ഥലമാണ്

ഭർത്താവായ ആണിക്കാരന്റെ തെക്കെന്ന ദേശം. 'തെക്ക്' എന്നത് നോവലിൽ ഒരാൺ പ്രദേശമാണ്. നോവലിലെ പ്രധാന കഥാപാത്രങ്ങളായ കല്യാണിയേയും ദാക്ഷായണിയെയും യഥാക്രമം ആണിക്കാരനും കോപ്പുകാരനും കെട്ടി കൊണ്ടു പോകുന്നത് അവരുടെ അധീനതയിലുള്ള തെക്കെന്ന ദേശത്തേക്കാണ്. നോവലിൽ ആണിക്കാരൻ ദാക്ഷായണിയുടെ ദേശത്തെ ചോദ്യം ചെയ്യുന്നൊരു രംഗമുണ്ട്. പെണ്ണിന്റെ ദേശം എന്നത് ഭർത്താവിന്റെ കുടുംബം ആണെന്നും, അവളുടെ ദേശത്തിന്റെ അതിർത്തി അവളുടെ വീടിന്റെ അതിർത്തി ആണെന്നും പറയുന്നിടത്ത് ഒരു പുരുഷ കേന്ദ്രീകൃത സമൂഹം സ്ത്രീയുടെ ദേശത്തെ എങ്ങനെയെല്ലാം ഇല്ലായ്മ ചെയ്യുന്നു എന്നും അതിനെ മറകടക്കാൻ ശ്രമിക്കുന്ന ഓരോ സ്ത്രീയുടെയും സ്വത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്നു. ഇത്തരമൊരു ചിന്ത പുരുഷ കേന്ദ്രീകൃത സമൂഹത്തിന്റെ സദാചാര ബോധത്തിൽ നിന്നും ഉടലെടുത്തവയാണ്. ആണിക്കാരന്റെ കാഴ്ചപ്പാട് പോലെ പെണ്ണിന്റെ ദേശം/ നാട് ഒരു വീട്ടിനുള്ളിൽ ഒരുങ്ങി പോവേണ്ടതാണോ? പുരുഷൻ അത്രയും കാലീ ജീവിച്ച സ്ഥലം അവന്റെ ദേശമാണ്. അതിന്റെ അഭിമാനത്തിൽ ആകണം അവൻ പേരിനൊപ്പം പോലും സ്ഥലനാമം ചേർക്കുന്നത്. ഇത്തരത്തിൽ ഒരു പൊളിച്ചെഴുത്തിന്റെ വായന ഈ നോവലിൽ സാധ്യമാണ്.

കുടുംബം- ദാമ്പത്യം- ലൈംഗികത എന്നീ കാര്യങ്ങളെ നോവൽ വ്യത്യസ്ത രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. കെട്ടി മുറുക്കിയ കുടുംബ ബന്ധങ്ങൾക്കിടയിൽ തകർന്നു പോകുന്ന സ്ത്രീ ജീവിതങ്ങളിൽ നിന്നും ഭിന്നമാണ് ഇതിലെ സ്ത്രീകളുടെ ജീവിതം. ഇന്ത്യൻ ജനതയ്ക്ക് പ്രത്യേകിച്ച് മലയാളികൾക്ക് തൊട്ടാൽ പൊള്ളുന്ന വിഷയമാണ് ലൈംഗികത . ഈ നോവലിന്റെ ആഖ്യാതാവ് ഒരു സ്ത്രീ തന്നെയാണ്. എന്നാൽ ലൈംഗികത, രാഷ്ട്രീയം, കുടുംബം, സമൂഹം ഇത്തരത്തിൽ പ്രശ്നാത്മകമായ അന്തരീക്ഷങ്ങളെ അതിന്റെ സ്വഭാവികത നഷ്ടപ്പെട്ടു പോകാതെ അവതരിപ്പിക്കാൻ ആഖ്യാതാവിനു കഴിഞ്ഞിട്ടുണ്ട്. കിടപ്പറയിൽ പരാജിതൻ ആകുന്ന ഭർത്താവിന്റെ അടുത്ത് 'കയ്യിലെങ്കിൽ പിന്നെ എന്തിനാ

ഇതിനെല്ലാം കീയ്യ്ന്നേന്ന് (രാജശ്രീ .ആർ 2019; 68) ചോദിക്കുന്ന കല്യാണി.' കൊണ്ട് ചാടിയാട്ടെ നനഞ്ഞ ബെളക്ക് തിരി പോലത്തെ സാധനം, കുരിപ്പ്'(2019;70) എന്നൊക്കെ തന്റെ ഭർത്താവിനോട് തന്നെ വെട്ടി തുറന്നു പറഞ്ഞു തന്റെ തന്നെ ആത്മസംഘർഷങ്ങളെ നേരിടാൻ കരുത്തുള്ള പെണ്ണുങ്ങളെയാണ് നോവലിസ്റ്റ് തന്റെ നോവലിലേക്ക് സന്നിവേശിപ്പിച്ചിരിക്കുന്നത്. പുരുഷന്റെ സെക്ഷ്വൽ ഫാന്റസികളെ പൊളിച്ചെഴുതാനുള്ള ആർജ്ജവവും അതിനോടൊപ്പം സ്ത്രീകൾ തുറന്നു പറയുന്നില്ല എന്നതിനാൽ അവർക്ക് ഇത്തരത്തിൽ സെക്ഷ്വൽ ഫാന്റസികൾ ഇല്ല എന്നല്ല അർത്ഥമെന്നും ആഖ്യാതാവ് പറഞ്ഞ് വെക്കുന്നു. തന്റെ നോവലിലെ അതിന്റെ ഉദാഹരണങ്ങൾ കൂടിയാണ് കല്യാണിയും ദാക്ഷായണിയും. പുരുഷൻ ഇത്തരത്തിലുള്ള വിഷയങ്ങളെ കൈകാര്യം ചെയ്യുമ്പോൾ, എഴുതുമ്പോൾ അത്തരം എഴുത്തുകൾ മഹത്വവത്കരിക്കപ്പെടുകയും എന്നാൽ സ്ത്രീകൾ എഴുതുമ്പോൾ അവ തുറന്നെഴുത്തായി മാറുന്നൊരു സാഹചര്യം നിലവിലുണ്ട്. എന്നാൽ സ്ത്രീ ഇത്തരം വികാരങ്ങളെ കൈകാര്യം ചെയ്യുമ്പോൾ അവ എഴുതുമ്പോൾ അത് തുറന്നെഴുത്തായി മാറേണ്ടതില്ലെന്നും മനുഷ്യന്റെ മറ്റെല്ലാ വികാരങ്ങളും പോലെ ലൈംഗികതയും സ്വഭാവികമായ ഒന്നാണെന്ന് ആഖ്യാതാവ് പറഞ്ഞ് വെക്കുന്നു.

വ്യത്യസ്ത തരം സ്നേഹങ്ങളെ കുറിച്ച് നോവൽ വായനക്കാരുമായി സംവദിക്കുന്നുണ്ട്. കല്യാണി കോപ്പുകാരനെയും ലക്ഷ്മണനെയും സ്നേഹിക്കുന്നത് രണ്ടു തരത്തിലാണ്. ചില സ്നേഹങ്ങൾ അത്തരത്തിൽ സാധ്യവുമാണ്. എന്നാൽ പുരുഷൻ ഒന്നിലധികം സ്ത്രീകളെ സ്നേഹിക്കുകയും, കാമിക്കുകയും അവ സാഹിത്യത്തിലായാലും സമൂഹത്തിലായാലും അവ ആഘോഷിക്കപ്പെടുന്നു അല്ലെങ്കിൽ സാധാരണ വിഷയത്തിന്റെ ലാഘവത്തിൽ അതിനെ പരിഗണിച്ച് പോരുന്നു. എന്നാൽ ഒരു സ്ത്രീ രണ്ടു പേരെ സ്നേഹിച്ചാൽ സമൂഹത്തിൽ അവളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാവുകയും ചെയ്യും അത്. അവൾ വേശ്യ

എന്ന പേരിൽ മുദ്ര കുത്തപ്പെടുകയും ചെയ്യും. എഴുത്തുകൾ രാഷ്ട്രീയ പരമോ സാഹിത്യ പരമോ അങ്ങിനെ ഏതു വിധമായാലും പുരുഷ ലൈംഗികത, പുരുഷ രതിബോധം എന്നിവ തന്നെയാണ് എഴുത്തിന്റെ, സാഹിത്യത്തിന്റെ പ്രധാന രീതി ശാസ്ത്രമായി നിലകൊണ്ടിരിക്കുന്നത്. എന്നാൽ അത്തരത്തിലൊന്നിനെ പൊളിച്ചെഴുതുകയാണ് തന്റെ നോവലിലൂടെ രാജശ്രീ. മറിച്ച് എഴുത്തിന്റെ രീതിശാസ്ത്രമായി സ്ത്രീ ലൈംഗികതയെ പരിഗണിക്കുന്നു. നോവലിലെ പ്രധാനപ്പെട്ട മിക്ക സ്ത്രീ കഥാപാത്രങ്ങളും തങ്ങളുടെ ശരീരത്തിന്റെയും ലൈംഗികതയുടെയും സ്വാതന്ത്ര്യത്തിന്റേതുമൊക്കെയായ സ്വന്തം ഇടങ്ങൾ നോവലിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ തിരിച്ച് പിടിക്കുന്നുണ്ട്. രാജശ്രീയുടെ പെണ്ണുങ്ങൾ സമൂഹത്തിന്റെ അബദ്ധ ധാരണകളിൽ നിന്നും കുടുംബമെന്ന പൊതുബോധത്തിൽ നിന്നുമൊക്കെ പുറത്തു വരാൻ വെമ്പുന്നവരാണ്. അതുപോലെ തന്നെ കുടുംബത്തിലും സമൂഹത്തിലും അധികാരം പിടിച്ചടക്കാൻ ശ്രമിക്കുന്ന പുരുഷന്റെ ആ ബോധങ്ങളെ തന്നെ രാജശ്രീ പാടെ നിരാകരിക്കുന്നു.

**ഉപദർശനങ്ങൾ**

മലയാള നോവൽ ചരിത്രത്തിലെ വലിയൊരു വഴിത്തിരിവിനെ അടയാളപ്പെടുത്തുന്ന ഒരു നോവലാണ് ആർ.രാജശ്രീയുടെ കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത. പ്രമേയപരമായ പുതുമ, ആഖ്യാന ശൈലിയിലെ മാറ്റം എന്നിവ നോവലിനെ വ്യത്യസ്തമാക്കുന്നു.

മലയാളത്തിൽ അതുവരെ ഉണ്ടായിരുന്ന സ്ത്രീ ആഖ്യാനങ്ങളായിട്ടുള്ള നോവലിൽ നിന്നും ആഖ്യാനപരവും ആശയപരവുമായ മാറ്റം സാധ്യമാക്കാൻ രാജശ്രീക്ക് കഴിയുന്നുണ്ട്.

ഫേസ് ബുക്ക് പോലെയുള്ള നവമാധ്യമങ്ങളിൽ സ്ത്രീ എഴുത്തിടങ്ങൾ നിർമ്മിച്ചെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ച നോവലാണിത്. എഴുത്തിലേയും ഭാഷയിലെയും ആഖ്യാനത്തിലെയും

സവർണ പുരുഷ യുക്തിയുടെ ബദലുകൾ നിർമിക്കുന്ന രാഷ്ട്രീയം നോവൽ പങ്കു വെക്കുന്നുണ്ട്.

അൻപതോ അറുപതോ വർഷങ്ങൾക്കു മുൻപുള്ള ഒരു ദേശചിത്രവും ജനജീവിതവും അവരുടെ രാഷ്ട്രീയവുമാണ് നോവൽ ചർച്ച ചെയ്യുന്നതെങ്കിലും ആഖ്യാനത്തിൽ ഇത് സമകാലിക മനുഷ്യ ബന്ധങ്ങളുടെ നിർവചനമായി രൂപപ്പെടുന്നത് കാണാം.

അന്നത്തെ മനുഷ്യരുടെ ജീവിത കാഴ്ച്ചപ്പാടുകളിൽ നിന്നും സ്ത്രീ പദവിയെ സംബന്ധിച്ച ബോധ്യങ്ങളിൽ നിന്നും ഇന്നത്തെ സമൂഹം വളരെയൊന്നും മാറ്റിയിട്ടില്ല എന്നതിനാൽ സ്ത്രീ പുരുഷ പദവികളെയും ബന്ധങ്ങളെയും പുനർവിചിന്തനത്തിനു വിധേയമാക്കുന്ന ഇത്തരം എഴുത്തുകൾക്ക് പ്രസക്തിയേറെയുണ്ട്.

**ഗ്രന്ഥസൂചി**

1.ആർ. രാജശ്രീ, കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കത, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019

2.സി.കെ ദീപ, പെൺമയുടെ ദേശ ചരിത്രം, സാഹിത്യ ലോകം മാസിക, ജൂലൈ,2019

3.രവിശങ്കർ.എസ്.നായർ, അബോധത്തിന്റെ കിണറുകളും കതയിലെ സ്ത്രീകളും, കലാപൂർണ മാസിക, ഡിസംബർ